## പതിനഞ്ചാം കേരള നിയമസഭ

# സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2023-2026)

## ഇരുപത്തിരണ്ടാമത് റിപ്പോർട്ട്

(2026 ഫെബ്രുവരി മാസം 3 -ാം തീയതി സഭയിൽ സമർപ്പിച്ചത്)

[സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2014-16)യുടെ പതിമൂന്നാമത് റിപ്പോർട്ടിന്മേലുള്ള (2014 ജൂൺ 1 മുതൽ 2015 മേയ് 31 വരെ സമിതിയുടെ പരിഗണനയിൽ വന്ന പരാതികൾ സംബന്ധിച്ച റിപ്പോർട്ട്) ആക്ഷൻ ടേക്കൺ റിപ്പോർട്ട്]

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2026

# പതിനഞ്ചാം കേരള നിയമസഭ

## സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2023-2026)

## ഇരുപത്തിരണ്ടാമത് റിപ്പോർട്ട്

(2026 ഫെബ്രുവരി മാസം 3-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2014-16)യുടെ പതിമൂന്നാമത് റിപ്പോർട്ടിന്മേലുള്ള (2014 ജൂൺ 1 മുതൽ 2015 മേയ് 31 വരെ സമിതിയുടെ പരിഗണനയിൽ വന്ന പരാതികൾ സംബന്ധിച്ച റിപ്പോർട്ട്) ആക്ഷൻ ടേക്കൺ റിപ്പോർട്ട്]

# ഉള്ളടക്കം

| | | |
|---|---|---|
| | | *പേജ്* |
| സമിതിയുടെ ഘടന | .. | v |
| ആമുഖം | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | |

## സമിതിയുടെ ഘടന

ചെയർപേഴ്സൺ :

ശ്രീമതി യു. പ്രതിഭ

അംഗങ്ങൾ :

ശ്രീമതി ഒ.എസ്. അംബിക

ശ്രീമതി സി.കെ. ആശ

ശ്രീമതി ദെലീമ

ശ്രീമതി കാനത്തിൽ ജമീല*

ഡോ. എം.കെ. മുനീർ

ശ്രീമതി ശാന്തകുമാരി കെ.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ

ശ്രീമതി ഉമ തോമസ്

നിയമസഭാ സെക്രട്ടേറിയറ്റ് :

ഡോ. എൻ. കൃഷ്ണ കുമാർ, സെക്രട്ടറി

ശ്രീ. ത്രിദീപ് കെ.ജി., അഡീഷണൽ സെക്രട്ടറി

ശ്രീമതി പ്രീത കെ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ഷിഹാബുദീൻ എം., അണ്ടർ സെക്രട്ടറി

ശ്രീമതി ബിന്ദു എസ്., അണ്ടർ സെക്രട്ടറി.

* 2025 നവംബർ മാസം 29-ാം തീയതി അന്തരിച്ചു.

# ആമുഖം

സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ ചെയർപേഴ്സണായ ഞാൻ, സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ ഇരുപത്തിരണ്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

കേരള നിയമസഭയുടെ സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2014-16)യുടെ പതിമൂന്നാമത് റിപ്പോർട്ട് (2014 ജൂൺ 1 മുതൽ 2015 മേയ് 31 വരെ സമിതിയുടെ പരിഗണനയിൽ വന്ന പരാതികൾ സംബന്ധിച്ച ജനറൽ റിപ്പോർട്ട്) 2015 ഡിസംബർ 16-ാം തീയതി സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളും അവയിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളും സമിതി നൽകിയ തുടർശിപാർശകളും ഉൾക്കൊള്ളിച്ച് തയ്യാറാക്കിയിട്ടുള്ളതാണ് ഈ റിപ്പോർട്ട്.

2026 ജനുവരി 29-ാം തീയതി ചേർന്ന സമിതിയോഗത്തിൽ ഈ റിപ്പോർട്ട് അംഗീകരിച്ചു.

യു. പ്രതിഭ,<br>
*ചെയർപേഴ്സൺ,*<br>
*സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,<br>
2026 ഫെബ്രുവരി 3.

## <u>റിപ്പോർട്ട്</u>

പതിമൂന്നാം കേരള നിയമസഭയുടെ കാലയളവിലെ സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2014-16)യുടെ പതിമൂന്നാമത് റിപ്പോർട്ട് (2014 ജൂൺ 1 മുതൽ 2015 ഡിസംബർ 31 വരെ സമിതിയുടെ പരിഗണനയിൽവന്ന പരാതികൾ സംബന്ധിച്ച ജനറൽ റിപ്പോർട്ട്) 2015 ഡിസംബർ 16-ാം തീയതി സഭയിൽ സമർപ്പിച്ചു.

2014 ജൂൺ 1 മുതൽ 2015 മേയ് 31 വരെയുള്ള കാലയളവിൽ സമിതി പരിഗണിച്ച പരാതി വിഷയങ്ങളുടെയും അവ സംബന്ധിച്ച് സർക്കാരിൽ നിന്ന് ലഭിച്ച റിപ്പോർട്ടുകളുടെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയ പ്രസ്തുത റിപ്പോർട്ടിൽ 15 മുതൽ 18 വരെയുള്ള ഖണ്ഡികകളിലായി 4 പൊതുശിപാർശകൾ ഉൾപ്പെടുത്തിയിരുന്നു. പ്രസ്തുത ശിപാർശകളിന്മേൽ അനന്തര നടപടികൾ സ്വീകരിച്ച് സമിതിക്ക് റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി പതിമൂന്നാമത് റിപ്പോർട്ടിന്റെ പകർപ്പുകൾ 23.05.2016-ൽ തൊഴിലും നൈപുണ്യവും, പൊതുവിദ്യാഭ്യാസം, ഉന്നതവിദ്യാഭ്യാസം, തദ്ദേശ സ്വയംഭരണം എന്നീ വകുപ്പുകൾക്ക് അയച്ചുകൊടുത്തിരുന്നു.

പ്രസ്തുത റിപ്പോർട്ടിലെ നാല് പൊതുശിപാർശകളിന്മേലും അവയുമായി ബന്ധപ്പെട്ട് സമിതി ആരാഞ്ഞ അധികവിവരങ്ങളിന്മേലും തുടർശിപാർശകളിന്മേലും വിവിധ വകുപ്പുകൾ റിപ്പോർട്ട് ലഭ്യമാക്കുകയും ആയവ സമിതി അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. റിപ്പോർട്ടിലെ 4 ശിപാർശകളും അവ സംബന്ധിച്ച് സർക്കാർ സ്വീകരിച്ച നടപടികളും അതുമായി ബന്ധപ്പെട്ട് ഖണ്ഡിക 15, 16 എന്നിവയിന്മേൽ സമിതി നൽകുന്ന തുടർശിപാർശകളും അടങ്ങുന്നതാണ് ഈ റിപ്പോർട്ട്.

റിപ്പോർട്ടിലെ **<u>ഖണ്ഡിക 15, 16 എന്നിവയുമായി ബന്ധപ്പെട്ട് സമിതി നൽകുന്ന തുടർശിപാർശകളിന്മേൽ യഥാക്രമം തൊഴിലും നൈപുണ്യവും, ഉന്നതവിദ്യാഭ്യാസം എന്നീ വകുപ്പുകൾ നടപടികൾ സ്വീകരിച്ച് മറുപടി ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.</u>**

| ക്രമ നം. | ശിപാർശ | സ്വീകരിച്ച നടപടി |
|---|---|---|
| 1 | <u>ശിപാർശ 1 (ഖണ്ഡിക 15)</u><br><br>സമിതി (2011-14)യുടെ ആറാമത് റിപ്പോർട്ടിലെ, കാൻസർ രോഗത്തിന് കീമോതെറാപ്പിക്കും, വൃക്കസംബന്ധമായ രോഗത്തിന് ഡയാലിസിസിനും വിധേയരാകുന്ന കുട്ടികൾ, എച്ച്.ഐ.വി. ബാധിതരായ കുട്ടികൾ എന്നിവരുടെ സർക്കാർ/ സ്വകാര്യ മേഖലയിൽ ജോലിചെയ്യുന്ന അമ്മമാർക്ക് സ്പെഷ്യൽ കാഷ്വൽ ലീവ് അനുവദിക്കണമെന്ന സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ അത്തരം കുട്ടികളുടെ സർക്കാർ മേഖലയിൽ ജോലിചെയ്യുന്ന പിതാവിനോ മാതാവിനോ ഒരു കലണ്ടർ വർഷത്തിൽ 15 ദിവസത്തെ പ്രത്യേക ആകസ്മിക അവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സ്വകാര്യ മേഖലയിലുള്ള ജീവനക്കാരുടെ കാര്യത്തിൽ തീരുമാനം കൈക്കൊള്ളുന്നതിനായി ഫയൽ തൊഴിൽ വകുപ്പിന് കൈമാറിയിട്ടുണ്ടെന്ന് ധനകാര്യ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടിൽ സമിതിയെ അറിയിച്ചിരുന്നു. സ്വകാര്യമേഖലയിൽ ജോലി ചെയ്യുന്ന അത്തരം മാതാവിനോ പിതാവിനോ ഇത്തരത്തിൽ പ്രത്യേക ആകസ്മിക അവധി അനുവദിക്കുന്നതിന് സത്വരനടപടി സ്വീകരിക്കണമെന്ന് തൊഴിലും നൈപുണ്യവും വകുപ്പിനോട് സമിതി ശിപാർശ ചെയ്യുന്നു. | <u>തൊഴിലും നൈപുണ്യവും (ഇ) വകുപ്പ്</u><br>(24.02.2023-ലെ LBRD-D3/35/2019-LBRD നമ്പർ കത്തുമുഖേന ലഭിച്ചത്)<br><br>കേരള നിയമസഭയുടെ സ്ത്രീകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2014-16)യുടെ പതിമൂന്നാമത് റിപ്പോർട്ടിലെ 15-ാം ഖണ്ഡികയിലെ ശിപാർശയിന്മേൽ നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി കാൻസർ രോഗത്തിന് കീമോതെറാപ്പിക്കും, വൃക്കസംബന്ധമായ രോഗത്തിന് ഡയാലിസിസിനും വിധേയരാകുന്ന കുട്ടികൾ, എച്ച്.ഐ.വി. ബാധിതരായ കുട്ടികൾ എന്നിവരുടെ, സ്വകാര്യമേഖലയിൽ ജോലിചെയ്യുന്ന രക്ഷിതാവിന് സ്പെഷ്യൽ കാഷ്വൽ ലീവ്, കടകൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടിക്രമം കാര്യക്ഷമമാക്കൽ, തൊഴിലാളികൾക്ക് ശമ്പളത്തോടുകൂടിയ വാർഷിക അവധി വർദ്ധന, ക്യാന്റീൻ സൗകര്യം, ഇൻസ്പെക്ടർമാരുടെ അധികാരവും ജോലിയും തുടങ്ങിയവ സംബന്ധിച്ച വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ട് 1960-ലെ കേരള കടകളും വാണിജ്യ സ്ഥാപനങ്ങളും ആക്റ്റിൽ (1960-ലെ 34) (5A, 13, 26 വകുപ്പുകളിൽ ഭേദഗതി വരുത്തുന്നതിനും 13B, 21C എന്നീ വകുപ്പുകളും കൂട്ടിച്ചേർക്കുവാനും) വരുത്തുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ള ഭേദഗതികൾ സംസ്ഥാനത്തെ പൊതുവായ ബിസിനസ് അനുകൂല പരിതസ്ഥിതിക്ക് അനുരൂപമാണോ എന്ന വിഷയത്തിൽ വ്യവസായ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിരിക്കുകയാണ് എന്നും ടി വകുപ്പിന്റെ അഭിപ്രായം ലഭ്യമായാലുടൻ ആക്റ്റ് ഭേദഗതി ചെയ്യുന്നതിന് ഉചിതമായ തുടർനടപടികൾ അടിയന്തരമായി സ്വീകരിക്കുന്നതാണെന്ന വിവരം 10.01.2023-ലെ LBRD-E3/35/2019-LBRD കത്ത് പ്രകാരം അറിയിച്ചിരുന്നു.<br>മേൽ വിഷയത്തിൽ വ്യവസായ വകുപ്പിന്റെ അഭിപ്രായം പരിഗണിച്ച് കേരള കടകളും വാണിജ്യസ്ഥാപനങ്ങളും (ഭേദഗതി) കരട് ബില്ലിൽ (1960 ലെ 34) 5A, 13, 26 വകുപ്പുകളിൽ ഭേദഗതി വരുത്തുന്നതിനും 13B വകുപ്പ് കൂട്ടിച്ചേർക്കുന്നതിനും ക്യാന്റീൻ സൗകര്യം സ്ഥാപനങ്ങൾ നേരിട്ട് നൽകുന്നതിന് പകരം തൊഴിലാളികളുടെ കൂട്ടായ്മയ്ക്കും മറ്റും ക്യാന്റീൻ നടത്തുന്നതിന് സൗകര്യം സ്ഥാപനം നൽകിയാൽ മതിയാകുമെന്ന വ്യവസായ വകുപ്പ് നിർദ്ദേശിച്ച പ്രകാരമുള്ള ഭേദഗതി വകുപ്പ് 21(C)യിൽ വരുത്തുന്നതിന് തത്വത്തിൽ തീരുമാനമായിട്ടുണ്ട്. |

| | | |
|---|---|---|
| | | അതിൻ പ്രകാരം കേരള കടകളും വാണിജ്യസ്ഥാപനങ്ങളും ആക്റ്റിൽ (1960 ലെ 34) ഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുകയാണ് എന്ന വിവരം സവിനയം സമിതിയെ അറിയിക്കുന്നു.<br>(06.07.2023-ലെ യോഗത്തിൽ പരിഗണിച്ചു. തുടർശിപാർശ നൽകി.) |
| | **<u>06.07.2023-ലെ സമിതിയോഗം നൽകിയ തുടർശിപാർശ</u>**<br><br>1960-ലെ കേരള കടകളും വാണിജ്യസ്ഥാപനങ്ങളും ആക്ടിൽ ഭേദഗതി വരുത്തുന്നതിന് പ്രഥമ പരിഗണന നൽകി നിയമ നിർമ്മാണം നടത്തുന്നതിന് തൊഴിലും നൈപുണ്യവും വകുപ്പിനോട് ശിപാർശ ചെയ്യുന്നു. | **<u>തൊഴിലും നൈപുണ്യവും (ഇ) വകുപ്പ്</u>**<br><u>(13.10.2025-ലെ LBRD-E3/35/2019-LBRD- Part(2) നമ്പർ കത്തുമുഖേന ലഭിച്ച ഇടക്കാല റിപ്പോർട്ട്)</u><br><br>1960-ലെ കേരള കടകളും വാണിജ്യസ്ഥാപനങ്ങളും ആക്ടിൽ 5A, 13, 26 വകുപ്പുകളിൽ ഭേദഗതി വരുത്തുന്നതിനും 13B വകുപ്പ് കൂട്ടിച്ചേർക്കുന്നതിനും ക്യാന്റീൻ സൗകര്യം സ്ഥാപനങ്ങൾ നേരിട്ട് നൽകുന്നതിന് പകരം തൊഴിലാളികളുടെ കൂട്ടായ്മയും മറ്റും ക്യാന്റീൻ നടത്തുന്നതിനുള്ള സൗകര്യം സ്ഥാപനം നൽകിയാൽ മതിയാകുമെന്ന വ്യവസായ വകുപ്പ് നിർദ്ദേശിച്ച പ്രകാരമുള്ള ഭേദഗതി വകുപ്പ് 21C യിൽ വരുത്തുന്നതിന് തീരുമാനമായിട്ടുണ്ടെന്നും അതിൻപ്രകാരം 1960-ലെ കേരള കടകളും വാണിജ്യ സ്ഥാപനങ്ങളും ആക്റ്റിൽ ഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണെന്ന മുള്ള വിവരം 24/02/2023-ലെ LBRD-E3/35/20196-LBRD നമ്പർ കത്ത് പ്രകാരം സമിതിയെ അറിയിച്ചിരുന്നു.<br><br>എന്നാൽ, വ്യവസായ വകുപ്പ് നിർദ്ദേശിച്ചത് പ്രകാരമുള്ള മാറ്റങ്ങൾ വരുത്തി നിയമവകുപ്പിന്റെ അഭിപ്രായം ലഭ്യമാക്കി കേരള കടകളും വാണിജ്യ സ്ഥാപനങ്ങളും (ഭേദഗതി) ബിൽ, 2023-ൽ തുടർനടപടികൾ സ്വീകരിച്ചുവരുന്ന വേളയിലാണ് മേൽ നിയമത്തിൽ ഭേദഗതികൾ വരുത്തുന്നതിന് കേരള നിയമ പരിഷ്ക്കരണ കമ്മീഷന്റെ പത്തൊൻപതാമത് റിപ്പോർട്ടിൽ ഉൾപ്പെട്ട THE KERALA SHOPS AND COMMERCIAL ESTABLISHMENTS (AMENDMENT) BILL, 2023 നിയമവകുപ്പ് ലഭ്യമാക്കിയത്. തുടർന്ന് ഡോ. കെ.സി. സണ്ണി കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, മേൽ നിയമത്തിലെ വകുപ്പ് 5A, 20, 29 എന്നിവ ഭേദഗതി ചെയ്യുന്നതിനും 26A, 29A, 29B എന്നീ വകുപ്പുകൾ പുതുതായി കൂട്ടിച്ചേർക്കുന്നതിനും ഉദ്ദേശിച്ചുകൊണ്ടുള്ള കരട് ദേദഗതി ബിൽ വ്യവസായവകുപ്പ് ലഭ്യമാക്കുകയുണ്ടായി. കൂടാതെ ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സുമായി ബന്ധപ്പെട്ട SBRAP-2024-ലെ Reform No.146 നടപ്പിലാക്കുന്നതിനായി മേൽ നിയമത്തിലെ വകുപ്പ് 5A-യിൽ ഭേദഗതി വരുത്തുന്നതിന് ആവശ്യപ്പെട്ടുകൊണ്ട് വ്യവസായവകുപ്പ് കരട് ഭേദഗതി ബിൽ ലഭ്യമാക്കുകയുണ്ടായി. |

| | | |
|---|---|---|
| | | നിയമനിർമ്മാണം വളരെയേറെ സമയമെടുക്കുന്ന പ്രക്രിയയായതിനാൽ Piecemeal Legislation ഒഴിവാക്കുക എന്നതാണ് നിയമനിർമ്മാണത്തിന്റെ അടിസ്ഥാന തത്വങ്ങളിൽ ഒന്ന് എന്നും റഫറൻസിംഗ് എളുപ്പമാക്കുന്നതിലേക്കും Piecemeal Legislation ഒഴിവാക്കേണ്ടതായതിനാൽ നിലവിലെ ബില്ലുകളിലെ നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് ഒരു ബില്ലായി അവതരിപ്പിക്കുന്നതാകും ഉചിതമെന്നും നിയമ വകുപ്പ് സെക്രട്ടറി അറിയിച്ചതായി വ്യവസായ വകുപ്പിൽ നിന്നും അറിയിച്ചിട്ടുണ്ട്.<br>ആയതിനാൽ മേൽ പരാമർശിച്ച വിവിധ ഭേദഗതി ശിപാർശകളിന്മേൽ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് വിവിധ ട്രേഡ് യൂണിയൻ പ്രതിനിധികളുമായി ചർച്ച ചെയ്ത് തുടർ നടപടികൾ സ്വീകരിച്ചുവരികയാണെന്നുള്ള വിവരം സമിതിയെ അറിയിക്കുന്നു.<br>(19.12.2025-ലെ യോഗത്തിൽ അംഗീകരിച്ചു.) |
| 2 | **ശിപാർശ 2 (ഖണ്ഡിക 16)**<br>സംസ്ഥാനത്തെ എയ്ഡഡ് സ്കൂൾ, കോളേജ്, പോളിടെക്നിക്കുകൾ മുതലായ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ ഭിന്നശേഷി ക്കാർക്ക് സംവരണം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് സമിതിക്ക് ലഭിച്ച പരാതിയിന്മേൽ സർക്കാർ ലഭ്യമാക്കിയ റിപ്പോർട്ടിൽ സംസ്ഥാനത്തെ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സർക്കാരിന് പരിമിതമായ നിയന്ത്രണം മാത്രമാണ് ഉള്ളതെന്നും നിലവിലുള്ള സാമൂഹിക രാഷ്ട്രീയ യാഥാർത്ഥ്യത്തിന്റെ പശ്ചാത്തല ത്തിൽ എയ്ഡഡ് വിദ്യാഭ്യാസ മേഖലയിൽ സംവരണം ഏർപ്പെടുത്തുകയെന്നത് ഏറെ ബുദ്ധിമുട്ടാണെന്നും സമാശ്വാസ തൊഴിൽദാന പദ്ധതി പോലും നടപ്പിലാക്കാൻ മാനേജ്മെന്റുകൾ തയ്യാറാകാത്ത സാഹചര്യത്തിൽ ടി ആവശ്യം ഇപ്പോൾ നടപ്പിലാക്കാൻ | **ഉന്നതവിദ്യാഭ്യാസ (ഡി) വകുപ്പ്**<br>(10.01.2019-ലെ ഡി1/110/18/ഉ.വി.വ. നമ്പർ കത്തുമുഖേന ലഭിച്ചത്)<br>എയ്ഡഡ് കോളേജുകളിലെ നിയമനങ്ങൾ ഡയറക്ട് പേയ്മെന്റ് എഗ്രിമെന്റ്, യൂണിവേഴ്സിറ്റി സ്റ്റാറ്റ്യൂട്ട് എന്നിവ പ്രകാരമാണ് നടത്തുന്നത്. എയ്ഡഡ് മേഖലയിലെ ജീവനക്കാരുടെ ശമ്പളവും മറ്റാനുകൂല്യങ്ങളും സർക്കാർ ഖജനാവിൽനിന്ന് നൽകിവരുന്നതിനാൽ ഭരണഘടന വിഭാവനം ചെയ്തിരിക്കുന്ന സംവരണതത്ത്വങ്ങൾ ഏർപ്പെടുത്താൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. എയ്ഡഡ് കോളേജുകളിൽ പട്ടികജാതി/ പട്ടികവർഗ്ഗ സംവരണം നടപ്പിലാക്കുവാൻ സർക്കാർ മുതിർന്നപ്പോൾ കോളേജ് മാനേജ്മെന്റുകൾ എതിർക്കുകയും ആയത് കോടതി നടപടികളിലേയ്ക്ക് നീങ്ങുകയുമുണ്ടായി. എന്നിരുന്നാലും 'Persons with Disabilities Act 1995'-ന് അനുസരിച്ച് എയ്ഡഡ് കോളേജുകളിലും ഭിന്നശേഷി ഉദ്യോഗാർത്ഥികൾക്ക് സംവരണം ഏർപ്പെടുത്തുന്നതിന് സർക്കാർ ശ്രമിക്കുന്നതാണെന്ന് അറിയിക്കുന്നു.<br>14.05.2019-ലെ സമിതിയോഗം പരിഗണിച്ചു. അധികവിവരം ആരാഞ്ഞു.) |

| | | |
|---|---|---|
| | കഴിയില്ല എന്നും അറിയിച്ചിരുന്നു. എയ്ഡഡ് മേഖലയിലെ ജീവനക്കാരുടെ ശമ്പളവും മറ്റാനുകൂല്യങ്ങളും സർക്കാർ ഖജനാവിൽ നിന്നാണെന്നിരിക്കെ അത്തരം സ്ഥാപനങ്ങൾക്കുമേലുള്ള സർക്കാരിന്റെ നിയന്ത്രണം മെച്ചപ്പെടുത്തേണ്ടതുണ്ടെന്ന് സമിതി വിലയിരുത്തുന്നു. അതോടൊപ്പം അത്തരം സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ ഭിന്നശേഷി ഉദ്യോഗാർത്ഥികൾക്ക് സംവരണം ഏർപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.<br><br>**<u>14.05.2019-ലെ സമിതിയോഗം ആരാഞ്ഞ അധികവിവരം</u>**<br>RPWD ആക്ട് 2016 അനുസരിച്ച് എയ്ഡഡ് കോളേജുകളിൽ ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്ക് സംവരണം ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് ഉന്നതവിദ്യാഭ്യാസ വകുപ്പിനോട് ആരാഞ്ഞു. | **<u>ഉന്നതവിദ്യാഭ്യാസ (ഡി) വകുപ്പ്</u>**<br>(12.03.2020-ലെ ഡി1/110/18/ഉ.വി.വ. നമ്പർ കത്തുമുഖേന ലഭിച്ചത്)<br>സാമൂഹ്യനീതി വകുപ്പിന്റെ 18.11.2018 തീയതിയിലെ സ.ഉ.(അച്ചടി) നമ്പർ 18/2018/സാ.നീ.വ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ എയ്ഡഡ് കോളേജുകളിൽ ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്ക് Persons with Disabilities Act, 1995 പ്രകാരം 3% സംവരണവും Rights of Persons with Disabilities Act, 2016 പ്രകാരം 4% സംവരണവും ഏർപ്പെടുത്തുന്നതിന് ഉത്തരവായിട്ടുണ്ട്.<br><br>സംസ്ഥാനത്തെ എയ്ഡഡ് കോളേജുകളിലെ നിയമനങ്ങൾ ഡയറക്ട് പേയ്മെന്റ് എഗ്രിമെന്റ്, ബന്ധപ്പെട്ട യൂണിവേഴ്സിറ്റി സ്റ്റാറ്റ്യൂട്ട് എന്നിവ പ്രകാരമാണ് നടത്തുന്നത്. മേൽ ഉത്തരവ് എയ്ഡഡ് കോളേജുകളിൽ നടപ്പിലാക്കുന്നതിന് ബന്ധപ്പെട്ട സ്റ്റാറ്റ്യൂട്ടുകൾ ഭേദഗതി ചെയ്യേണ്ടതുണ്ട്. സാമൂഹ്യനീതി വകുപ്പിന്റെ ഉത്തരവിനനുസൃതമായി സ്റ്റാറ്റ്യൂട്ടുകൾ ഭേദഗതി വരുത്തുന്നത് സർക്കാർ തത്വത്തിൽ തീരുമാനമെടുത്തിട്ടുള്ളതും ആയതിനുള്ള അനന്തര നടപടി ഉന്നത വിദ്യാഭ്യാസ (ബി), ഉന്നത വിദ്യാഭ്യാസ (ജെ) വകുപ്പുകളിൽ സ്വീകരിച്ചുവരികയുമാണെന്ന വിവരം അറിയിക്കുന്നു.<br><br>**(17.11.2020-ലെ സമിതിയോഗം പരിഗണിച്ചു. അധികവിവരം ആരാഞ്ഞു.)** |

| | | |
|---|---|---|
| | **17.11.2020-ലെ സമിതിയോഗം ആരാഞ്ഞ അധികവിവരം**<br>സംസ്ഥാനത്തെ എയ്ഡഡ് കോളേജുകളിലെ നിയമനങ്ങളിൽ ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്ക് 4% സംവരണം നടപ്പിലാക്കുന്നതിനായി ബന്ധപ്പെട്ട സർവ്വകലാശാല സ്റ്റാറ്റ്യൂട്ടുകൾ ഭേദഗതി ചെയ്യുന്നതിനുള്ള നടപടി ക്രമങ്ങളുടെ നിലവിലെ സ്ഥിതി എന്തായെന്ന് ഉന്നതവിദ്യാഭ്യാസ വകുപ്പിനോട് ആരാഞ്ഞു. | **ഉന്നതവിദ്യാഭ്യാസ (ഡി) വകുപ്പ്**<br>(18.06.2022-ലെ ഡി1/110/18/ഉ.വി.വ. നമ്പർ കത്തുമുഖേന ലഭിച്ചത്)<br>സംസ്ഥാനത്തെ എയ്ഡഡ് കോളേജുകളിൽ ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്ക് സംവരണം നടപ്പിലാക്കി G.O. (MS) No. 96/2021/HEDN dated 15.02.2021 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന് തുടർച്ചയായി ഈ വകുപ്പിൽ നിന്നും സ.ഉ.(കൈ)നം.242/2022/ഉ.വി.വ, 18/5/2022, **(അനുബന്ധം-1)** സ.ഉ.(കൈ)നം.279/2022/ഉ.വി.വ, 05.06.2022 **(അനുബന്ധം-2)** എന്നീ ഉത്തരവുകളും പുറപ്പെടുവിച്ചിട്ടുണ്ട്. ടി സംവരണവുമായി ബന്ധപ്പെട്ട് സർവ്വകലാശാല സ്റ്റാറ്റ്യൂട്ടുകൾ ഭേദഗതി വരുത്തുന്നത് സംബന്ധിച്ച നടപടികൾ സ്വീകരിക്കുന്നത് ഉന്നതവിദ്യാഭ്യാസ (ബി), ഉന്നതവിദ്യാഭ്യാസ (ജെ) വകുപ്പുകളിലായതിനാൽ ടി വിഷയത്തിലെ നിലവിലെ സ്ഥിതി നിയമസഭാ സമിതിയെ നേരിട്ട് അറിയിക്കുന്നതിലേക്കായി ഉന്നതവിദ്യാഭ്യാസ (ബി), ഉന്നതവിദ്യാഭ്യാസ (ജെ) വകുപ്പുകൾക്ക് കൈമാറിയിട്ടുണ്ടെന്ന വിവരം അറിയിക്കുന്നു.<br>(27.07.2022-ലെ സമിതിയോഗം പരിഗണിച്ചു. അധികവിവരം ആരാഞ്ഞു.) |
| | **27.07.2022-ലെ സമിതിയോഗം ആരാഞ്ഞ അധികവിവരം**<br>എയ്ഡഡ് കോളേജുകളിൽ ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്ക് സംവരണം ഏർപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട സർവ്വകലാശാല സ്റ്റാറ്റ്യൂട്ടുകൾ ഭേദഗതി വരുത്തുന്നത് സംബന്ധിച്ച നടപടിക്രമങ്ങൾ എന്തായെന്ന് ഉന്നതവിദ്യാഭ്യാസ (ബി), (ജെ) വകുപ്പുകളോട് ആരാഞ്ഞു. | **ഉന്നതവിദ്യാഭ്യാസ (ബി) വകുപ്പ്**<br>(04.04.2024-ലെ B2/107/2022-HEDN നമ്പർ കത്തുമുഖേന ലഭിച്ചത്)<br>സമിതി (2014-16)യുടെ പതിമൂന്നാമത് റിപ്പോർട്ടിലെ 16-ാം നമ്പർ ശിപാർശ പ്രകാരം, സംസ്ഥാനത്തെ എയ്ഡഡ് കോളേജുകളിലെ നിയമനങ്ങളിൽ ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്ക് 4% സംവരണം നടപ്പിലാക്കുന്നതിലേയ്ക്കായി സർവ്വകലാശാലകളിലെ സ്റ്റാറ്റ്യൂട്ടുകളിൽ ഭേദഗതി വരുത്തുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുന്നതിന് ഉന്നതവിദ്യാഭ്യാസ വകുപ്പിന് കീഴിലെ എല്ലാ സർവ്വകലാശാലകൾക്കും (കേരള/ എം.ജി/ കാലിക്കറ്റ്/ കൊച്ചി ശാസ്ത്ര-സാങ്കേതിക / ശ്രീ ശങ്കരാചാര്യ സംസ്കൃത /കണ്ണൂർ / തുഞ്ചത്തെഴുത്തച്ഛൻ മലയാള / ന്യൂവാൽസ്/ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര/ ശ്രീനാരായണഗുരു ഓപ്പൺ-സർവ്വകലാശാലകൾ) നിർദ്ദേശം നൽകിയിട്ടുണ്ടെന്ന വിവരം സമിതി മുമ്പാകെ അറിയിച്ചുകൊള്ളുന്നു.<br>(22.05.2024-ലെ സമിതിയോഗം പരിഗണിച്ചു. അധികവിവരം ആരാഞ്ഞു.) |

| | | |
|---|---|---|
| | **<u>22.05.2024-ലെ സമിതിയോഗം ആരാഞ്ഞ അധികവിവരം</u>**<br><br>എയ്ഡഡ് കോളേജുകളിൽ ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്ക് സംവരണം ഏർപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട സർവ്വകലാശാല സ്റ്റാറ്റ്യൂട്ടുകൾ ഭേദഗതി വരുത്തുന്നത് സംബന്ധിച്ച നടപടിക്രമങ്ങൾ എന്തായെന്ന് ഉന്നതവിദ്യാഭ്യാസ (ബി), (ജെ) വകുപ്പുകളോട് ആരാഞ്ഞു. | **<u>ഉന്നതവിദ്യാഭ്യാസ (ജെ) വകുപ്പ്</u>**<br><br>(17.11.2025-ലെ HEDN-J3/403/2019-HEDN നമ്പർ കത്തുമുഖേന ലഭിച്ചത്)<br><br>സാമൂഹ്യനീതി വകുപ്പിന്റെ 18/11/2018-ലെ സ.ഉ.(അച്ചടി) നമ്പർ 18/2018/സാ.നീ.വ. ഉത്തരവ് പ്രകാരം സംസ്ഥാനത്തെ എയ്ഡഡ് കോളേജുകളിൽ ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്ക് Rights of Persons with Disabilities Act, 2016 പ്രകാരം 4% സംവരണവും Persons with Disabilities Act, 1995 പ്രകാരം 3% സംവരണവും ഏർപ്പെടുത്തുന്നതിന് ഉത്തരവായിട്ടുണ്ട്.<br><br>സംസ്ഥാനത്തെ എയ്ഡഡ് കോളേജുകളിൽ ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്ക് Rights of Persons with Disabilities Act, 2016 പ്രകാരം 4% സംവരണവും Persons with Disabilities Act, 1995 പ്രകാരം 3% സംവരണവും ഏർപ്പെടുത്തി സ്റ്റാറ്റ്യൂട്ട് ദേദഗതി ചെയ്യുന്നതിനുള്ള നടപടികൾ സംബന്ധിച്ച മറുപടി ലഭ്യമാക്കുവാൻ നിയമസഭാ സമിതി ആവശ്യപ്പെട്ടിരുന്നു.<br><br>മേൽ വിഷയത്തിൽ എ.പി.ജെ അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല രജിസ്ട്രാർ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ചുവടെപ്പറയുന്ന വിവരങ്ങൾ സമിതിയെ ബോധിപ്പിക്കുന്നു.<br><br>സംസ്ഥാനത്തെ എയ്ഡഡ് കോളേജുകളിലെ നിയമനങ്ങളിൽ ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്ക് സംവരണം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ നടപ്പാക്കി എയ്ഡഡ് കോളേജുകളിലെ ബാക്ക് ലോഗ് ഒഴിവുകൾ നിർണ്ണയിക്കുകയും നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും എ.പി.ജെ അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>സ്റ്റാറ്റ്യൂട്ടറി യോഗങ്ങൾ ചേരാത്തതിനാൽ യോഗം ചേർന്ന് വിഷയം പരിഗണിച്ച് തീരുമാനമെടുക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നും രജിസ്ട്രാർ റിപ്പോർട്ട് ചെയ്തിട്ടുള്ള വിവരം സമിതിയെ അറിയിച്ചുകൊള്ളുന്നു.<br><br>(19.12.2025-ലെ സമിതിയോഗം അംഗീകരിച്ചു.) |

| | | |
|---|---|---|
| | | **<u>ഉന്നതവിദ്യാഭ്യാസ (എൽ) വകുപ്പ്</u>**<br>**<u>(ഖണ്ഡിക 16-ലെ ശിപാർശയിന്മേലുള്ള മറുപടി)</u>**<br>(21.01.2022-ലെ HEDN-L1/229/2018-HEDN നമ്പർ കത്തുമുഖേന ലഭിച്ചത്)<br>സംസ്ഥാനത്ത് സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള എയ്ഡഡ് പോളിടെക്നിക്ക് കോളേജുകളിലും എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകളിലും നടക്കുന്ന നിയമനങ്ങളിൽ നിയമനാധികാരം അതാത് സ്ഥാപനങ്ങളുടെ മാനേജ്മെന്റിനാണ്. നിലവിലുള്ള ചട്ടങ്ങൾക്ക് വിധേയമായി നിയമന അംഗീകാരം നൽകുക മാത്രമാണ് വകുപ്പ് മേധാവിയുടെ പരിധിയിലുള്ളത്. എന്നാൽ ഇത്തരം സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ശമ്പളവും മറ്റാനുകൂല്യങ്ങളും സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ നിയന്ത്രണത്തിലാണുള്ളത്.<br><br>സർക്കാർ/എയ്ഡഡ്/അതോറിറ്റി എന്നിവ ഗവൺമെന്റ് എസ്റ്റാബ്ലിഷ്മെന്റ് ആയതിനാൽ പോളിടെക്നിക്ക് നിയമനങ്ങളിൽ ഭിന്നശേഷിക്കാർക്ക് സംവരണം നൽകണമെന്നും ആയത് ആക്റ്റിന്റെ 34-ാം വകുപ്പ് പ്രകാരമുള്ള 4% കുറയാത്ത സംവരണം ആയിരിക്കണമെന്നും 2016-ലെ The Right of Persons with Disabilities Act വ്യവസ്ഥ ചെയ്യുന്നു.<br><br>സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലെ എയ്ഡഡ് എഞ്ചിനീയറിംഗ്/പോളിടെക്നിക്ക് കോളേജിലെ നിയമനങ്ങളിൽ 18.11.2018-ലെ സ.ഉ.(അച്ചടി)നം.18/2018/SJD പ്രകാരം ഭിന്നശേഷിക്കാർക്ക് സംവരണം ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും ടി ഉത്തരവ് പ്രകാരം നിയമനങ്ങളൊന്നും നടന്നിട്ടില്ല.<br><br>ഈ സാഹചര്യത്തിൽ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള എയ്ഡഡ് എഞ്ചിനീയറിംഗ്/പോളിടെക്നിക്ക് കോളേജുകളിലെ നിയമനത്തിൽ ഭിന്നശേഷിക്കാർക്ക് സംവരണം നടപ്പിലാക്കി നിയമനം ത്വരിതപ്പെടുത്തുന്നതിനുള്ള നടപടികൾ എടുക്കുന്നതിന് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.<br><br>(27.07.2022-ലെ സമിതിയോഗം പരിഗണിച്ചു. അധികവിവരം ആരാഞ്ഞു.) |

| | | |
|---|---|---|
| | **27.07.2022-ലെ സമിതിയോഗം ആരാഞ്ഞ അധികവിവരം**<br>എയ്ഡഡ് പോളിടെക്നിക്, എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജ് എന്നിവിടങ്ങളിലെ നിയമനങ്ങളിൽ ഭിന്നശേഷി ക്കാർക്ക് സംവരണം ഏർപ്പെടുത്തു ന്നതുമായി ബന്ധപ്പെട്ട് ഉന്നതവിദ്യാഭ്യാസ (ഡി) വകുപ്പ് പുറപ്പെടുവിച്ച സ.ഉ.(കൈ) നം.96/2021/ഉ.വി.വ. തീയതി 15.02.2021, സ.ഉ. (കൈ) നം.242/2022/ഉ.വി.വ. തീയതി 18.05.2022, സ.ഉ.(കൈ)നം.279/ 2022/ഉ.വി.വ. തീയതി 05.06.2022 എന്നീ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികളെ സംബന്ധിച്ച് ഉന്നതവിദ്യാഭ്യാസ (എൽ) വകുപ്പിനോട് ആരാഞ്ഞു. | **ഉന്നതവിദ്യാഭ്യാസ (എൽ) വകുപ്പ്**<br>(11.11.2024-ലെ HEDN-L1/180/2023-HEDN നമ്പർ കത്തുമുഖേന ലഭിച്ചത്)<br>18.05.2022 തീയതിയിലെ സ.ഉ.(കൈ)നം.242/2022/ഉവിവ ഉത്തരവിന് വിധേയമായി 07.02.1996 മുതൽ 18.04.2017 വരെ 3 ശതമാനവും 19.04.2017 മുതൽ ഇതുവരെ നടത്തിയിട്ടുള്ള നിയമനങ്ങളിൽ 4 ശതമാനവും ബാക്ക് ലോഗ് ഒഴിവുകളായി കണക്കാക്കി ഇനി മുതൽ വരുന്ന നിയമനങ്ങളിൽ ഭിന്നശേഷി സംവരണം നടപ്പിലാക്കുന്നതിന് ഓരോ എയ്ഡഡ് സ്ഥാപനങ്ങൾക്കും സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ നിർദേശം നൽകിയിട്ടുണ്ട്. ആയത് പ്രകാരം സ്ഥാപനങ്ങൾ 4% ഭിന്നശേഷി സംവരണം റിസർവേഷൻ റോസ്റ്ററിൽ 25-ന്റെ ഓരോ ബ്ലോക്കിലും ആദ്യ തസ്തിക ഭിന്നശേഷിക്കാർക്കായി സംവരണം ചെയ്ത് പട്ടിക തയ്യാറാക്കിയിട്ടുള്ളതും ആയതിന് സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ അംഗീകാരം നൽകിയിട്ടുള്ളതുമാണ്. ബാക്ക് ലോഗ് ഒഴിവ് കണക്കാക്കി നിലവിൽ നിയമനങ്ങൾ നടത്തി വരുകയും ചെയ്യുകയാണ്. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലെ 6 എയ്ഡഡ് സ്ഥാപനങ്ങളിൽ നടത്തുന്ന നിയമനങ്ങളിൽ ഭിന്നശേഷിക്കാർക്ക് സംവരണം ഏർപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് 15.02.2021, 05.06.2022 തീയതികളിൽ പുറപ്പെടുവിച്ച സ.ഉ.(കൈ)നം.96/2021/ഉവിവ, സ.ഉ.(കൈ)നം.279/2022/ഉവിവ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടി റിപ്പോർട്ട് പട്ടിക രൂപത്തിൽ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. **(അനുബന്ധം-3)**<br><br>(25.06.2025-ലെ സമിതിയോഗം അംഗീകരിച്ചു.)<br><br>**പൊതുവിദ്യാഭ്യാസ (ജെ) വകുപ്പ്**<br>**(ഖണ്ഡിക 16-ലെ ശിപാർശയിന്മേലുള്ള മറുപടി)**<br>(20.01.2022-ലെ ജെ3/371/21/പൊ.വി.വ. നമ്പർ കത്തുമുഖേന ലഭിച്ചത്)<br><br>08.11.2021-ലെ സ.ഉ.(പി)നമ്പർ 19/2021/പൊ.വി.വ ഉത്തരവ് പ്രകാരം പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള എയ്ഡഡ് സ്ഥാപനങ്ങളിൽ ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്ക് സംവരണം ഏർപ്പെടുത്തിയിട്ടുണ്ട്. ബാക്ക് ലോഗ് വേക്കൻസികൾ തിട്ടപ്പെടുത്തി അത്രയും ഒഴിവുകളിലെ നിയമനം ഇനിയുണ്ടാകുന്ന ഒഴിവുകളിലേക്ക് നിയമിക്കുന്നതിനും പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് മേൽ ഉത്തരവിലൂടെ നിർദ്ദേശം നൽകിയിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് |

| | | |
|---|---|---|
| | | ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. **(അനുബന്ധം-4)**<br><br>(27.07.2022-ലെ സമിതിയോഗം പരിഗണിച്ചു. അധികവിവരം ആരാഞ്ഞു.) |
| | **27.07.2022-ലെ സമിതിയോഗം ആരാഞ്ഞ അധികവിവരം**<br>പൊതുവിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള എയ്ഡഡ് സ്ഥാപനങ്ങളിൽ ഭിന്നശേഷി ഉദ്യോഗാർത്ഥികൾക്ക് സംവരണം ഏർപ്പെടുത്തിക്കൊണ്ട് വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഏതെല്ലാം എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകിയിട്ടുണ്ടെന്നും പ്രസ്തുത നിയമനം സംബന്ധിച്ച നടപടിക്രമങ്ങൾ നിരീക്ഷിക്കുന്ന തിന് ജില്ലാടിസ്ഥാനത്തിൽ സംവിധാനം നിലവിലുണ്ടോ യെന്നും ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോയെന്നും പൊതുവിദ്യാഭ്യാസ വകുപ്പിനോട് ആരാഞ്ഞു. | **പൊതുവിദ്യാഭ്യാസ (ജെ.ആർ) വകുപ്പ്**<br><br>(12.12.2024-ലെ GE-JR1/164/2023-G.EDN നമ്പർ കത്തുമുഖേന ലഭിച്ചത്)<br><br>ഭിന്നശേഷി ഉദ്യോഗാർത്ഥികൾക്ക് സംവരണം ഏർപ്പെടുത്തികൊണ്ട് വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഭിന്നശേഷി ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകിയ പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള എയ്ഡഡ് സ്കൂളുകളുടെ (പ്രൈമറി, സെക്കന്ററി, ഹയർസെക്കന്ററി വിഭാഗങ്ങൾ) വിശദാംശങ്ങൾ അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട് എന്ന് ബഹു. സമിതിയെ അറിയിക്കുന്നു. **(അനുബന്ധം-5)**<br><br>സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിലെ ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട് ബഹു. സുപ്രീം കോടതി SLP (C) 9566/2023 നമ്പർ ഹർജിയിൽ 30.10.2023 തീയതിയിൽ പുറപ്പെടുവിച്ച ഇടക്കാല ഉത്തരവ് പ്രകാരം ഭിന്നശേഷി നിയമന നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ഒരു സംസ്ഥാനതല സെലക്ഷൻ കമ്മിറ്റി രൂപീകരിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ സമർപ്പിക്കുവാൻ ബഹു. കോടതി ഉത്തരവിട്ടു. ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷി നിയമനങ്ങൾ നടത്തുന്നതിന് ജില്ലാ/ സംസ്ഥാനതല സമിതികൾ രൂപീകരിച്ചുകൊണ്ടും, സമിതികളുടെ ചുമതലകൾ വ്യക്തമാക്കികൊണ്ടുമുള്ള പ്രൊപ്പോസൽ തയ്യാറാക്കി ബഹു. സുപ്രീം കോടതിയുടെ പരിഗണയ്ക്കായി സമർപ്പിച്ചിരിക്കുകയാണ്. ബഹു. കോടതി അംഗീകരിക്കുന്ന മുറയ്ക്ക് മേൽ ജില്ലാ/സംസ്ഥാനതല സമിതികൾ നിലവിൽ വരുമെന്ന് ബഹു. സമിതിയെ അറിയിച്ചുകൊള്ളുന്നു.<br><br>(25.06.2025-ലെ സമിതിയോഗം അംഗീകരിച്ചു. അധികവിവരം ആരാഞ്ഞു.) |

| | | |
|---|---|---|
| | **25.06.2025-ലെ സമിതിയോഗം ആരാഞ്ഞ അധികവിവരം**<br><br>എയ്ഡഡ് സ്കൂളുകളിലെ ഭിന്നശേഷി നിയമനനടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സംസ്ഥാനതല സെലക്ഷൻ കമ്മിറ്റി രൂപീകരിക്കുന്നത് സംബന്ധിച്ചുള്ള നിലവിലെ സ്ഥിതി സംബന്ധിച്ച് പൊതുവിദ്യാഭ്യാസ വകുപ്പിനോട് ആരാഞ്ഞു. | **പൊതുവിദ്യാഭ്യാസ (ജെ.ആർ) വകുപ്പ്**<br>(14.01.2026-ലെ GE-JR1/164/2023-G.EDN നമ്പർ കത്തുമുഖേന ലഭിച്ചത്)<br><br>ബഹു. സുപ്രീം കോടതിയുടെ എസ്.എൽ.പി. (സി) നം.9566/2023 നമ്പർ ഹർജിയിലെയും ബന്ധപ്പെട്ട കേസുകളിലെയും 30.10.2023, 27.01.2025 ഉത്തരവുകൾ പ്രകാരം സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷി വിഭാഗത്തിലുള്ള യോഗ്യതയുള്ള ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുത്തുകൊണ്ട് നിയമനത്തിന് ശിപാർശ ചെയ്യുന്നതിനായി സമിതികൾ രൂപീകരിച്ചും, ചുമതലകൾ നിശ്ചയിച്ചും, തെരഞ്ഞെടുപ്പ് പ്രക്രിയ വിശദീകരിച്ചുകൊണ്ടും സ.ഉ. (കൈ)നം.45/2025/പൊ.വി.വ. തീയതി 24.03.2025 **(അനുബന്ധം 6)** പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. തുടർന്ന് സ.ഉ.(കൈ)നം.123/2025/പൊ.വി.വ. തീയതി 28.06.2025 **(അനുബന്ധം 7)** പ്രകാരം സമിതികളുടെ വിശദമായ പ്രവർത്തന മാർഗനിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്. സമിതികളുടെ പ്രവർത്തനങ്ങളെ സംബന്ധിച്ചും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിന്നും ലിസ്റ്റുകൾ ലഭ്യമാക്കുന്നത് സംബന്ധിച്ചും യോഗ്യതയുള്ള ഭിന്നശേഷി ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുന്നത് സംബന്ധിച്ചും സമന്വയ സോഫ്റ്റ്വെയറുകളിൽ മൊഡ്യൂളുകൾ തയ്യാറാക്കുന്നത് സംബന്ധിച്ചും മേൽ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടറും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിലേക്ക് ഭിന്നശേഷി ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുത്ത് നിയമിക്കുന്ന പ്രക്രിയ എത്രയും വേഗത്തിൽ പൂർത്തിയാക്കുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. സംസ്ഥാനത്തെ എല്ലാ ജില്ലകളിലും എൽ.പി./യു.പി./സെക്കൻഡറി വിഭാഗങ്ങളിലേക്കുള്ള സർട്ടിഫിക്കറ്റ് പരിശോധനാ നടപടികൾ അതാത് ജില്ലാ സമിതികൾ പൂർത്തിയാക്കിക്കൊണ്ട് യോഗ്യതയുള്ള ഉദ്യോഗാർത്ഥികളുടെ റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ നാളിതുവരെ നിയമനം നൽകിയ ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവരുടെ എണ്ണം ചുവടെ ചേർക്കുന്നു.<br>i. 07.02.1996 മുതൽ 08.11.2021 വരെ മാനേജർമാർ നേരിട്ട് നടത്തിയ ഭിന്നശേഷി നിയമനങ്ങളുടെ എണ്ണം : 303<br>ii. 08.11.2021 നുശേഷം മാനേജർമാർ നേരിട്ട് നടത്തിയ ഭിന്നശേഷി നിയമനങ്ങളുടെ എണ്ണം : 173 |

| | | |
|---|---|---|
| | | iii. 08.11.2021 നശേഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നടത്തിയ ഭിന്നശേഷി നിയമനങ്ങളുടെ എണ്ണം : 889<br>iv. ആകെ ഭിന്നശേഷി നിയമനങ്ങളുടെ എണ്ണം : 1365<br><br>മേൽ വിവരങ്ങൾ ബഹു. സമിതി മുമ്പാകെ സമർപ്പിക്കുന്നതോടൊപ്പം, ഭിന്നശേഷി നിയമനങ്ങൾ നൽകിയ സ്കൂളുകളുടെ വിവരങ്ങൾ താമസംവിനാ സമർപ്പിക്കുന്നതാണെന്നും ബോധിപ്പിച്ചുകൊള്ളുന്നു.<br><br>(29.01.2026-ലെ സമിതിയോഗം അംഗീകരിച്ചു.)<br><br>**<u>പൊതുവിദ്യാഭ്യാസ (ജെ.എ) വകുപ്പ്</u>**<br>**<u>(ഖണ്ഡിക 16-ലെ ശിപാർശയിന്മേലുള്ള മറുപടി)</u>**<br>(21.02.2025-ലെ ജെ3/309/2021/പൊ.വി.വ. നമ്പർ കത്തുമുഖേന ലഭിച്ചത്)<br>25/06/2022-ലെ G.O.(Ms)No.111/2022/GEDN, 19/09/2022-ലെ G.O.(Ms) No.162/2022/GEDN, 24.03.2023-ലെ സ.ഉ.(കൈ)നം.29/2023/പൊവിവ എന്നീ ഉത്തരവുകളിലെ വ്യവസ്ഥകൾ പ്രകാരം എയ്ഡഡ് സ്കൂളുകളിൽ 18/11/2018-ന ശേഷം സംജാതമാകുന്ന ഒഴിവുകളിലെ നിയമനങ്ങൾക്ക് ഭിന്നശേഷി സംവരണം ബാധകമാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ നിയമനം നൽകിവരുന്നു.<br><br>(25.06.2025-ലെ സമിതിയോഗം അംഗീകരിച്ചു.) |
| 3 | **<u>ശിപാർശ 3 (ഖണ്ഡിക 17)</u>**<br>കേന്ദ്രാവിഷ്കൃത പദ്ധതിയായ ഐ.സി.ഡി.എസ്.-ന്റെ കീഴിലുള്ള അംഗൻവാടികളിൽ രജിസ്റ്റർ ചെയ്യുന്ന കുട്ടികൾക്ക് പോഷകാഹാരവും കളിപ്പാട്ടങ്ങളും നൽകിവരുന്നുണ്ട്. ഇതേ രീതിയിൽ സംസ്ഥാനത്ത് നിലവിലുള്ള കുടിപ്പള്ളിക്കൂടങ്ങളിൽ പഠിക്കുന്ന കുട്ടികൾക്ക് പോഷകാഹാരം, വിനോദോപാധികൾ/കളിപ്പാട്ടങ്ങൾ എന്നിവ നൽകുന്നത് പരിഗണന അർഹിക്കുന്ന ഒരാവശ്യമായി സമിതി വിലയിരുത്തുന്നു. | **<u>തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ്</u>**<br>(17.11.2023-ലെ ഡി.എ 3/75/2022-തസ്വഭവ നമ്പർ കത്തുമുഖേന ലഭിച്ചത്.)<br>സർക്കാർ പ്രീ-പ്രൈമറി സ്കൂളുകളുടെയും, പ്രൈമറി സ്കൂളുകളുടെയും നടത്തിപ്പ്, അംഗനവാടികളുടെ നടത്തിപ്പ് എന്നിവയാണ് ശിശുക്കളുടെ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് പഞ്ചായത്തുകളുടെയും നഗരഭരണ സ്ഥാപനങ്ങളുടെയും ചുമതലയിൽ ഉൾപ്പെട്ടിട്ടുള്ളത്. കുടിപ്പള്ളിക്കൂടങ്ങളുടെ നടത്തിപ്പും നിയന്ത്രണവും ഉടമസ്ഥാവകാശവും തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമല്ല. അവ സ്വകാര്യ വ്യക്തികളുടെ അധീനതയിലും നിയന്ത്രണത്തിലും പ്രവർത്തിക്കുന്നവയാണ്. ആയതിനാൽ കുടിപ്പള്ളിക്കൂടങ്ങളിൽ പഠിക്കുന്ന കുട്ടികൾക്ക് വിനോദോപാധികൾ, കളിപ്പാട്ടങ്ങൾ എന്നിവയ്ക്ക് ഗ്രാമപഞ്ചായത്തുകളും, നഗരഭരണ സ്ഥാപനങ്ങളും ഫണ്ട് |

| | | |
|---|---|---|
| | അതിനാൽ ഇത് പ്രാവർത്തികമാക്കുന്നതിന് ആവശ്യമായ ഫണ്ട് വകയിരുത്തി കുടിപ്പള്ളിക്കൂടങ്ങളിലെ കുട്ടികൾക്ക് കൂടി പ്രസ്തുത സൗകര്യങ്ങൾ ലഭ്യമാക്കണമെന്ന് തദ്ദേശ സ്വയംഭരണ വകുപ്പിനോട് സമിതി ശിപാർശ ചെയ്യുന്നു. | അനുവദിക്കണമെന്ന ആവശ്യം പരിഗണിക്കുന്നത് പ്രായോഗികമല്ല. മാത്രമല്ല ഇത്തരം ആവശ്യങ്ങൾ അംഗീകരിക്കുന്നത് വ്യവസ്ഥാപിതമായ അംഗനവാടികളുടെ സുഗമമായ പ്രവർത്തനത്തിന് വിഘാതം ഉണ്ടാകാൻ കാരണമാകുന്നതുമാണ് എന്ന് സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് റിപ്പോർട്ട് ചെയ്തിട്ടുള്ള വിവരം സമിതിയുടെ പരിഗണനയ്ക്കായി സമർപ്പിക്കുന്നു.<br>(22.05.2024-ലെ യോഗത്തിൽ അംഗീകരിച്ചു.) |
| 4 | **ശിപാർശ 4 (ഖണ്ഡിക 18)**<br>വിവരസാങ്കേതികവിദ്യ അത്യധികം വികാസം പ്രാപിച്ചിട്ടുള്ള ഈ കാലഘട്ടത്തിൽ കാഴ്ചശക്തി ഇല്ലാത്തവർക്കായി ബ്രയ്‌ലി സോഫ്റ്റ്‌വെയർ ഉൾപ്പെടുത്തിയ ലാപ്ടോപ്പുകൾ ഏറെ പ്രയോജനപ്രദമായിരിക്കും. പഞ്ചായത്തുകളുടെ പദ്ധതിവിഹിതത്തിൽ ഉൾപ്പെടുത്തിയും നിയമസഭാ സാമാജികരുടെ പ്രാദേശിക വികസന ഫണ്ടിലും (MLA SDF) ലോക്കൽ ഏരിയ ഡെവലപ്മെന്റ് സ്കീമിലും ഉൾപ്പെടുത്തിയും കാഴ്ചശക്തി ഇല്ലാത്തവർക്ക് ഇത്തരം ലാപ്ടോപ്പുകൾ വിതരണം ചെയ്യുന്നത് സാധ്യമാകുന്നതിനായി അതത് ഫണ്ട് വിനിയോഗവുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങളിൽ മാറ്റം വരുത്തേണ്ടതായുണ്ട്. അതിനാൽ പഞ്ചായത്തുകളുടെ പദ്ധതിവിഹിത വിനിയോഗത്തിലും നിയമസഭാ സാമാജികരുടെ മേൽ സൂചിപ്പിച്ച ഫണ്ടുകളുടെ വിനിയോഗത്തിലും ഈ ഇനം കൂടി ഉൾപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | **തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ്**<br>(09.05.2023-ലെ ഡി.എ 3/187/2022-തസ്വഭ നമ്പർ കത്തുമുഖേന ലഭിച്ചത്)<br>ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള നിലവിലെ മാർഗ്ഗരേഖയിൽ (സ.ഉ. (കൈ) നം.84/2022/തസ്വഭവ തീയതി 19.04.2022) ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകൾ പൊതുവിഭാഗം വികസന ഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.എസ്.പി., റ്റി.എസ്.പി. എന്നിവ കൂട്ടിയ തുകയുടെ 5 ശതമാനം കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ട്രാൻസ്ജെന്റേഴ്സ് എന്നിവരുടെ വികസനത്തിന് വകയിരുത്തണമെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. ആയത് പ്രകാരം ഭിന്നശേഷിക്കാരുടെ ക്ഷേമത്തിനും വികസനത്തിനുമായി ഗ്രാമ പഞ്ചായത്തുകൾ പദ്ധതി ഏറ്റെടുക്കാറുണ്ട്. നിലവിലെ സബ്സിഡി മാർഗ്ഗരേഖയിൽ കാഴ്ച കുറഞ്ഞവർക്കായി ചലനത്തിനായുള്ള ഉപകരണങ്ങൾക്ക് പുറമേ കമ്പ്യൂട്ടർ/ലാപ്ടോപ് ഇവയ്ക്കാവശ്യമായ ബ്രെയിലി അറ്റാച്ച്മെന്റുകളും, ടോക്കിംഗ് ഹിയറിംഗ് സോഫ്റ്റ് വെയർ ഉള്ള ലാപ്ടോപ്പും കമ്പ്യൂട്ടറുകളും, ബ്രെയിലി എഴുത്തിന് ഉപകരിക്കുന്ന ഉപകരണങ്ങളും, ടോക്കിംഗ് സൗകര്യത്തോടുകൂടിയ ലാപ്ടോപ്പ്/കമ്പ്യൂട്ടർ, കാൽക്കുലേറ്ററുകൾ, റെയ്സ്ഡ് മാപ്പ്, ഗ്ലോബ്, കാഴ്ചശക്തി ഇല്ലാത്തവർക്ക് ഉപയോഗിക്കാൻ കഴിയുന്ന തരത്തിലുള്ള വാച്ചുകളും വാങ്ങി നൽകാവുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. അത്തരത്തിലുള്ള ഉപകരണങ്ങൾ വാങ്ങിനൽകുന്നതിന് ഗ്രാമപഞ്ചായത്തുകൾ പദ്ധതികൾ ഏറ്റെടുക്കാറുണ്ട് എന്നുമുള്ള വിവരം സമിതിയുടെ പരിഗണനയ്ക്കായി സമർപ്പിക്കുന്നു.<br>(06.07.2023-ലെ യോഗത്തിൽ പരിഗണിച്ചു. ധനകാര്യ വകുപ്പിന് തുടർശിപാർശ നൽകി) |

| | | |
|---|---|---|
| | **06.07.2023-ലെ സമിതിയോഗം നൽകിയ തുടർശിപാർശ**<br><br>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രത്യേക വികസനനിധിയിൽ നിന്നും ഒരു നിശ്ചിത ശതമാനം തുക പ്രത്യേക അനുമതി കൂടാതെ ഭിന്നശേഷിക്കാർക്ക് സഹായകമായ ഉപകരണങ്ങൾ വാങ്ങുന്നതിനായി വിനിയോഗിക്കുന്നതിന് അനുവാദം നൽകുന്നതിന് മാർഗ്ഗനിർദ്ദേശങ്ങളിൽ ഭേദഗതി വരുത്തണമെന്ന് ധനകാര്യ വകുപ്പിനോട് സമിതി ശിപാർശ ചെയ്യുന്നു. | **ധനകാര്യ (നോഡൽ സെന്റർ-ബി) വകുപ്പ്**<br>**(13.10.2025-ലെ 3134009/എൻ.സി-ബി1/93/2025/ധന നമ്പർ കത്തുമുഖേന ലഭിച്ചത്)**<br><br>വ്യക്തിപരമായ ആനുകൂല്യങ്ങൾ നൽകുന്നതിന് എം.എൽ.എ-പ്രത്യേക വികസനനിധിയിൽ നിന്നും ഫണ്ട് അനുവദിക്കാനാകില്ല എന്ന തീരുമാനം ധനവകുപ്പിൽ കൈക്കൊണ്ടിട്ടുണ്ടെന്നുള്ള വിവരം റിപ്പോർട്ട് ചെയ്യുന്നു.<br><br>(19.12.2025-ലെ സമിതിയോഗം അംഗീകരിച്ചു.) |

**റിപ്പോർട്ടിലെ ഖണ്ഡിക 15, 16 എന്നിവയുമായി ബന്ധപ്പെട്ട് സമിതി നൽകുന്ന തുടർശിപാർശകൾ**

**ഖണ്ഡിക 15**

1960-ലെ കേരള കടകളും വാണിജ്യ സ്ഥാപനങ്ങളും ആക്ടിലെ വിവിധ വകുപ്പുകളിൽ വരുത്തേണ്ട വിവിധ ഭേദഗതി നിർദ്ദേശങ്ങൾ സംബന്ധിച്ച് ട്രേഡ് യൂണിയൻ പ്രതിനിധികളുമായി നടത്തുന്ന ചർച്ച അടിയന്തരമായി പൂർത്തീകരിച്ച് നിയമനിർമ്മാണം നടത്തുന്നതിനുവേണ്ട സത്വര നടപടികൾ സ്വീകരിക്കണമെന്ന് സമിതി തൊഴിലും നൈപുണ്യവും വകുപ്പിനോട് ശിപാർശ ചെയ്യുന്നു.

**ഖണ്ഡിക 16**

ഭിന്നശേഷിക്കാർക്ക് നിയമനങ്ങളിൽ 4% സംവരണം അനുവദിക്കേണ്ടത് 2016-ലെ The Rights of Persons with Disabilities Act പ്രകാരം നിയമപരമായ ബാധ്യതയാണ്. ആയതിനാൽ, സർവ്വകലാശാല സ്റ്റാറ്റ്യൂട്ടുകളിൽ ആവശ്യമായ ഭേദഗതി വരുത്തി നിയമനങ്ങളിൽ ഭിന്നശേഷി സംവരണം അടിയന്തരമായി നടപ്പിലാക്കുന്നതിന് എല്ലാ സർവ്വകലാശാലകൾക്കും കർശന നിർദ്ദേശം വീണ്ടും നൽകണമെന്ന് സമിതി ഉന്നതവിദ്യാഭ്യാസ വകുപ്പിനോട് ശിപാർശ ചെയ്യുന്നു.

യു. പ്രതിഭ,
*ചെയർപേഴ്സൺ,*
*സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും*
*കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും*
*ക്ഷേമം സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2026 ജനുവരി 29.

അനുബന്ധം - I

സ.ഉ.(കൈ) നം.242/2022/HEDN

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

## സംഗ്രഹം

ഉന്നത വിദ്യാഭ്യാസ വകുപ്പ് - സ്വകാര്യ എയ്ഡഡ് കോളേജുകൾ - സംസ്ഥാനത്തെ എയ്ഡഡ് ആർട്സ് & സയൻസ് കോളേജുകൾ/ എയ്ഡഡ് ട്രെയിനിംഗ് കോളേജുകൾ/ എയ്ഡഡ് അറബിക് കോളേജുകൾ, എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകൾ, എയ്ഡഡ് പോളിടെക്നിക് കോളേജുകൾ എന്നീ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ ഭിന്നശേഷി സംവരണം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട മാർഗ്ഗരേഖ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉന്നത വിദ്യാഭ്യാസ (ഡി) വകുപ്പ്

സ.ഉ (കൈ) നം.242/2022/HEDN തീയതി,തിരുവനന്തപുരം, 18-05-2022

പരാമർശം:- സ.ഉ.(കൈ)നം.96/2021/ഉ.വി.വ., തീയതി 15/2/2021

## ഉത്തരവ്

സംസ്ഥാനത്തെ എയ്ഡഡ് ആർട്സ് & സയൻസ് കോളേജുകൾ/ എയ്ഡഡ് ട്രെയിനിംഗ് കോളേജുകൾ/ എയ്ഡഡ് അറബിക് കോളേജുകൾ, എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകൾ, എയ്ഡഡ് പോളിടെക്നിക് കോളേജുകൾ എന്നീ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ ഭിന്നശേഷി സംവരണം നടപ്പിലാക്കി പരാമർശം പ്രകാരം ഉത്തരവായിരുന്നു. ടി സംവരണം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു;

1) സംസ്ഥാനത്തെ യൂണിറ്ററി മാനേജ്മെന്റ് വിഭാഗത്തിൽപ്പെട്ട എയ്ഡഡ് ആർട്സ് & സയൻസ് കോളേജുകൾ/ എയ്ഡഡ് ട്രെയിനിംഗ് കോളേജുകൾ/ എയ്ഡഡ് അറബിക് കോളേജുകൾ, എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകൾ, എയ്ഡഡ് പോളിടെക്നിക് കോളേജുകൾ എന്നിവിടങ്ങളിൽ അനദ്ധ്യാപക തസ്തികകൾ എല്ലാം കൂടി ഒറ്റ യൂണിറ്റായും അദ്ധ്യാപക തസ്തികകൾ എല്ലാം കൂടി ഒറ്റ യൂണിറ്റായും കോർപ്പറേറ്റ് മാനേജ്മെന്റ് വിഭാഗത്തിൽപ്പെട്ട കോളേജുകളിൽ ഓരോ യൂണിവേഴ്സിറ്റിയുടെയും പരിധിയിൽ ഒരു മാനേജ്മെന്റിന് കീഴിൽ വരുന്ന എല്ലാ കോളേജുകളിലേയും അനദ്ധ്യാപക തസ്തികകൾ എല്ലാം കൂടി ഒറ്റ യൂണിറ്റായും അദ്ധ്യാപക തസ്തികകൾ എല്ലാം കൂടി ഒറ്റ യൂണിറ്റായും കണ്ട് ഭിന്നശേഷി സംവരണം നടപ്പിലാക്കേണ്ടതാണ്.

2) 7.2.1996 മുതൽ 18.4.2017 വരെ 3 ശതമാനവും 19.4.2017 മുതൽ 4 ശതമാനവും ഓരോ ഭിന്നശേഷി വിഭാഗത്തിനും 1 ശതമാനം ലഭിക്കുന്ന രീതിയിൽ ഭിന്നശേഷി സംവരണം നടപ്പിലാക്കേണ്ടതാണ്.

3) ഭിന്നശേഷി സംവരണം ഇതുവരെ നടപ്പിലാക്കാത്ത സ്ഥാപനങ്ങൾക്ക് 7.2.1996 മുതൽ 18.4.2017 വരെ നടത്തിയ നിയമനങ്ങളിൽ 3 ശതമാനവും 19.4.2017 മുതൽ ഇതുവരെ നടത്തിയ നിയമനങ്ങളിൽ 4 ശതമാനവും ബാക്ക് ലോഗ് ഒഴിവുകളായി കണക്കാക്കി ഇനി മുതൽ ഒഴിവ് വരുന്ന തസ്തികകളിൽ സംവരണം നടപ്പാക്കേണ്ടതാണ്. നിലവിൽ ഭിന്നശേഷിക്കാരെ നിയമിച്ചിട്ടുണ്ട് എങ്കിൽ ആ നിയമനങ്ങൾ ബാക്ക് ലോഗിൽ കുറവ് വരുത്താവുന്നതാണ്.

4) 4% ഭിന്നശേഷി സംവരണം, റിസർവേഷൻ റോസ്റ്ററിൽ 25 ന്റെ ഓരോ ബ്ലോക്കിലും ആദ്യ തസ്തിക ഭിന്നശേഷിക്കാർക്കായി സംവരണം ചെയ്യു റിസർവേഷൻ റോസ്റ്റർ റൊട്ടേഷൻ അടിസ്ഥാനത്തിൽ തയ്യാറാക്കേണ്ടതാണ്.

5) മുൻഗണനാ ക്രമം 1. കാഴ്ചപരിമിതർ, 2. ശ്രവണപരിമിതർ, 3. അംഗവൈകല്യമുള്ളവർ 4. ലോക്കോമോട്ടോർ ഡിസബിലിറ്റി / സെറിബ്രൽ പാൾസി എന്ന രീതിയിലായിരിക്കണം.

6) റൊട്ടേഷൻ വ്യവസ്ഥപ്രകാരം അദ്ധ്യാപക തസ്തികയിലെ ഏത് വിഭാഗങ്ങളിൽപ്പെട്ട പോസ്റ്റുകളാണ് ഭിന്നശേഷി സംവരണത്തിൽ ഉൾപ്പെടുക എന്ന് നിശ്ചയിച്ച് വിജ്ഞാപനത്തിൽ വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം.

7) അർഹതപ്പെട്ട എല്ലാ വിഷയങ്ങൾക്കും സംവരണം ലഭിക്കുന്ന രീതിയിൽ റൊട്ടേഷനിലായിരിക്കണം.

നിയമനം നടത്തേണ്ടത്.
8) ആറാം വ്യവസ്ഥപ്രകാരം തസ്തിക നിശ്ചയിക്കുമ്പോൾ നിലവിൽ ഭിന്നശേഷിക്കാർ 4 ശതമാനം ഉള്ള
പഠനവിഭാഗത്തിലെ തസ്തിക തന്നെ വന്നാൽ തൊട്ടടുത്ത വിഭാഗത്തിലെ തസ്തികയിലേക്ക് സംവരണം
മാറ്റാവുന്നതാണ്. പഠനവകുപ്പുകളുടെ ഇംഗ്ലീഷ് അക്ഷരമാലാ ക്രമത്തിലുള്ള ഒരു പട്ടിക തയ്യാറാക്കി
അതിലെ ക്രമത്തിലായിരിക്കണം ഇങ്ങനെ മാറ്റുന്നത്.
9) സംവരണ വിഷയങ്ങളിൽ കാഴ്ച പരിമിതർക്കുള്ള സംവരണം G.O.(P) No.119/2005/SWD dated
6/8/2005 നമ്പർ ഉത്തരവിന്റേയും കാലാകാലങ്ങളിൽ സാമൂഹ്യനീതി വകുപ്പ് പുറപ്പെടുവിക്കുന്ന ഭേദഗതി
ഉത്തരവുകളിലെ വ്യവസ്ഥകൾക്കും വിധേയമായിരിക്കും.
10) കായിക വിദ്യാഭ്യാസ വകുപ്പിനെ സംവരണ പരിധിയിൽ നിന്നും ഒഴിവാക്കുന്നതിനു വേണ്ടി RPWD Act
മുപ്പത്തിനാലാം വകുപ്പിലെ (1)-ാം ഉപവകുപ്പിന്റെ 2-ാം ക്ലിപ്തനിബന്ധന പ്രകാരം സംസ്ഥാന
ഭിന്നശേഷി കമ്മീഷണറുമായി ആലോചിച്ച് വിജ്ഞാപനം പുറപ്പെടുവിക്കുന്നതാണ്.
11) ഭിന്നശേഷി സംവരണം ഉൾപ്പെടുത്തിയ റോസ്റ്റർ അതാത് എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ
സൂക്ഷിക്കേണ്ടതാണ്. കൂടാതെ, ടി റോസ്റ്ററിന്റെ പകർപ്പ് സെലക്ഷൻ കമ്മറ്റിയിലേക്കുള്ള സർക്കാർ
നോമിനിക്കായി അപേക്ഷിക്കുന്ന വേളയിലും നിയമനാംഗീകാരത്തിനായി അപേക്ഷിക്കുന്ന വേളയിലും
നിയമനാധികാരി ഹാജരാക്കേണ്ടതാണ്.
12) ഭിന്നശേഷിക്കാർക്കായി സംവരണം ചെയ്ത തസ്തികയിൽ അപേക്ഷകർ ഇല്ലാതെ വന്നാൽ
ഒരാവർത്തികൂടി വിജ്ഞാപനം ചെയ്യേണ്ടതും അതിനു ശേഷവും ഇല്ലാതെ വന്നാൽ ഖണ്ഡിക (8) ലെ
നിബന്ധനപ്രകാരം റൊട്ടേഷൻ മാറ്റാവുന്നതുമാണ്.
13) എയ്ഡഡ് ആർട്സ് & സയൻസ് കോളേജുകൾ/ എയ്ഡഡ് ട്രെയിനിംഗ് കോളേജുകൾ/ എയ്ഡഡ്
അറബിക് കോളേജുകൾ എന്നിവയിൽ 7/2/1996 മുതലുള്ള അദ്ധ്യാപക തസ്തികകൾ കണക്കാക്കി
റൊട്ടേഷൻ പ്രകാരം ബാക്ക് ലോഗ് വേക്കൻസി നിശ്ചയിക്കുന്നതിന് സർവ്വകലാശാലകളെയും
അനദ്ധ്യാപക തസ്തികകൾ കണക്കാക്കി റൊട്ടേഷൻ പ്രകാരം ബാക്ക് ലോഗ് വേക്കൻസി
നിശ്ചയിക്കുന്നതിന് കോളേജ് വിദ്യാഭ്യാസ ഡയറക്ടറേയും ചുമതലപ്പെടുത്തുന്നു. നിയമനത്തിന് സർക്കാർ
പ്രതിനിധിയെ ആവശ്യപ്പെടുന്ന ഘട്ടത്തിൽ സർവ്വകലാശാലയും കോളേജ് വിദ്യാഭ്യാസ ഡയറക്ടറും
തയ്യാറാക്കി നൽകുന്ന റോസ്റ്റർ സർക്കാരിൽ ഹാജരാക്കേണ്ടതാണ്. കൂടാതെ, നിയമനാംഗീകാരം
നല്കുന്ന വേളയിൽ ടി റൊട്ടേഷൻ പാലിച്ചിട്ടുണ്ടെന്ന് ബന്ധപ്പെട്ട അധികാരി ഉറപ്പുവരുത്തേണ്ടതാണ്.
14) എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകളിൽ 7/2/1996 മുതലുള്ള തസ്തികകൾ കണക്കാക്കി റൊട്ടേഷൻ
പ്രകാരം ബാക്ക് ലോഗ് വേക്കൻസി നിശ്ചയിക്കുന്നതിന് എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക
സർവ്വകലാശാലയെയും സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേയും ചുമതലപ്പെടുത്തുന്നു. നിയമനത്തിന്
സർക്കാർ പ്രതിനിധിയെ ആവശ്യപ്പെടുന്ന ഘട്ടത്തിൽ സർവ്വകലാശാലയും സാങ്കേതിക വിദ്യാഭ്യാസ
ഡയറക്ടറും തയ്യാറാക്കി നൽകുന്ന റോസ്റ്റർ സർക്കാരിൽ ഹാജരാക്കേണ്ടതാണ്. കൂടാതെ,
നിയമനാംഗീകാരം നല്കുന്ന വേളയിൽ ടി റൊട്ടേഷൻ പാലിച്ചിട്ടുണ്ടെന്ന് ബന്ധപ്പെട്ട അധികാരി
ഉറപ്പുവരുത്തേണ്ടതാണ്.
15) എയ്ഡഡ് പോളിടെക്നിക് കോളേജുകളിൽ 7/2/1996 മുതലുള്ള തസ്തികകൾ കണക്കാക്കി റൊട്ടേഷൻ
പ്രകാരം ബാക്ക് ലോഗ് വേക്കൻസി നിശ്ചയിക്കുന്നതിന് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറെ
ചുമതലപ്പെടുത്തുന്നു. സർക്കാർ പ്രതിനിധിയെ നിയമിക്കുന്ന ഘട്ടത്തിലും നിയമനാംഗീകാരം നല്കുന്ന
വേളയിലും ടി റൊട്ടേഷൻ പാലിച്ചിട്ടുണ്ടെന്ന് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ ഉറപ്പുവരുത്തേണ്ടതാണ്.
16) ഈ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സർവ്വകലാശാലകളിൽ സ്റ്റാറ്റ്യൂട്ടിലോ
റെഗുലേഷനുകളിലോ ഭേദഗതി വരുത്തേണ്ടതുണ്ടെങ്കിൽ ഈ ഉത്തരവ് തിയതിമുതൽ 3 മാസത്തിനകം
ആയത് നടപ്പിൽ വരുത്തേണ്ടതാണ്.
17) ബാക്ക് ലോഗ് തസ്തികകൾ നികത്തുന്നതിന് പ്രത്യേക വിജ്ഞാപനം പുറപ്പെടുവിക്കാവുന്നതാണ്.
18) എയ്ഡഡ് ആർട്സ് & സയൻസ് കോളേജുകൾ/ എയ്ഡഡ് ട്രെയിനിംഗ് കോളേജുകൾ/ എയ്ഡഡ്
അറബിക് കോളേജുകൾ, എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകൾ, എയ്ഡഡ് പോളിടെക്നിക്
കോളേജുകൾ എന്നീ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ ഭിന്നശേഷി സംവരണത്തിനായി
നിയമനപ്രക്രിയയുടെ ഭാഗമായി പ്രത്യേക റാങ്ക് പട്ടിക തയ്യാറാക്കേണ്ടതാണ്. റാങ്ക് പട്ടികയിലെ
ആദ്യറാങ്കുകാരൻ ജോലിയിൽ പ്രവേശിക്കുന്നില്ലായെങ്കിൽ അർഹതാ മാനദണ്ഡം അനുസരിച്ചുള്ള അടുത്ത

റാങ്കുകാരന് സംവരണം മാറ്റി നൽകേണ്ടതാണ്.

19) യു.ജി.സി മാനദണ്ഡമനുസരിച്ചുള്ള യോഗ്യതയും മറ്റ് തിരഞ്ഞെടുപ്പ് മാനദണ്ഡങ്ങളും സംവരണതസ്തികകൾക്കും ബാധകമായിരിക്കും.

20) ഈ ഉത്തരവിന് മുൻപ് നടത്തിയ നിയമനങ്ങൾ സാധൂകരിക്കുന്നു. ഇവ കൂടി ബാക്ക് ലോഗ് തസ്തികയായി കണക്കാക്കി നികത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. വേണു വി ഐഎഎസ്
അഡീഷണൽ ചീഫ് സെക്രട്ടറി

1) കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
2) സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
3) സെക്രട്ടറി, സംസ്ഥാന ഭിന്നശേഷി കമ്മീഷണറേറ്റ്, ആഞ്ജനേയ, ശാസ്തമംഗലം-695010
4) രജിസ്ട്രാർ, കേരള/എം.ജി./കാലിക്കറ്റ്/കണ്ണൂർ/എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാല
5) കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം/കോട്ടയം/ എറണാകുളം/ തൃശ്ശൂർ/ കോഴിക്കോട്
6) അക്കൗണ്ടന്റ് ജനറൽ (എ & ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം
7) സാമൂഹ്യ നീതി വകുപ്പ്
8) www.highereducation.kerala.gov.in
9) ഉന്നത വിദ്യാഭ്യാസ (ബി/സി/എഫ്/ജെ/എൽ) വകുപ്പ്
10) കരുതൽ കോപ്പി / ഓഫീസ് കോപ്പി (ഡി1/178/2020/ഉ.വി.വ.)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

അനുബന്ധം - 2



"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

ഉന്നത വിദ്യാഭ്യാസ വകുപ്പ് - സ്വകാര്യ എയ്ഡഡ് കോളേജുകൾ - സംസ്ഥാനത്തെ എയ്ഡഡ് ആർട്സ് & സയൻസ് കോളേജുകൾ, എയ്ഡഡ് ട്രെയിനിംഗ് കോളേജുകൾ, എയ്ഡഡ് അറബിക് കോളേജുകൾ, എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകൾ, എയ്ഡഡ് പോളിടെക്നിക് കോളേജുകൾ എന്നീ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ ഭിന്നശേഷി സംവരണം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട മാർഗ്ഗരേഖ- അധിക നിർദ്ദേശങ്ങൾ - ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉന്നത വിദ്യാഭ്യാസ ( ഡി) വകുപ്പ്

സ.ഉ.(കൈ) നം.279/2022/HEDN തീയതി,തിരുവനന്തപുരം, 05-06-2022

പരാമർശം:-
1. സ.ഉ.(കൈ) നം.96/2021/ഉ.വി.വ., തീയതി 15/2/2021
2. സ.ഉ.(കൈ) നം.242/2022/ഉ.വി.വ. തീയതി 18/5/2022

**ഉത്തരവ്**

സംസ്ഥാനത്തെ എയ്ഡഡ് ആർട്സ് & സയൻസ് കോളേജുകൾ, എയ്ഡഡ് ട്രെയിനിംഗ് കോളേജുകൾ, എയ്ഡഡ് അറബിക് കോളേജുകൾ, എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകൾ, എയ്ഡഡ് പോളിടെക്നിക് കോളേജുകൾ എന്നീ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ ഭിന്നശേഷി സംവരണം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് പരാമർശം (1), (2) ഉത്തരവുകൾ പുറപ്പെടുവിച്ചിരുന്നു. അതിനു തുടർച്ചയായി, 18/5/2022 ന് ശേഷം നടത്തുന്ന എല്ലാ നിയമനപ്രക്രിയയും പരാമർശം (2) ഉത്തരവിലെ വ്യവസ്ഥകൾക്കനുസൃതമായി മാത്രമേ നടത്താൻ പാടുള്ളൂ എന്ന് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഹരി കുമാർ ജി

ജോയിന്റ് സെക്രട്ടറി

1) കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
2) സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
3) സെക്രട്ടറി, സംസ്ഥാന ഭിന്നശേഷി കമ്മീഷണറേറ്റ്, ആഞ്ജനേയ, ശാസ്തമംഗലം-695010
4) രജിസ്ട്രാർ, കേരള/എം.ജി./കാലിക്കറ്റ്/കണ്ണൂർ/എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാല
5) കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം/കോട്ടയം/ എറണാകുളം/ തൃശ്ശൂർ/ കോഴിക്കോട്
6) അക്കൗണ്ടന്റ് ജനറൽ (എ & ഇ/ആഡിറ്റ്),കേരള, തിരുവനന്തപുരം
7) സാമൂഹ്യ നീതി വകുപ്പ്
8) www.highereducation.kerala.gov.in
9) ഉന്നത വിദ്യാഭ്യാസ (ബി/സി/എഫ്/ജെ/എൽ) വകുപ്പ്
10) കരുതൽ കോപ്പി / ഓഫീസ് കോപ്പി(ഡി1/178/2020/ഉവിവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

അനുബന്ധം - 3

| സ്ഥാപനം | 07.02.96 മുതൽ 18.04.2017 വരെയുള്ള ആകെബാക്ക് ലോഗ് | 07.02.96 മുതൽ 18.04.2017 വരെയുള്ള ആകെബാക്ക് ലോഗ് ഒഴിവുകളിൽ നടത്തിയിട്ടുള്ളനിയമനങ്ങൾ (അദ്ധ്യാപക അനദ്ധ്യാപക | 19.04.2017 മുതലുള്ള ആകെ ബാക്ക് ലോഗ് ഒഴിവുകൾ (അദ്ധ്യാപക അനദ്ധ്യാപക തസ്തിക തിരിച്ച്) | 19.04.2017 മുതലുള്ള ആകെ ബാക്ക് ലോഗ് ഒഴിവുകളിൻമേൽ നടത്തിയിട്ടുള്ള നിയമനങ്ങൾ(അദ്ധ്യാപ | അവശേഷിക്കുന്ന ബാക്ക് ലോഗ് നിയമനങ്ങളുടെ വിശദാംശങ്ങൾ | ഭിന്നശേഷി സംവരണ നിയമനം നടപ്പിലാക്കുന്നതിനായി റോസ്റ്റർ ക്രമം പാലിക്കുന്നതിന് സംബന്ധിച്ച കൈക്കൊണ്ട നടപടികൾ |
|---|---|---|---|---|---|---|
| എസ്.എസ്.എം പോളിടെക്നിക് കോളേജ്, തിരൂർ | അദ്ധ്യാപക തസ്തികകൾ-49 അനദ്ധ്യാപക തസ്തികകൾ--15 | അദ്ധ്യാപക തസ്തികകൾ- ഇല്ല അനദ്ധ്യാപക തസ്തികകൾ -1 എണ്ണം | അദ്ധ്യാപക തസ്തികകൾ-22 അനദ്ധ്യാപക തസ്തികകൾ--15 | അദ്ധ്യാപക തസ്തികകൾ-1 അനദ്ധ്യാപക തസ്തികകൾ--1 | അദ്ധ്യാപക തസ്തികകൾ-1 അനദ്ധ്യാപക തസ്തികകൾ-- ഇല്ല | റോസ്റ്റർ പ്രകാരം അദ്ധ്യാപക തസ്തികകളിൽ രണ്ട് നിയമനങ്ങളിൽ കൂടി ഭിന്നശേഷി സംവരണം പാലിക്കേണ്ടതുണ്ട്. ആയത് ഇനിവരുന്ന ആദ്യനിയമനങ്ങളിൽ പരിഗണിക്കുന്നതിനുള്ള നിർദ്ദേശം സ്ഥാപനത്തിന് നല്കിയിട്ടുണ്ട്. |
| ത്യാഗരാജാ പോളിടെക്നിക് കോളേജ് | അദ്ധ്യാപക തസ്തികകൾ-40 അനദ്ധ്യാപക തസ്തികകൾ--16 | അദ്ധ്യാപക തസ്തികകൾ- ഇല്ല അനദ്ധ്യാപക തസ്തികകൾ--1 എണ്ണം | അദ്ധ്യാപക തസ്തികകൾ-14 അനദ്ധ്യാപക തസ്തികകൾ--13 | തസ്തികകൾ-ഇല്ല അനദ്ധ്യാപക തസ്തികകൾ--ഇല്ല | അദ്ധ്യാപക തസ്തികകൾ-2 അനദ്ധ്യാപക തസ്തികകൾ--ഇല്ല | ഇനിവരുന്ന രണ്ട് അദ്ധ്യാപക തസ്തിക ഒഴിവുകളും ഭിന്നശേഷിനിയമനത്തിനായുള്ള തുടർനടപടി സ്വീകരിക്കും |
| കാർമൽ പോളിടെക്നിക് കോളേജ് | അദ്ധ്യാപക തസ്തികകൾ-42 അനദ്ധ്യാപക തസ്തികകൾ--13 | അദ്ധ്യാപക തസ്തികകൾ -0 അനദ്ധ്യാപക തസ്തികകൾ--1 | അദ്ധ്യാപക തസ്തികകൾ-10 അനദ്ധ്യാപക തസ്തികകൾ--10 | അദ്ധ്യാപക തസ്തികകൾ-1 അനദ്ധ്യാപക തസ്തികകൾ--1 | അദ്ധ്യാപക തസ്തികകൾ-ഇല്ല അനദ്ധ്യാപക തസ്തികകൾ--ഇല്ല | നിലവിൽ ഭിന്നശേഷി നിയമനം പാലിച്ച് നിയമനം നടത്തിയിട്ടുണ്ട്. തുടർന്നും റോസ്റ്ററിൻറെ അടിസ്ഥാനത്തിൽ സംവരണം പാലിച്ച് നിയമനം നടത്തുന്നതിനുള്ള നിർദ്ദേശം സ്ഥാപനത്തിനു നല്കിയിട്ടുണ്ട്. |
| സ്വാമി നിത്യാനന്ദ പോളിടെക്നിക് കോളേജ് | ബാക്ക് ലോഗ് പ്രകാരം ടി സ്ഥാപനത്തിൽ ഭിന്നശേഷി നിയമനങ്ങളൊന്നും നടത്തിയിട്ടില്ല . നിലവിൽ അനുവദിക്കപ്പെട്ട 75 തസ്തികകളിൽ 30 തസ്തികകൾ ഒഴിഞ്ഞുകിടക്കുകയാണ്. നിയമനവുമായി ബന്ധപ്പെട്ട് തുടർനടപടി സ്വീകരിക്കുമ്പോൾ റോസ്റ്ററിൻറെ അടിസ്ഥാനത്തിൽ ഭിന്നശേഷി നിയമനം കൂടി പരിഗണിച്ച് നിയമനം നടത്തുന്നതിനുള്ള നിർദ്ദേശം സ്ഥാപനത്തിന് നല്കിയിട്ടുണ്ട്. | | | | | |
| എൻ.എസ്.എസ് പോളിടെക്നിക് കോളേജ് | അദ്ധ്യാപക തസ്തികകൾ-62 അനദ്ധ്യാപക തസ്തികകൾ--13 | അദ്ധ്യാപക തസ്തികകൾ- ഇല്ല അനദ്ധ്യാപക തസ്തികകൾ--ഇല്ല | അദ്ധ്യാപക തസ്തികകൾ-12 അനദ്ധ്യാപക തസ്തികകൾ--5 | അദ്ധ്യാപക തസ്തികകൾ-ഇല്ല അനദ്ധ്യാപക തസ്തികകൾ--ഇല്ല | അദ്ധ്യാപക തസ്തികകൾ-3 അനദ്ധ്യാപക തസ്തികകൾ--1 | അദ്ധ്യാപക തസ്തികകളിൽ നടത്താനിരിക്കുന്ന നിയമനങ്ങളിൽ ഭിന്നശേഷി സംവരണം ഉറപ്പാക്കിയിട്ടുണ്ട്. |
| ശ്രീനാരായണപോളിടെക്നിക് കോളേജ്, കൊട്ടിയം | അദ്ധ്യാപക തസ്തികകൾ -62 അനദ്ധ്യാപക തസ്തികകൾ --20 | അദ്ധ്യാപക തസ്തികകൾ - ഇല്ല അനദ്ധ്യാപക തസ്തികകൾ - ഇല്ല | അദ്ധ്യാപക തസ്തികകൾ-15 അനദ്ധ്യാപക തസ്തികകൾ--8 | അദ്ധ്യാപക തസ്തികകൾ ഇല്ല അനദ്ധ്യാപക തസ്തികകൾ--ഇല്ല | അദ്ധ്യാപക തസ്തികകൾ-3 അനദ്ധ്യാപക തസ്തികകൾ--1 | നിലിവിൽ അദ്ധ്യാപക തസ്തികയിലും അനദ്ധ്യാപക തസ്തികയിലും ഓരോ നിയമനങ്ങൾ വീതം ഭിന്നശേഷി സംവരണം പാലിച്ച് നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ സിവിൽ വിഭാഗത്തിൽ ഭിന്നശേഷി നിയമനത്തിനായി നോട്ടിഫിക്കേഷൻ നടത്തിയെങ്കിലും യോഗ്യരായ ഉദ്യോഗാർത്ഥികൾ ഇല്ലാത്തതിനാൽ ടി തസ്തികയിൽ നിയമനം നടത്തിയിട്ടില്ല. ആയത് റീ നോട്ടിഫിക്കേഷൻ നടത്തുന്നതിനുള്ള തുടർനടപടി സ്വീകരിക്കുന്നതിനുള്ള നിർദ്ദേശം സ്ഥാപനത്തിനു നല്കിയിട്ടുണ്ട്. |

അനുബന്ധം-4

# GOVERNMENT OF KERALA

## Abstract

General Education Department -Appointments in Aided Institutions-Reservation for Persons With Disabilities - Orders Issued

## GENERAL EDUCATION (J) DEPARTMENT

G.O.(P)No.19/2021/GEDN Dated,Thiruvananthapuram, 08/11/2021

Read 1 G.O(P)No.61/2012/SWD dated 17.10.2012
2 G.O(P)No.1/2013/SJD dated 3/1/2013
3 G.O(P)No.30/2013/SJD dated 04/04/2013
4 G.O(P)No.1/2015/SJD dated 5/1/2015
5 G.O(P)No.18/2017/SJD dated 14/9/2017
6 G.O(P)No.18/2018/SJD dated 18.11.2018

## ORDER

In accordance with the directions contained in the Government Order read as sixth paper above, the following orders are issued to all Managers of aided institutions coming under the General Education Department,:-

(i) To ensure 3% reservation of the total number of vacancies in the cadre strength in appointments in aided schools to the posts which are identified as suitable for persons with disabilities and issued vide Government Orders read as 1st to 5th papers above, with effect from 07.02.1996 and to fill the backlog from 07.02.1996 to 18.04.2017 as per the provisions of Persons with Disabilities (Equal Opportunities, Protection of Rights and Full Participation) Act, 1995 with immediate effect.

(ii) To provide 4% reservation of the total number of vacancies in the cadre strength in appointments in aided schools to the posts which are identified/to be identified as suitable for persons with disabilities with

effect from 19.04.2017 as per the provisions of Rights of Persons with Disabilities Act, 2016.

2. It is also ordered that immediate steps should be taken to calculate backlog of vacancies in schools and to fill up the same in the arising vacancies.

3. The Director of General Education shall ensure implementation of the above directions as well as reservation as prescribed in the Government Order read as 6th paper above in regard to identification, selection and appointment in all aided institutions is strictly followed.

(By order of the Governor)
A P M Mohammed Hanish
Principal Secretary

To:

Director of General Education, Thiruvananthapuram

All Managers of Aided institutions(through District Educational Officers, Assistant Educational Officers concerned)

All Deputy Directors of Education, District Educational Officers, Assistant Educational Officers (Through DGE)

Advocate General, Ernakulam (with C/L)

Accountant General (Audit/A&E), Kerala, Thiruvananthapuram

Executive Director, KITE, Thiruvananthapuram (for publishing in the website)

Information and Public Relations (Web&New Media) Department (for publishing in the website)

Stock File/Office Copy

Forwarded /By order
Signed by Deepa P R
Date: 09-11-2021 11:10:57
Reason: Approved
Section Officer

Copy to:-

Private Secretary to the Hon'ble Minister (General Education & Labour)

PA to the Principal Secretary, General Education Department

അനുബന്ധം - 5

| ക്രമ നം. | പേര്, തസ്തിക, സ്കൂൾ |
|---|---|
| 1 | ഷീബ മനോജ്(HSST Jr) കാത്തലിക്കേറ്റ് എച്ച് എസ് എസ്,പത്തനംതിട്ട |
| 2 | രത്ന സാഗർ1 (HSST) NSSഎച്ച് എസ് എസ്, തട്ടയിൽ, |
| 3 | ജോബി ഈ ജോൺ(LAB ASSISTANT) സെന്റ്ജോൺസ് എച്ച്എസ്എസ്. മറ്റം, ആലപ്പുഴ |
| 4 | അനിൽ എം.ആർ (HSST) സെന്റ്തെരാസാസ് ബിസി എച്ച് എസ് എസ്, ചെങ്ങന്നൂർ |
| 5 | റിങ്കു ജോൺസൺ എം.ജി.എം എൻ എസ് എസ് എച്ച്എസ്.എസ്, ലാക്കട്ടൂർ കോട്ടയം-1 (HSST) |
| 6 | ഐശ്വര്യ ശശിധരൻ (HSST Jr) സെന്റ് തോമസ് എച്ച്.എസ്.എസ്, പാലാ |
| 7 | ഹനിമ എസ്, എസ്.എ.എച്ച്.എസ്.എസ്, രാമപുരം കോട്ടയം (HSST Jr) |
| 8 | മുഹമ്മദ് റാഫി.ഇ, എം.ജി എച്ച്.എസ്.എസ്, ഈരാറ്റുപേട്ട- കോട്ടയം (HSST ) |
| 9 | 5) ജൂബി സാമുവൽ എസ്.ജെ. എച്ച്.എസ്.എസ്, കരിമണ്ണൂർ കോട്ടയം 1 (HSST Jr) |
| 10 | അഥീന എ (HSST ) ഹോളിഫാമിലി എച്ച്.എസ്.എസ്, കോട്ടയം-1 (HSST) |
| 11 | ശ്രീമതി മഞ്ജുള കെ.ജെ (HSST), അൽ ഫാറൂഖ്യ എച്ച്എസ്.എഎസ്, ചേരനെല്ലൂർ- എറണാകുളം |
| 12 | ശ്രീമതി ടെസ്സ പിജി (hsst Jr), OLFCG, എചച്.എസ്.എസ്, കുമ്പളങ്ങി- എറണാകുളം |
| 13 | ശ്രീമതി ആതിര ജെ (HSST ) സെന്റ് ജോർജ്ജ് എച്ച്.എസ്.എസ്, കോതമംഗലം- എറണാകുളം |
| 14 | ശ്രീമതി സജില എ ദലീൽ (HSST Jr ) സെന്റ് അഗസ്റ്റിൻ എച്ച്.എസ്.എസ്, കല്ലൂർക്കാട്- എറണാകുളം |
| 15 | ശ്രീ കിരൺ പി.എസ് (HSST Jr )<br><br>ബി എച്ച്.എസ്.എസ്-കാലടി, എറണാകുളം |
| 16 | ശ്രീമതി രാജി.എസ് (HSST) SNDP എച്ച്.എസ്.എസ്, പാലിശ്ശേരി- തൃശ്ശൂർ |
| 17 | ശ്രീ. ജോബി ഏലിയാസ് (LAB ASSISTANT) സെന്റ് ആന്റണീസ് എച്ച്.ഓസ്.എസ്, മാള |
| 18 | ശ്രീമതി റീബ ആന്റോ (HSST) സെന്റ് ആൻസ് എച്ച്.എസ്.എസ്, കോട്ടപ്പുറം |
| 19 | ശ്രീമതി സൗമ്യ പ്രഭ. കെ, SRKGVM എച്ച്.എസ്.എസ് പുറനാട്ടുകര- (HSST JR) |
| 20 | ശ്രീമതി കാവ്യ എം.വി (HSST ) , SRKGVM എച്ച്.എസ്.എസ് പുറനാട്ടുകര |
| 21 | സാംരംഗ് കെ.റ്റി (HSST) MSM എച്ച്.എസ്.എസ്, കല്ലിങ്കൽ പറമ്പ്-1 (HSST) മലപ്പുറം |
| 22 | നയന തോമസ് (HSST JR), ഹോളിഫാമിലി എച്ച്.എസ്.എസ്, കട്ടിപ്പാറ |
| 23 | റെമിത്ത് വി (HSST) സെന്റ് സെബാസ്റ്റ്യൻസ് എച്ച്.എസ്.എസ് കൂടരഞ്ഞി-കോഴിക്കോട് |
| 24 | വിനിത ഇ (HSST) നന്മിണ്ട എച്ച്.എസ്.എസ് |
| 25 | അശ്വതി കെ (HSST JR) ക്രസന്റ് എച്ച്.എസ്.എസ്, വാണിമേൽ- കണ്ണൂർ |
| 26 | ശ്രീമതി ബീന മാനുവൽ (HSST JR) സേക്രട്ട് ഹാർട്ട് എച്ച്.എസ്.എസ്, പയ്യാവൂർ-1 (HSST) കണ്ണൂർ |
| 27 | ബിൽസൺ വി.വി (LAB ASSISTANT) സേക്രട്ട് ഹാർട്ട് എച്ച്എസ്.എസ്, അങ്ങാടിക്കടവ് |
| 28 | ലില്ലിയാൻ റോസ്, (HSST JR) മേരിഗിരി എച്ച്.എസ്.എസ്, തേർ അല്ലി- കണ്ണൂർ |
| 29 | അബ്ദുൽ റഹിമാൻ പി.റ്റി (HSST), ഇഖ് ബാൽ എച്ച്.എസ്.എസ്, അജാനൂർ-1, കാസറഗോഡ് |
| 30 | ലിജിൻ.എൽ.ആർ (കാറ്റഗറി- I), വിമലഹൃദയ എൽ.പി.എസ്, വിറളി, പാറശ്ശാല |
| 31 | അമല മോഹൻ (കാറ്റഗറി- I), വി.വി.എച്ച്.എസ്, ഓലത്താന്നി, നെയ്യാറ്റിൻകര |
| 32 | മുബീന.എ (കാറ്റഗറി- I), എൽ.വി. യു.പി.എസ് വെൺകളം |
| 33 | കീർത്തന എം. നായർ (കാറ്റഗറി- I)<br><br>എൽ.എം.എസ് .എൽ.പി.എസ് അരുമാനൂർ, കാട്ടാക്കട |
| 34 | പ്രഫുൽ പ്രസാദ് (കാറ്റഗറി- I), ആർ.സി.എൽ.പി.എസ്, കീഴാറൂർ, കാട്ടാക്കട |
| 35 | ആർദ്ര എസ്.കുമാർ (കാറ്റഗറി- I), എസ്.എൻ.വി യു.പി.എസ് പുളിമാത്ത്, കിളിമാനൂർ |
| 36 | ഷഫീന എസ് (കാറ്റഗറി- I), വള്ളക്കടവ് എൽ.പി.എസ് തിരുവനന്തപുരം നോർത്ത് |
| 37 | അഞ്ജന. എ.ആർ (കാറ്റഗറി- I), ഹോളിക്രോസ് എൽ.പി.എസ്, പരുത്തിപ്പാറ |

| | |
|---|---|
| | തിരുവനന്തപുരം നോർത്ത്. |
| 38 | അജ്മൽ എൻ (കാറ്റഗറി- III), എസ്.കെ.വി.എച്ച്.എസ് കടമ്പാട്ടുകോണം ആറ്റിങ്ങൽ |
| 39 | ഷിൽസ വി. സാഗർ (കാറ്റഗറി- I), എസ്.എൻ.വി. എച്ച്.എസ്.എസ്, ആനാട്, ആറ്റിങ്ങൽ |
| 40 | വിഗ്നേഷ് എം (കാറ്റഗറി- I), ബി.എം.എൽ.പി.എസ് വലിയവിള പാറശ്ശാല |
| 41 | രമ്യ.എസ്.വി, വിജിമോൾ എസ്.വി, ഗോപിക ഗോപൻ (കാറ്റഗറി- I), ജെ.പി.എച്ച്.എസ്, ഒറ്റശേഖരമംഗലം, നെയ്യാറ്റിൻകര |
| 42 | ഷൈമ ജോർജ്ജ് (കാറ്റഗറി- I), പള്ളിത്തുറ എച്ച്.എസ്.എസ്, തിരുവനന്തപുരം |
| 43 | അനീഷ്.എ (കാറ്റഗറി- III), സെന്റ് ജോസഫ് എച്ച്.എസ്.എസ്, തിരുവനന്തപുരം |
| 44 | നിമ്മി ചന്ദ്രൻ, (കാറ്റഗറി- II), അഭിനന്ദ് (കാറ്റഗറി- I), എം.ജി.എച്ച്.എസ് പൂജപ്പുര |
| 45 | സീന.ആർ, (കാറ്റഗറി- II), സെന്റ് റോച്ച്സ് എച്ച്.എസ്, തോപ്പ്, തിരുവനന്തപുരം |
| 46 | ലിയമോൾ ഫിലിപ്പ് (കാറ്റഗറി- I), സെന്റ് റോച്ച്സ് റ്റി.റ്റി.ഐ |
| 47 | പ്രജിത. എൻ (കാറ്റഗറി- I), സെന്റ് ഫിലോമിനാസ്.എച്ച്.എസ്.എസ്, പൂന്തുറ, തിരുവനന്തപുരം |
| 48 | ഷമാം.എൽ.എസ് (കാറ്റഗറി- III), എൽ.വി.എച്ച്.എസ്, പോത്തൻകോട് |
| 49 | പ്രകാശ്.ജെ (കാറ്റഗറി- III), സുനിത.ഡി.എസ് (കാറ്റഗറി- I), ഫോർട്ട് എച്ച്.എസ്, തിരുവനന്തപുരം |
| 50 | രേഷ്മ രാജ് .ആർ (കാറ്റഗറി- III), ഫോർട്ട് ഗേൾസ് മിഷൻ എച്ച്.എസ്, തിരുവനന്തപുരം |
| 51 | ജിനുകുമാർ.പി (കാറ്റഗറി- III), ബി.എൻ.വി. വി.എച്ച്.എസ്, തിരുവല്ലം |
| 52 | ജിജു.വി (കാറ്റഗറി- I), എൽ.എം.എസ് എൽ.പി.എസ്, കോടൻകര |
| 53 | ആമിന.എച്ച് (കാറ്റഗറി- I), ശിവഗിരി എച്ച്.എസ്.എസ്, വർക്കല |
| 54 | പ്രിജി.എം.പി (കാറ്റഗറി- III), ശിവഗിരി എച്ച്.എസ്.എസ്, വർക്കല |
| 55 | സി.എസ്. ശ്രീഹരി (കാറ്റഗറി- III), ഡി.ബി.എച്ച്.എസ് കാരേറ്റ്, ആറ്റിങ്ങൽ |
| 56 | മനോജ്കുമാർ.എ.എസ് (കാറ്റഗറി- III), എസ്.എൻ.എച്ച്.എസ്, ഉഴമലക്കൽ |
| 57 | പ്രിയ ഫ്ലോറൻസ് (കാറ്റഗറി- I), എസ്.എൻ.എച്ച്.എസ്, ഉഴമലക്കൽ |
| 58 | കൊല്ലം ജില്ല |
| 59 | ലക്ഷ്മി.ജി.നായർ (LPST), എൻ.എസ്.എസ്, കെ.എൽ.പി.എസ്, പള്ളിക്കൽ |
| 60 | താജുദ്ദീൻ പി.എച്ച് (FTM), മഞ്ഞപ്പാറ എച്ച്.എസ് |
| 61 | ജാസിമുദീൻ. കെ HST (SS), വി.വി എച്ച്.എസ് പോരേടം |
| 62 | ആതിര .ആർ LPST, മുതുക്കുമെൻ യു.പി.എസ് |
| 63 | നിഷ ആർ UPST, ജെ.എം.എച്ച്.എസ്, ശാസ്താംകോട്ട |
| 64 | ശ്രീലക്ഷ്മി.വി.എസ് UPST, കോവൂർ യു.പി.എസ് |
| 65 | വിജി.വി LPST, സെന്റ് ജോഹൻസ് എൽ.പി.എസ്, പുനലൂർ |
| 66 | കുമാരി ഷീജ (എൽ.ജി ഹിന്ദി), ഉഹനന്ദപുരം എച്ച്.എസ്.എസ് |
| 67 | സൂര്യസുശീലൻ HST ഹിന്ദി, റ്റി.കെ.എം എച്ച്.എസ് |
| 68 | ഷാഹിന.ഐ UPST, ഖാദരിയ എച്ച്.എസ്, കൊട്ടുകാട് |
| 69 | അബിൻഷാ UPST, എസ്.വി.പി.എം എച്ച്.എസ്.എസ്, വടക്കുംതല |
| 70 | ജോമോ നിനാൻ UPST, മയ്യനാട് എച്ച്.എസ്.എസ് |
| 71 | ഷെഫിക്ക് കട്ടി OA, ഖാദരിയ എച്ച്.എസ്, കൊട്ടുകാട് |
| 72 | വിനോദ്.കെ.പി LPST, യു.പി.എസ് അറ്റൂർകോണം |
| 73 | യശ്വന്ത്.പി (മാനേജർ നേരിട്ട് നടത്തിട നിയമനം) UPST, കല്ലുവാതുക്കൽ യു.പി.എസ് |
| 74 | ലിഫിന ജോസ് HST (SS), വിമലഹൃദയ ഗേൾസ് എച്ച്.എസ്, കൊല്ലം |
| 75 | ഗോമതി വി HST (Maths), ക്രിസ്തു രാജ് എച്ച്.എസ്., കൊല്ലം |
| 76 | ആശ.എഫ് UPST, എൻ.എസ്.എം ഗേൾസ് എച്ച്.എസ്, കൊട്ടിയം |
| 77 | ജസ്സി ഇ തോമസ് (UPST), സെന്റ് മേരീസ് ഗേൾസ് എച്ച്.എസ്, കാഞ്ഞിരക്കോട് |
| 78 | ദിവ്യമേരി ബി.റ്റി UPST, സി.എഫ്. എച്ച്.എസ്, കൊട്ടിയം |
| 79 | സെന്റ് ജോർജ്ജ് എച്ച്.എസ്. കോട്ടാങ്ങൽ, പത്തനംതിട്ട |
| 80 | സെന്റ് ബഹനാൻസ് എച്ച്.എസ്, വെണ്ണിക്കുളം, പത്തനംതിട്ട |

2

| | |
|---|---|
| 81 | ഡി.ബി.എച്ച്.എസ്, തിരുവല്ല, പത്തനംതിട്ട |
| 82 | എൻ.എസ്.എസ്.എച്ച്.എസ്., വായ്പൂർ, പത്തനംതിട്ട |
| 83 | സി.എം.എസ്.എച്ച്.എസ്, തിരുവല്ല, പത്തനംതിട്ട |
| 84 | സി.എം.എസ്.എച്ച്.എസ്, പുന്നവേലി, പത്തനംതിട്ട |
| 85 | എസ്.വി. എച്ച്.എസ്, പുല്ലാട്, പത്തനംതിട്ട |
| 86 | എം.റ്റി.എച്ച്.എസ്, കുറിയന്നൂർ , പത്തനംതിട്ട |
| 87 | എൻ.എം.എച്ച്.എസ്., കുമ്പനാട്, പത്തനംതിട്ട |
| 88 | സെന്റ് ജോൺസ് എച്ച്.എസ്.എസ്, ഇരവിപേരൂർ, പത്തനംതിട്ട |
| 89 | സെന്റ് തേരാസസ് ബി.സി.എച്ച്.എസ്, ചെങ്ങന്നൂർ, പത്തനംതിട്ട |
| 90 | ഷെറിൻ പണിക്കർ, കാത്തോലിക്കേറ്റ് എച്ച്.എസ്.എസ്, പത്തനംതിട്ട |
| 91 | അജി.ബി, സി.എ.എം.എച്ച്.എസ്, കറുമ്പകര,പത്തനംതിട്ട |
| 92 | നിഷ.എൻ.എസ്, എം.എസ്.എം.യു.പി.എസ്, കടപ്ര,പത്തനംതിട്ട |
| 93 | രഞ്ജിത മധു, തിരുമൂല വിലാസം യു.പി.എസ്, തിരുവല്ല, പത്തനംതിട്ട |
| 94 | ബിമൽ സുരേഷ്, എം.എസ്.സി.എൽ.പി.എസ്, മൈലപ്ര, പത്തനംതിട്ട |
| 95 | റിവിൻ.ആർ, എൻ.വി.എൽ.പി.എസ്, വകയാർ, പത്തനംതിട്ട |
| 96 | അജിത്കുമാർ.വി, എസ്.എൻ.ഡി.പി.യു.പി.എസ്, മേക്കൊഴൂർ, പത്തനംതിട്ട |
| 97 | പ്രസാദ്.റ്റി.എസ്, എൻ.എം.എൽ.പി.എസ്, കുമ്പനാട്,പത്തനംതിട്ട |
| 98 | പ്രവിത.എം, സെന്റ് ഫിലോമിനാസ് യു.പി.എസ്, മല്ലപ്പള്ളി, പത്തനംതിട്ട |
| 99 | സിന്ധു.പി, എം.ഐ.എച്ച്.എസ്, പൂങ്കാവ്, ആലപ്പുഴ |
| 100 | മുഹമ്മദ് ഷെഫീക്ക്.യു, എൽ.എം.എച്ച്.എസ്, ആലപ്പുഴ |
| 101 | വേണുഗോപാൽ.എസ്. കമ്മത്ത്, എസ്.ഡി.വി.ജി.എച്ച്.എസ്, ആലപ്പുഴ |
| 102 | അന്റണി സ്റ്റാൻലി, സെന്റ് ജോസഫ് ജി.എച്ച്.എസ്, ആലപ്പുഴ |
| 103 | ചിത്രമോഹൻ, സെന്റ് ജോസഫ് ജി.എച്ച്.എസ്, ആലപ്പുഴ |
| 104 | ബിനു.കെ.കെ, സെന്റ് ജോസഫ് ജി.എച്ച്.എസ്, ആലപ്പുഴ |
| 105 | ജിജിമോൾ.എം.ആർ, സെന്റ് ആന്റണീസ് ജി.എച്ച്.എസ്.ആലപ്പുഴ |
| 106 | ശ്യാമ മധു, സെന്റ് ജോസഫ് എച്ച്.എസ്, പുന്നപ്ര, ആലപ്പുഴ |
| 107 | സിന്ധു.എസ്.എസ്, ലിയോ തേർട്ടീന്ത് എച്ച്.എസ്, ആലപ്പുഴ |
| 108 | ദീപ.എസ്.പിള്ള, എൻ.എസ്.എച്ച്.എസ്, വെളിയനാട്, ആലപ്പുഴ |
| 109 | ജിമ്മി ജോൺ ജേക്കബ്, സെന്റ് മേരീസ് ജി.എച്ച്.എസ്, എടത്വ,ആലപ്പുഴ |
| 110 | സുജാത.കെ, റ്റി.എം.റ്റി. എച്ച്.എസ്, തലവടി, ആലപ്പുഴ |
| 111 | മേരി പി.എക്സ്, എം.റ്റി.എസ്.ജി.എച്ച്.എസ്, ആനപ്രാമ്പാൽ, ആലപ്പുഴ |
| 112 | ഷീന ബാബു, ഹോളി ഫാമിലി എച്ച്.എസ്, കാട്ടൂർ, ആലപ്പുഴ |
| 113 | സുറുമി.എസ്, സെന്റ് ആഗസ്റ്റിൻസ് എച്ച്.എസ്, മാരാരിക്കുളം, ആലപ്പുഴ |
| 114 | ജസീറ റഷീദ്, ഹോളി ഫാമിലി എച്ച്.എസ്, കാട്ടൂർ, ആലപ്പുഴ |
| 115 | എബി ടൈറ്റസ്, ഇ.സി.ഇ.കെ യൂണിയൻ എച്ച്.എസ്, കുത്തിയതോട്, ആലപ്പുഴ |
| 116 | ജോ.എം.ബാബു, സെന്റ് മേരീസ് ജി.എച്ച്.എസ്, ചേർത്തല, ആലപ്പുഴ |
| 117 | രമ്യ.എസ്, സെന്റ് സെബാസ്റ്റ്യൻ എച്ച്.എസ്, പള്ളിത്തോട്, ആലപ്പുഴ |
| 118 | വർഷ പ്രകാശ്, എം.റ്റി.എച്ച്.എസ്, മുഹമ്മ, ആലപ്പുഴ |
| 119 | മുഹമ്മദ് റാഫി, വി.ജെ.എച്ച്.എസ്.എസ്, നദുവത്ത് നഗർ, ആലപ്പുഴ |
| 120 | മേരി ഗ്രേസി.വി.എ, ഹോളി ഫാമിലി എച്ച്.എസ്, മുട്ടം, ആലപ്പുഴ |
| 121 | ബിജോയ് എം.എസ്, എസ്.കെ.വി.എച്ച്.എസ്, പത്തിയൂർ, ആലപ്പുഴ |
| 122 | ഗോവിന്ദ് ആർ.പ്രസാദ്, എൻ.എസ്.ബി.എച്ച്.എസ്, മാന്നാർ, ആലപ്പുഴ |
| | വിഷ്ണു.പി, അമൃത എച്ച്.എസ്, വള്ളിക്കുന്നം, ആലപ്പുഴ |
| 124 | ഇന്ദു. ബി, എസ്.എൻ.ഡി.പി സംസ്കൃതം എച്ച്.എസ്, വള്ളികുന്നം,ആലപ്പുഴ |

| | |
|---|---|
| 125 | സവിത ലക്ഷ്മി.പി.എസ്, എസ്.കെ.വി എച്ച്.എസ്, കട്ടൻപേരൂർ, ആലപ്പുഴ |
| 126 | സേഇര, എസ്.വി.എച്ച്.എസ്, ചെറിയനാട്,ആലപ്പുഴ |
| 127 | അർച്ചനമോൾ, എം.റ്റി.എച്ച്.എസ്, വെൺമണി, ആലപ്പുഴ |
| 128 | അഖില ബേബി, എൽ.എഫ്.യു.പി.എസ്, ചേർത്തല, ആലപ്പുഴ |
| 129 | ഷാനില.എസ്, സെന്റ് ലൂർദ് മേരി യു.പി.എസ്, വാടയ്ക്കൽ, ആലപ്പുഴ |
| 130 | ഗോപു .ജി, യു.പി.എസ്, പുന്നപ്ര, ആലപ്പുഴ |
| 131 | മുഗമ്മദ്റാഫി, എൻ.ഐ.യു.പി.എസ്, നട്ടവത്ത് നഗർ, ആലപ്പുഴ |
| 132 | കൃഷ്ണൻ. എ, എൻ.ഐ.യു.പി.എസ്, നട്ടവത്ത് നഗർ, ആലപ്പുഴ |
| 133 | ജയരാജ്.ജെ.ആർ, സെന്റ് ജോസഫ് എൽ.പി.എസ്, ഒറ്റമശ്ശേരി, ആലപ്പുഴ |
| 134 | സോന ദാസ്., സെന്റ് മേരീസ് എൽ.പി.എസ്, ചാരുംമൂട്, ആലപ്പുഴ |
| 135 | ലിഡിയ സണ്ണി LPST, സെന്റ് ജോനാസ് യു.പി.എസ്, ഉഴവൂർ, കോട്ടയം |
| 136 | അനൂപ് ചോരക്കാ LPST, സെന്റ് മാർഗരറ്റ് യു.പി.എസ്, കൽപ്പുഴ, കോട്ടയം |
| 137 | ജോസി.പി.എൽ LPST, കാരുണ്യമാതാ എൽ.പി.എസ്, കരിപ്പാടം, കോട്ടയം |
| 138 | അലീന ജോൺ LPST, സെന്റ് മേരീസ് എൽ.പി.എസ്, അതിരംപുഴ, കോട്ടയം |
| 139 | ജോസ്ന.കെ.ജോൺ UPST, സെന്റ് ജോസഫ് യു.പി.എസ്, മന്നാനം, കോട്ടയം |
| 140 | ഹരികമാർ കെ.സി, FTM, എസ്.വി.ജി.വി.പി.എച്ച്.എസ്, കിളിരൂർ, കോട്ടയം |
| 141 | ഖലീലുൾ റഹ്മാൻ HS Drawing, സി.എം.എസ്.എച്ച്.എസ്, പള്ളം, കോട്ടയം |
| 142 | സജീഷ് കമാർ.സി.കെ FTM, സി.എം.എസ്.എച്ച്.എസ്, പള്ളം, കോട്ടയം |
| 143 | ധന്യമോൾ.പി UPST, എം.ജി.എം. എൻ.എസ്.എസ്.എച്ച്.എസ്, ലക്കാട്ടൂർ, കോട്ടയം |
| 144 | നൗഫൽ പുതിയപുരയിൽ.പി, HST(Mal), സെന്റ് ജോർജ്ജ് വി.എച്ച്.എസ്, കൈപ്പുഴ, കോട്ടയം |
| 145 | അഞ്ജലി ബേബി, (FTM), സെന്റ് മാർസേലിനസ് ജി.എച്ച്.എസ്, നട്ടാശ്ശേരി, കോട്ടയം |
| 146 | സംഗീത് തുളസി Drawing teacher, എസ്.എൻ.ഡി.പി എച്ച്.എസ്, കിളിരൂർ, കോട്ടയം |
| 147 | സ്മിഗ.വി.ഒ UPST, സെന്റ് ആൻസ് ജി.എച്ച്.എസ്, കോട്ടയം |
| 148 | രജിത.കെ.ആർ, FTM, മൗണ്ട് കാർമൽ എച്ച്.എസ്, കോട്ടയം |
| 149 | അരുൺ കെ.എസ് DA, എസ്.എച്ച് ജ്യോതിനാലയ സ്കൂൾ ഫോർ ദ ഡഫ് കോട്ടയം |
| 150 | അനുപമ. ബി, FTM, സെന്റ് എഫ്റേംസ്, മന്നാനം, കോട്ടയം |
| 151 | മല്ലിക. എം.റ്റി, FTM, സെന്റ മേരീസ് എച്ച്.എസ്, മണ്ണാർകാട്, കോട്ടയം |
| 152 | നീതുമോൾ തങ്കച്ചൻ UPST, എം.ഡി.എസ്.എച്ച്.എസ്.എസ്, കോട്ടയം |
| 153 | സോഫിമോൾ.ബി.എസ്, HST (Physical Science), എ.വി.എച്ച്.എസ്, കറിച്ചി, കോട്ടയം |
| 154 | ലൈജു.കെ.എസ്, FTM, സെന്റ് അലോഷ്യസ് എച്ച്.എസ്, മണലുങ്കൽ |
| 155 | ജിൻസി.കെ.ജോയി, LPST, സെന്റ് ത്രേസ്യാസ് യു.പി.എസ്, വിളക്കമടം, കോട്ടയം |
| 156 | അനുമെറിൻ അഗസ്റ്റിൻ LPST, സെന്റ് മേരീസ് എൽ.പി.എസ്, പാല, കോട്ടയം |
| 157 | സ്വരൂപ് ജോസഫ് UPST, സെന്റ് ആൻസ് എച്ച്.എസ്.എസ്, കറിയനാട്, കോട്ടയം |
| 158 | റീന.കെ.പി FTM, Rev.Fr.ജി.എം.വി എച്ച്.എസ്.എസ്, കാരിക്കോട്, കോട്ടയം |
| 159 | മേരിക്കുട്ടി സിസി FTM, കെ.എം.എച്ച്.എസ്, മേവല്ലൂർ, കോട്ടയം |
| 160 | എൽസൺ.എം.എ LPST, സെന്റ് മൈക്കിൾസ് എച്ച്.എസ്.എസ്, കടവെച്ചൂർ, കോട്ടയം |
| 161 | ഷിബു ജോൺ FTM, കോട്ടയം, ഇമ്മാനുവേൽ എച്ച്.എസ്, കോതനെല്ലൂർ |
| 162 | സബീന.കെ.എസ് UpST, എം.എം.എം.യു.എം.യു.പി.എസ്, കാരക്കാട്, കോട്ടയം |
| 163 | സീമ ഉണ്ണികൃഷ്ണൻ LPST, പി.എം.എസ്.എ.പി.റ്റി.എം.എൽ.പി.എസ്, കട്ടവാമുഴി, കോട്ടയം |
| 164 | അനു.പി LPST, സെന്റ് ജോസഫ് യു.പി.എസ്, പൂഞ്ഞാർ, കോട്ടയം |
| 165 | നിഖില മാത്യു LPST, സെന്റ് ജോർജ്ജ് യു.പി.എസ്., തോട്ടക്കാട്, കോട്ടയം |
| 166 | ബെന്നി സേവ്യർ FTM, സെന്റ് മൈക്കിൾസ് എച്ച്.എസ്, പ്രാവിത്താനം, കോട്ടയം |
| 167 | അൻസി.ബി.എം.എ FTM, അമയന്നൂർ എച്ച്.എസ്, കോട്ടയം |
| 168 | റോഷൻ സെബാസ്റ്റ്യൻ Drawing Teacher, അമയന്നൂർ എച്ച്.എസ്, കോട്ടയം |

| | |
|---|---|
| 169 | ജിമ്മിജോൺ ജേക്കബ് LPST, സെന്റ് തോമസ് റ്റി.റ്റി.ഐ, പാലാ, കോട്ടയം |
| 170 | സിബിജോസ് UPST, സെന്റ് സെബാസ്റ്റ്യൻ എച്ച്.എസ്.എസ്, കടനാട്, കോട്ടയം |
| 171 | മിനുയൂസഫ് HST Maths, സെന്റ് ജോസഫ് എച്ച്.എസ്.എസ്, വിളക്കുമാടം, കോട്ടയം |
| 172 | ശ്രുതി ജോക്കബ് LPST, സെന്റ് പോൾസ് എച്ച്.എസ്, വെട്ടിമുകൾ, കോട്ടയം |
| 173 | ജോസ്.സി.കെ UPST, സെന്റ് മേരിസ് ജി.എച്ച്.എസ്, പാലാ, കോട്ടയം |
| 174 | നീനുമോൾ എബ്രഹാം, UPST, സെന്റ് പോൾസ് എച്ച്.എസ്, വാഴൂർ, കോട്ടയം |
| 175 | സുമി അഗസ്റ്റിൻ UPST, അസംപ്ഷൻ എച്ച്.എസ്, പാലംമ്പ്ര, കോട്ടയം |
| 176 | രാജി.ജോൺ UPST, സെന്റ് ജോസഫ്സ് ഗേൾസ് എച്ച്.എസ്, മുണ്ടക്കയം,കോട്ടയം |
| 177 | ഹേമ. കെ HST (Mal), എസ്.ആർ.വി എൻ.എസ്.എസ്. വി എച്ച്.എസ്.എസ്, ചിറക്കടവ്, കോട്ടയം |
| 178 | റോബിൻ തോമസ് FTM, സെന്റ് മേരിസ് എച്ച്.എസ്, ഉമിക്കുപ്പ, കോട്ടയം |
| 179 | പാർവ്വതി പ്രഭ ശർമ ബി, FTM, സെന്റ് ഡൊമിനിക്സ് എച്ച്.എസ്, കാഞ്ഞിരപ്പള്ളി, കോട്ടയം |
| 180 | മഞ്ജുഷ ഗോപിനാഥ് FTM, സെന്റ് പോൾസ് എച്ച്.എസ്, വലിയകമാരമംഗലം, കോട്ടയം |
| 181 | സിജിമോൾ കര്യൻ UPST, സെന്റ ജോർജ്ജ് എച്ച്.എസ്, അരുവിത്തുറ, കോട്ടയം |
| 182 | വിഷ്ണ മഹേശ്വരി ജി, LPST, ലിറ്റിൽ ഫ്ലവർ എച്ച്.എസ്, ചെമ്മലമറ്റം, കോട്ടയം |
| 183 | സുധാമണി.റ്റി.ജി. Music Teacher, എസ്.എം.വി എച്ച്.എസ്.എസ്, പൂഞ്ഞാർ |
| 184 | ജ്യോതിലക്ഷ്മി. FTM, സി.എം..എസ്.എച്ച്.എസ്, നെടുങ്ങടപ്പള്ളി, കോട്ടയം |
| 185 | വിജി.എൻ.കെ drawing teacher, ജെ.ജെ.എം.എം.എച്ച്.എസ്.എസ്, ഏന്തയാർ, കോട്ടയം |
| 186 | ആര്യ .റ്റി.കെ LPST, സീവ്യൂ എസ്റ്റേറ്റ് യുപി.എസ്, കോട്ടയം |
| 187 | ഗീതു ബി നായർ LPST, സെന്റ് മേരിസ് യു.പി.എസ്, പുഞ്ചവയൽ, കോട്ടയം |
| 188 | സച്ചിൻ എസ്. പ്രസാദ് LPST, സെന്റ് ജോർജ്ജ് എൽ.പി.എസ്, കട്ടുത്തുരുത്തി, കോട്ടയം |
| 189 | രമ്യ.എ.ആർ UPST, എസ്.ജി.എച്ച്.എസ്, കട്ടപ്പന, ഇടുക്കി |
| 190 | രഞ്ജിത്ത് റ്റുബി ശേഖർ UPST, എസ്.ജി.എച്ച്.എസ്, കട്ടപ്പന, ഇടുക്കി |
| 191 | ക്ലിന്റ് മാർട്ടിൻ UPST, സി.ആർ.എച്ച്.എസ്, വലിയത്തോവാള, ഇടുക്കി |
| 192 | അന്യപ്.സി LPST, എസ്.എച്ച്.എച്ച്.എസ്, രാമക്കലം,എഡ്യു ഇടുക്കി |
| 193 | സ്മിത വിനോദ് UPST, എസ്.എസ്.എച്ച്.എസ്.എസ്, ചീന്തലാർ, ഇടുക്കി |
| 194 | സ്ലോബ.സി.വി HST (Mal), ഡി.എച്ച്.എസ്, കഴിത്തോല്, ഇടുക്കി |
| 195 | രജിമോൻ .പി.ജെ HST (Mal), എഫ്.എച്ച്.എസ്, മ്ലാമല, ഇടുക്കി |
| 196 | ആഷ്ന ഷാനവാസ് FTM, എസ്.എച്ച്.എച്ച്.എസ്, കാന്തല്ലൂർ, ഇടുക്കി |
| 197 | അനിത.ആർ FTM, എഫ്.എച്ച്.എസ്, മ്ലാമല, ഇടുക്കി |
| 198 | കൊച്ചുറാണി ജയിംസ് FTM, എസ്.എ.എച്ച്.എസ്., വണ്ടൻമേട്, ഇടുക്കി |
| 199 | ഹസ്സൽ. കെ.പി Drawing Teacher HS, എസ്.എ.എച്ച്.എസ്, മുണ്ടക്കയം, ഇടുക്കി |
| 200 | ജോസീന. റ്റി.ജെ UPST, എസ്.എസ്.എച്ച്.എസ്, പൊട്ടൻകാട്, ഇടുക്കി |
| 201 | സിൻസി പോൾ UPST, എസ്.എം.എച്ച്.എസ്, കാലിയാർ, ഇടുക്കി |
| 202 | ഷിജുമോൻ. എസ് UPST, എഫ്.എം.ജി.എച്ച്.എസ്.എസ്, കുമ്പൻപാറ, ഇടുക്കി |
| 203 | ജോസ്മി ജോർജ്ജ് LPST, എസ്.ജെ.എൽ.പി.എസ്, കാഞ്ഞാർ, ഇടുക്കി |
| 204 | അനീഷ തോമസ് LPST, എസ്.ജി.യു.പി.എസ്, മൂലമറ്റം, ഇടുക്കി |
| 205 | ജിന്റോ ജെസഫ് UPST, എസ്.എൻ യു.പി.എസ്, കാഞ്ചിയാർ, ഇടുക്കി |
| 206 | ബിനോയ് ജോസഫ് upst, എസ്.എം.യു.പി.എസ്, മേരികുളം, ഇടുക്കി |
| 207 | ആർഷ സനോജ് LPST, എ.എം.യു.പി.എസ്, കൽത്തൊട്ടി, ഇടുക്കി |
| 208 | പാർവ്വതി.സി.യു LPST, എ.എം.യു.പി.എസ്, കൽത്തൊട്ടി, ഇടുക്കി |
| 209 | അനിത ജോസഫ് UPST, എസ്.ജെ.യു.പി.എസ്, ബഥേൽ, ഇടുക്കി |
| 210 | മഞ്ജു.റി LPST(Tamil), എ.എൽ.പി.എസ്, പെരിയകനാൽ, ഇടുക്കി |

| | |
|---|---|
| | [illegible] |
| 211 | ചിത്ര. എസ് LG (Hindi), എസ്.എം.യു.പി.എസ്, മറയൂർ, ഇടുക്കി |
| 212 | മാർട്ടീന മാത്യു UPST, എസ്. എസ്.യു.പി.എസ്, നെടുങ്കണ്ടം, ഇടുക്കി |
| 213 | ജെറിൻ ജോർജ്ജ് OA, എസ്.എം.ജി.യു.പിഎസ്, മേലറ, ഇടുക്കി |
| 214 | അനിപ്രഭ. കെ LPST, എം.എ.ഐ.എൽ.പി.എസ്, മുരുകാടി, ഇടുക്കി |
| 215 | ജിതേഷ്.കെ.ബി, ടി.ടി.വി എച്ച്.എസ്, കാവുങ്കൽ, എറണാകുളം |
| 216 | അഞ്ജു ജോസഫ്, സെന്റ് സെബാസ്റ്റ്യൻസ് എച്ച്.എസ്, ആനികാട്, എറണാകുളം |
| 217 | അഞ്ചുമോൾ ജോസഫ്, സെന്റ് സെബാസ്റ്റ്യൻസ് എച്ച്.എസ്, ആനികാട്, എറണാകുളം |
| 218 | എൽദോ കെ എബ്രഹാം, എസ്.എൽ.ടി എച്ച്.എസ്, വാഴകുളം, എറണാകുളം |
| 219 | വിഷ്ണു പ്രിയ .കെ.എസ്, വി.എച്ച്.എസ്.എസ്, പനങ്ങാട്,എറണാകുളം |
| 220 | ടീസ.പി.ജി HST(Mal), സെന്റ് ജോസഫ് എച്ച്.എസ്, ചാത്തിയത്ത്., എറണാകുളം |
| 221 | സൗമ്യമുരുകൻ UPST, സാന്താക്രൂസ് എച്ച്.എസ്, ഓച്ചൻതുരുത്ത്, എറണാകുളം |
| 222 | സിജി മത്തായി HST Sanscrit, എസ്.എൻ.ഡി.പി എച്ച്.എസ്, ഉദയംപേരൂർ, എറണാകുളം |
| 223 | അഹ്സാന, സെന്റ് മേരീസ് എച്ച്.എസ്, പള്ളിപോർട്ട്, എറണാകുളം |
| 224 | തുഷാര ടി.പിള്ള HST (Mal), ഫാത്തിമ ജി.എച്ച്.എസ്, ഫോർട്ട് കൊച്ചി, എറണാകുളം |
| 225 | അരുണിമ.കെ.ഷാജി UPST, ഫാത്തിമ ജി.എച്ച്.എസ്, ഫോർട്ട് കൊച്ചി, എറണാകുളം |
| 226 | അശ്വിൻ പി.എം FTM, രമാവർമ്മ യൂണിയൻ സ്കൂൾ, ചേറായി, എറണാകുളം |
| 227 | ജോസ് ബേബി UPSt, സെന്റ് ആഗസ്റ്റിൻ ജി.എച്ച്.എസ്, കഴപ്പിള്ളി, എറണാകുളം |
| 228 | അഞ്ജന സുരേഷ് UPST, സെന്റ് മേരീസ് എ.ഐ.ജി.എച്ച്.എസ് ഫോർട്ട് കൊച്ചി,എറണാകുളം |
| 229 | മീനമേരി കര്യൻ HST English, സെന്റ് മേരീസ് സി.ജി.എച്ച്.എസ്, എറണാകുളം |
| 230 | ജയൻ.എസ്, സെന്റ് തോമസ് ഗേൾസ് എച്ച്.എസ്, പെരുമാനൂർ, എറണാകുളം |
| 231 | റാളത്ത്. എ.കെ., എച്ച്.ഐ.എച്ച്.എസ്, എടവലക്കാട്, എറണാകുളം |
| 232 | ബിജി ചാക്കോ, സെന്റ് ജോസഫ്സ് എച്ച്.എസ്.എസ്, പൈങ്ങോട്ടൂർ, എറണാകുളം |
| 233 | ഷൈന.കെ.കെ, സെന്റ് ജോസഫ്സ് എച്ച്.എസ്.എസ്, പൈങ്ങോട്ടൂർ |
| 234 | പാർവതി.ബി, എസ്.എ.ജി.എച്ച്.എസ്.എസ്, കോതമംഗലം, എറണാകുളം |
| 235 | രേവന്ത് മുരളീനാഥ്.ആർ UPST, എൽ.എഫ്.എച്ച്.എസ്, ഊന്നുകാൽ, എറണാകുളം |
| 236 | സന്തോഷ്. റ്റി.ബി FTM, ജയകേരള എം പുല്ലുവഴി, എറണാകുളം |
| 237 | മനോജ് കെ.എസ് FTM,ഗണപതിവിലാസം, കുറുപ്പടി, എറണാകുളം |

| | |
|---|---|
| 238 | ചഞ്ചൽ പി കമാർ Music(HS), എസ്.ജെ.ജി.എച്ച്.എസ്, ചെങ്ങൽ, എറണാകുളം |
| 239 | ഹരിദാസ്.കെ, സമൂഹം എച്ച്.എസ് എൻ, പറവൂർ, എറണാകുളം |
| 240 | ഷെറിൻ മറിയ സാജു, എസ്.ജെ.ജി.എച്ച്.എസ്, ചെങ്ങൽ, എറണാകുളം |
| 241 | അശ്വതി ഷൈജൻ, എസ്.ജെ.എച്ച്.എസ്, പൂവത്തുശ്ശേരി, എറണാകുളം |
| 242 | രജിമോൾ .ആർ, എസ്. എൻ.ഡി.പി.എച്ച്.എസ്, നീലേശ്വരം, എറണാകുളം |
| 243 | ജെൻസി തോമസ് UPST, എസ്. എൻ.ഡി.പി.എച്ച്.എസ്, നീലേശ്വരം, എറണാകുളം |
| 244 | അശ്വതി ശ്രീനിവാസൻ. എസ്.എൻ എച്ച്.എസ്.എസ്, നോർത്ത് പറവൂർ, എറണാകുളം |
| 245 | ഷാഹുൽ ബിവി, പി.വി FTM, എസ്.എൻ എച്ച്.എസ്.എസ്, നോർത്ത് പറവൂർ, എറണാകുളം |
| 246 | പുണ്യ.പി.എൻ UPST, എസ്.എൻ.എച്ച്.എസ്.എസ്, നോർത്ത് പറവൂർ, എറണാകുളം |
| 247 | വാണി.പി കറുപ്പ് LPST, ബത് ലഹേം ഗേൾസ് ഹൈസ്കൂൾ, ഞാറല്ലൂർ |
| 248 | അന്യപ് LPST, ബത് ലഹേം ഗേൾസ് ഹൈസ്കൂൾ, ഞാറല്ലൂർ |
| 249 | അന്ന ജോസ് LpST, സെന്റ് അഗസ്റ്റിൻസ്, എൽ.പി.എസ്, എറണാകുളം |
| 250 | ജോബിട്ടാജോയി LPST, സെന്റ് ലിറ്റിൽ തെരേസാസ് എൽ.പി.എസ്, വാഴക്കുളം, എറണാകുളം |
| 251 | ഹിൽഡജോസ് LPST, സെന്റ് ജോൺസ് യു.പി.എസ്, കല്ലൂർ, എറണാകുളം |
| 252 | നീതു അൻസ. റ്റി.എം LpST, സെന്റ് ജോൺസ് യു.പി.എസ്, കല്ലൂർ, എറണാകുളം |
| 253 | ഹരിത .കെ (കാറ്റഗറി I), എസ്.എ.യു.പി.എസ്, നെട്ടങ്ങപ്പ, എറണാകുളം |
| 254 | സുശാലൽ ജോയ് UPST, സെന്റ് ജോർജസ് യു.പി.എസ്, പൂണിത്തുറ, എറണാകുളം |
| 255 | അഖിലമോൾ ബിനു(കാറ്റഗറി I), എസ്.ജെ.എൽ.പി.എസ്, ഞാറക്കാട്, എറണാകുളം |
| 256 | റോസ് മേരി.വി.ജെ UPST, സെന്റ് ഗ്രിഗോറിസ് യു.പി.എസ്, കുഴുപ്പിള്ളി, എറണാകുളം |
| 257 | കാർത്തിക.റ്റി.റ്റി (കാറ്റഹഗറി 1), എൽ.പി.എസ്, അരയൻകാവ്, എറണാകുളം |
| 258 | മുഹമ്മദ് അലി മാലിക് ഫ്ലr.Arb(PT), എൽ.എഫ്.യു.പി.എസ് സൗത്ത് പാറ്റൂർ, എറണാകുളം |
| 259 | ആശ.എ.ജെ UPST, സെന്റ് ജോസഫ്സ് സി.ജി.യു.പി.എസ്, തൃപ്പൂണിത്തുറ, എറണാകുളം |
| 260 | സുശാലൽ ജോയ് UPST, സെന്റ് ജോർജസ് യു.പി.എസ്, പൂണിത്തുറ, എറണാകുളം |
| 261 | നിമ്മി ജോർജ് UPST, സെന്റ് ജോർജസ് യു.പി.എസ്, പൂണിത്തുറ, എറണാകുളം |
| 262 | അർജ്ജുൻ.എൻ.കെ, സെന്റ് ജെസഫ്സ് എൽ.പി.എസ്, അറക്കുഴ, എറണാകുളം |
| 263 | ജയപ്രകാശ്. കെ(കാറ്റഗറി I), ബി.എസ്.യു.പി.എസ്, കാലടി, എറണാകുളം |
| 264 | അശ്വതി മോഹൻ (കാറ്റഗറി I), ബി.എസ്.യു.പി.എസ്, കാലടി, എറണാകുളം |
| 265 | [illegible] |

| | |
|---|---|
| 265 | [illegible].എം.എസ് HST Hindi, സെന്റ് ക്ലയേഴ്സ് ജി.എച്ച്.എസ്, തൃശ്ശൂർ |
| 266 | രമ്യ. എം UPST, എസ്.എൻ.ജി.എസ്.എച്ച്.എസ്, കാരമുക്ക്, തൃശ്ശൂർ |
| 267 | ബിന്ദു. ഐ HST Malayalam, സെന്റ് ജോസഫ്സ് സി.ജി.എച്ച്.എസ്, തൃശ്ശൂർ |
| 268 | ശ്രീറാം. വി FTM, ഐ.വി.എച്ച്.എസ്.എസ്, ഒരുമനയൂർ, തൃശ്ശൂർ |
| 269 | ഡേവിസ്. കെ.ഡി FTM, എൽ.എഫ്.സി.ജി.എച്ച്.എസ്.എസ്, മമ്മിയൂർ, തൃശ്ശൂർ |
| 270 | ജോയ്.സി.റ്റി FTM, എൽ.ഐ.ജി.എച്ച്.എസ്, ചുണ്ടൽ, തൃശ്ശൂർ |
| 271 | സന്ധ്യമോൾരാജു HST (Mal), സെന്റ് ആന്റണീസ് ജി.എച്ച്.എസ്, സൗത്ത് താനിശ്ശേരി, തൃശ്ശൂർ |
| 272 | സൗമ്യ, ഒ.ആർ Upst, പി.സി.ജി.എച്ച്.എസ്, വെള്ളികുളങ്ങര, തൃശ്ശൂർ |
| 273 | ഷീന ല്യൂയിസ് FTM, എസ്.എച്ച്.സി.ജി.എച്ച്.എസ്, ഇരിഞ്ഞാലക്കുട, തൃശ്ശൂർ |
| 274 | ഷൈന.എ.പി FTM, സെന്റ് മേരീസ് ജി.എച്ച്.എസ്, കഴിക്കാട്ടുശ്ശേരി, തൃശ്ശൂർ |
| 275 | അമ്പിളി. കെ.എ Jnr (Hindi), എൽ.എഫ്.സി.ജി.എച്ച്.എസ്. ഇരിഞ്ഞാലക്കുട, തൃശ്ശൂർ |
| 276 | അമീർ ജിന്ന HST, എൻ.എസ്.എച്ച്.എസ്, വാളൂർ, തൃശ്ശൂർ |
| 277 | സുനിത. റ്റി.എസ് FTM, ഒ.എൽ.എഫ്.ജി.എച്ച്.എസ്, മതിലകം, തൃശ്ശൂർ |
| 278 | ശരണ്യദേവി. കെ.എസ് UPST, ബി.വി.എം.എച്ച്.എസ്, കൽപ്പറമ്പ്, തൃശ്ശൂർ |
| 279 | സജിത കെ.എസ് UPST, ബി.വി.എം.എച്ച്.എസ്, കൽപ്പറമ്പ്, തൃശ്ശൂർ |
| 280 | സൗമ്യ, റ്റി വർക്കി UPST, സെന്റ് ജോർജ്ജ് എച്ച്.എസ്, പരിയാരം, തൃശ്ശൂർ |
| 281 | ജില്യമോൻ.ഇ.ജെ UPST, എൽ.എഫ്.സി.എച്ച്.എസ്, കൊരട്ടി, തൃശ്ശൂർ |
| 282 | അസീസ്. ഇ.എം FTM, ബി.വി.എം.എച്ച്.എസ്, കല്ലേറ്റുംകര, തൃശ്ശൂർ |
| 283 | ശ്യാംകുമാർ .റ്റി.എം FTM, എസ്.എൻ.വി.എച്ച്.എസ്, എടതിരിഞ്ഞി, തൃശ്ശൂർ |
| 284 | രമേഷ് കുമാർ.പി.വി FTM, എസ്.എൻ.ഡി.പി. എച്ച്.എസ്, പാലിശ്ശേരി, തൃശ്ശൂർ |
| 285 | ജിഷ്ണു രാജ്, റ്റി LPST, സെന്റ് ജിമാസ്സ്യൂസ്, മണക്കോടി, തൃശ്ശൂർ |
| 286 | അലീന ബേബി LPST, സെന്റ് സെബാസ്റ്റ്യൻസ് CLPS, നെല്ലിക്കുന്ന്, തൃശ്ശൂർ |
| 287 | ജാസ്മിൻ ജോൺസൺ LPST, സെന്റ് ക്ലയേഴ്സ് എൽ.പി.എസ്, തൃശ്ശൂർ |
| 288 | ഷൈനി ചന്ദ്രൻ UPST, എൽ.എഫ് യു.പി.എസ്, പൂമല, തൃശ്ശൂർ |
| 289 | പ്രീത.വി.എഫ് LPST, എച്ച്.ആർ.സി. എൽ.പി.എസ്, നടത്തറ, തൃശ്ശൂർ |
| 290 | വിനിൽ എം.വി LPST, എൽ.എം.എൽ.പി.എസ്, പെരുമ്പിലാവ്, തൃശ്ശൂർ |
| 291 | അബ്ദുൾ ലത്തീഫ് Jr Arabic, എൽ.എഫ്.സി.യു.പി.എസ്, മമ്മിയൂർ, തൃശ്ശൂർ |
| 292 | അലീഷ ഷിജു LPST, എ.എം.യു.പി.എസ്, അകലാട്, തൃശ്ശൂർ |

| | |
|---|---|
| 293 | രാധിക.യു.ആർ UPST, സെന്റ് ഫ്രാൻസിസ് യു.പി.എസ്, വൈലത്തൂർ, തൃശ്ശൂർ |
| 294 | അപർണ്ണ.പി LPST, എ.യു.പി.എസ്., തൃപ്രയാർ, തൃശ്ശൂർ |
| 295 | ഷൈമൽ UPST, ആർ.സി.യു.പി.എസ്, കൈപ്പമംഗലം, തൃശ്ശൂർ |
| 296 | Hitha George T UPST, St.Pius Xth UPS, വടക്കാഞ്ചേരി, തൃശ്ശൂർ |
| 297 | പ്രീത.റ്റി.പി UPST, P Vemballur MIT UPS, തൃശ്ശൂർ |
| 298 | വിശാൽ.എസ്, UPST, സെന്റ് ജോർജ്ജസ് സി.യു.പി.എസ്, കാരാഞ്ചിറ, തൃശ്ശൂർ |
| 299 | ശാലിനി.സി.കണ്ണൻ UPSt, എസ്.എൻ.വി.യു.പി.എസ്, എലൂർ, തൃശ്ശൂർ |
| 300 | ജോഫിയ ജോസ് UPST, സെന്റ് ജോർജ്ജ് കപ്സ്, കല്ലൂർ, തൃശ്ശൂർ |
| 301 | ജിജുവർഗ്ഗീസ് LPST, സെന്റ് ആന്റണീസ് കപ്സ്, ഇലഞ്ഞിപ്ര, തൃശ്ശൂർ |
| 302 | സ്മിഗ .വി.ഒ LPST, എസ്.എച്ച്.സി.ജി.എൽ.പി.എസ്, ചാലക്കുടി, തൃശ്ശൂർ |
| 303 | നയന.പി LPST, ടി.എം.യു.പി സ്കൂൾ, പനയൂർ, പാലക്കാട് |
| 304 | അനില.പി. UPST, എ.യു.പി.സ്കൂൾ കല്ലക്കല്ലൂർ, പാലക്കാട് |
| 305 | ശ്രുതി.എം. LPST, എ.എൽ.പി.എസ്, മാങ്ങോട്, പാലക്കാട് |
| 306 | ഫാസിലത്ത്.കെ, LPST, എ.യു.പി.എസ്, കരിമ്പുഴ, പാലക്കാട് |
| 307 | ശരണ്യ.ആർ. LPST, ഡി.പി.എ.യു.പി.എസ്, തൃംകാവിൽകുന്ന്, പാലക്കാട് |
| 308 | മുഹമ്മദ് അലി.കെ, LG Arabic, എൻ.എൻ.എൻ.എം.യു.പി.സ്കൂൾ, കാറൽമണ്ണ, പാലക്കാട് |
| 309 | സഫ.പി LG Arabic, എൻ.എൻ.എൻ.എം.യു.പി.സ്കൂൾ, കാറൽമണ്ണ, പാലക്കാട് |
| 310 | ഷൈല ദേവസ്യ LPST, കെ.വി.എം.യു.പി സ്കൂൾ, പൊൽപ്പുള്ളി, പാലക്കാട് |
| 311 | ഷിജ.പി.ജി, LPST, കെ.വി.എം.യു.പി സ്കൂൾ, പൊൽപ്പുള്ളി, പാലക്കാട് |
| 312 | സബ്ന.ബി, UPST, എച്ച്.എസ്., അനങ്ങനടി, പാലക്കാട് |
| 313 | പ്രമോദ്.എം.വി, എഫ്.ടി.സി.എം., എസ്.എൻ.ടി.എച്ച്.എസ്, ഷോർണ്ണൂർ, പാലക്കാട് |
| 314 | രജിത. കെ. UPST, എച്ച്.എസ്., അനങ്ങനടി, പാലക്കാട് |
| 315 | നിക്സൺ.ഡി, സിൽവ, എഫ്.ടി.സി.എം, പാലക്കാട് |
| 316 | സന്തോഷ്.ടി. UPST, എസ്.എസ്.ഒ.എച്ച്.എസ്, ലക്കിടി |
| 317 | അജി ദേവസ്യ FTM, എസ്.എസ്.ഒ.എച്ച്.എസ്, ലക്കിടി, പാലക്കാട് |
| 318 | ശരണ്യ.സി.എസ് HST social Science, എസ്.പി.എച്ച്.എസ്, കൊഴിഞ്ഞാമ്പാറ, പാലക്കാട് |
| 319 | ഷംനാസ്.എം., UPST, കെ.പി.ആർ.പി.എച്ച്.എസ്, കോങ്ങാട്, പാലക്കാട് |

| | |
|---|---|
| 320 | ഫൗസിയ കളത്തിൽ FTM, ഡി.എച്ച്.എസ്, നെല്ലിപ്പുഴ, പാലക്കാട് |
| 321 | രമ.സി FTM, ആരോഗ്യമാതാ എച്ച്.എസ്, കോട്ടത്തറ, പാലക്കാട് |
| 322 | സുനിത കരെപ്പറമ്പത്ത് FTM, എം.ഇ.എസ്.എച്ച്.എസ്, മണ്ണാർകാട്, പാലക്കാട് |
| 323 | അഞ്ജലി.കെ. UPST, ഡി.എച്ച്.എസ്, നെല്ലിപ്പുഴ, പാലക്കാട് |
| 324 | രസിത കെ.ടി, UPSt, എ.കെ.എൻ.എൻ.എൻ.എം.എ.എം.എച്ച്.എസ്, കാട്ടുകുളം, പാലക്കാട് |
| 325 | ജസീല കെ HST Malayalam, സെന്റ് പീറ്റേഴ്സ് എച്ച്.എസ്, കുരുംപാളയം, പാലക്കാട് |
| 326 | ഉദയകുമാർ HST ഹിന്ദി, എം.ഇ.എസ്.എച്ച്.എസ്, മണ്ണാർകാട്, പാലക്കാട് |
| 327 | നസൈബ്. സി കാറ്റഗറി-2, ബി.വൈ.കെ.എച്ച്.എസ്.എസ്, വളവന്നൂർ, മലപ്പുറം |
| 328 | ശ്രീജ കാറ്റഗറി-2, കെ.എച്ച്.എം.എച്ച്.എസ്.എസ്, കറ്റൂർ നോർത്ത്, മലപ്പുറം |
| 329 | നൗജിഷ് ബാബു വി.പി കാറ്റഗറി-2, എസ്.എൻ.എം.എച്ച്.എസ്.എസ്, പരപ്പനങ്ങാട്, മലപ്പുറം |
| 330 | നൗഫൽ.എം.എ കാറ്റഗറി-2, എം.എച്ച്.എസ്.എസ്, മൂന്നിയൂർ, മലപ്പുറം |
| 331 | സുലേഖബീവി കാറ്റഗറി-2, കെ.എച്ച്.എം.എച്ച്.എസ്.എസ്, വളക്കുളം, മലപ്പുറം |
| 332 | മുഹമ്മദ് സൽമാൻ പെരിങ്ങോടൻ കാറ്റഗറി-1, എം.വി.എച്ച്.എസ്.എസ്, അരിയല്ലൂർ, മലപ്പുറം |
| 333 | കബാബ് ബീരാൻ കാറ്റഗറി-2, എം.ഐ.എച്ച്.എസ്.എസ്, പൊന്നാനി, മലപ്പുറം |
| 334 | സുഫൈന.എം കാറ്റഗറി-2, എം.എസ്.എം.എച്ച്.എസ്.എസ്, കല്ലിങ്ങൽ പറമ്പ, മലപ്പുറം |
| 335 | സുഹറ.എം കാറ്റഗറി-1, എം.ഐ. ഗേൾസ് എച്ച്.എസ്.എസ്, പുതുപൊന്നാനി, മലപ്പുറം |
| 336 | ശിവരാമൻ.കെ.എ കാറ്റഗറി-3, എം.ഐ.എച്ച്.എസ്.എസ്, പൊന്നാനി, മലപ്പുറം |
| 337 | സുബിന.എം.റ്റി കാറ്റഗറി-2, എം.എസ്.എം.എച്ച്.എസ്.എസ്, കല്ലിങ്ങൽ പറമ്പ, മലപ്പുറം |
| 338 | കിഷോർ. പി.എസ്, എ.യു.പി.എസ്, അയിരൂർ, മലപ്പുറം |
| 339 | ഹസ്ന.എം കാറ്റഗറി- 1, എം.ഡി.പി.എസ്.യു.പി.എസ്. എഴൂർ, മലപ്പുറം |
| 340 | ഷാരോൺ.എം. അഷ്റഫ് കാറ്റഗറി-1, പി.റ്റി.എം.യു.പി.എസ്, മുല്ലിയക്കുറുശ്ശി, മലപ്പുറം |
| 341 | റഫീദ.എം കാറ്റഗറി-1, പി.എം.എസ്.എ.എം.യു.പി.എസ്, ചെറുമുക്ക്, മലപ്പുറം |
| 342 | സാജിത.എം കാറ്റഗറി-1, എ.എം.എൽ.പി.എസ്, ക്ലാരി നോർത്ത്, പൽച്ചിറമാട്, മലപ്പുറം |
| 343 | ഫാത്തിമ സുഹ്റ കാറ്റഗറി-1, എ.എം.എൽ.പി.എസ്, ക്ലാരി നോർത്ത്, പൽച്ചിറമാട്, മലപ്പുറം |
| 344 | മുഹമ്മദ് സുഫിയൻ കാറ്റഗറി-1, എ.എം.എൽ.പി.എസ്, പെരുമണ്ണ, മലപ്പുറം |
| 345 | ഹഫ്സത്ത് കാറ്റഗറി-1, സി.എച്ച്.എസ്, അടക്കാകുണ്ട്, മലപ്പുറം |
| 346 | ജെനീഫ. ജെ കാറ്റഗറി-1, എഫ്.യു.പി.എസ്, പരിയാപുരം, മലപ്പുറം |
| 347 | ഫഹ് മിഡ.എം കാറ്റഗറി-1, എഫ്.യു.പി.എസ്, പരിയാപുരം, മലപ്പുറം |

| | |
|---|---|
| 348 | ആര്യ രവീന്ദ്രൻ കാറ്റഗറി-2, സെന്റ് മേരീസ് എച്ച്.എസ്.എസ്, പരിയാപുരം |
| 349 | ബാബു.സി.കെ കാറ്റഗറി-3, സെന്റ് മേരീസ് എച്ച്.എസ്.എസ്, പരിയാപുരം, മലപ്പുറം |
| 350 | നിമ.വി കാറ്റഗറി-1, എ.യു.പി.എസ്, പത്തായിക്കര, മലപ്പുറം |
| 351 | സലീം ചമദത്ത് കാറ്റഗറി-3, ഡി.യു.എച്ച്.എസ്.എസ്, ധോത്ത, മലപ്പുറം |
| 352 | സമീർ.എ കാറ്റഗറി-1, റ്റി.എച്ച്.എസ്, അങ്ങാടിപ്പുറം, മലപ്പുറം |
| 353 | മുബാഷിറ. കെ കാറ്റഗറി-1, പി.എം.എസ്.എ.എച്ച്.എസ്, ഇളംകൂർ, മലപ്പുറം |
| 354 | ശ്യാംലാൽ. കെ കാറ്റഗറി-3, പി.എം.എസ്.എ.എച്ച്.എസ്, ഇളംകൂർ, മലപ്പുറം |
| 355 | റംസാന ഫിബി.എസ്.എം കാറ്റഗറി-3, പി.എം.എസ്.പി.റ്റി.എച്ച്.എസ്.എസ്, കക്കോവ് |
| 356 | നന്ദകമാർ.എൽ കാറ്റഗറി-1, എ.എൽ.പി.എസ്, തൃക്കണ്ണാപുരം, മലപ്പുറം |
| 357 | രജീഷ്.വി.എം കാറ്റഗറി-1, എം.റ്റി.എസ്.യു.പി.എസ്, നന്നൻമുക്ക്, മലപ്പുറം |
| 358 | അബ്ദുൾ നാസർ.സി.പി FTM, എം.എം.വി.എച്ച്.എസ്, പരപ്പിൽ, കോഴിക്കോട് |
| 359 | ലക്ഷ്മീഭായ്.ടി. UPST, എം.എം.വി.എച്ച്.എസ്, പരപ്പിൽ |
| 360 | ഗണേശൻ.വി. FTM, രാമകൃഷ്ണ മിഷൻ എച്ച്.എസ്.എസ്, കോഴിക്കോട് |
| 361 | ഐശ്വര്യ.എൻ, സെന്റ് ജോസഫ്സ് ബോയ്സ് എച്ച്.എസ്.എസ്, കോഴിക്കോട് |
| 362 | അശോക്.പി.എൽ, സെന്റ് ജോസഫ്സ് ബോയ്സ് എച്ച്.എസ്.എസ്, കോഴിക്കോട് |
| 363 | ശിഖേഷ്.ബി, യു.പി.എസ്.ടി, ജെ.ഡി.ടി ഇസ്ലാം എച്ച്.എസ്.എസ്, കോഴിക്കോട് |
| 364 | ശിഹാബുദ്ദീൻ.എസ്, HST, ജെ.ഡി.ടി ഇസ്ലാം എച്ച്.എസ്.എസ്, കോഴിക്കോട് |
| 365 | അബ്ബാസ്.പി. FTM, ജെ.ഡി.ടി ഇസ്ലാം എച്ച്.എസ്.എസ്, കോഴിക്കോട് |
| 366 | സിമി.എ.കെ FTM, ഹിമായത്തുൽ ഇസ്ലാം എച്ച്.എസ്.എസ്, കോഴിക്കോട് |
| 367 | വൈഷ്ണവി.ടി.പി LPST, സെന്റ് വിൻസെന്റ് കോളനി ടി.ടി.ഐ, കോഴിക്കോട് |
| 368 | അജയ്.വി.വി UPST, സെന്റ് മേരീസ് എച്ച്.എസ്.എസ് ,കല്ലാനോട്, കോഴിക്കോട് |
| 369 | അനീഷ് ബാബു, HST, സെന്റ് ആന്റണീസ് എച്ച്.എസ്.എസ്, കണ്ണോത്ത്, കോഴിക്കോട് |
| 370 | ഖസിത.കെ FTM, നടുവണ്ണൂർ എച്ച്.എസ്.എസ്, വാകയാട് |
| 371 | അശ്വതി.വി.വി HST, പാവണ്ടൂർ എച്ച്.എസ്.എസ്, കോഴിക്കോട് |
| 372 | രാധ.ടി FTM, കെ.പി.എം.എസ്.എം.എച്ച്.എസ്, കായക്കൊടി |
| 373 | ഷൈജ്ജ FTM, നാഷണൽ ഹയർ സെക്കന്ററി സ്കൂൾ, വട്ടോളി, കോഴിക്കോട് |
| 374 | ഷിജിന.സി.എം UPST, നാഷണൽ ഹയർ സെക്കന്ററി സ്കൂൾ, വട്ടോളി, കോഴിക്കോട് |

| | |
|---|---|
| 375 | ഗീതു.എം LG Hindi, സെന്റ് മേരീസ് എച്ച്.എസ്.എസ്, മരുതോങ്കര, കോഴിക്കോട് |
| 376 | അമൽദേവ്, സെന്റ് ജോർജ്ജ് എച്ച്.എസ്, വിലങ്ങാട്, കോഴിക്കോട് |
| 377 | എയ്ഞ്ചല പ്രകാശ്, കെ.ആർ.എച്ച്.എസ്, പുറമേരി, കോഴിക്കോട് |
| 378 | ഫസില ആലക്കൽ HST, ആർ.എ.സി എച്ച്.എസ്.എസ്, കമേരി, കോഴിക്കോട് |
| 379 | പ്രേം തേജസ് UPST, മണ്ണൂർ കൃഷ്ണ എ.യു.പി.എസ്, കടലുണ്ടി, കോഴിക്കോട് |
| 380 | ദീപ്തി.ടി UPST, ലിറ്റിൽ ഫ്ലവർ എ.യു.പി.എസ്, ചെറുവണ്ണൂർ, കോഴിക്കോട് |
| 381 | മുനീബ് .കെ, വെങ്ങളം യു.പി. സ്കൂൾ, കോഴിക്കോട് |
| 382 | മനു ഗോവിന്ദ് വി.പി, എസ്.ആർ.കെ.എം. എൽ.പി സ്കൂൾ പന്നിയങ്കര, കോഴിക്കോട് |
| 383 | അനൂപ് ജോസഫ്, സെന്റ് ജോസഫ്സ് യു.പി.എസ്, പുല്ലൂരാമ്പാറ,കോഴിക്കോട് |
| 384 | ലയ. കെ.ബേബി, സെന്റ് ജോസഫ്സ് യു.പി.എസ്, പുല്ലൂരാമ്പാറ, കോഴിക്കോട് |
| 385 | സുനീഷ് ജോസഫ്, ലിറ്റിൽ ഫ്ലവർ യു.പി.എസ് , വേനപ്പാറ, കോഴിക്കോട് |
| 386 | ഹദാഖദിജ. ഇ.കെ, എ.എം.യു.പി.സ്കൂൾ, കന്നംകളങ്ങര, കോഴിക്കോട് |
| 387 | സുഭാഷ്.ടി.വി, എം.യു.പി.എസ്, ദേവർകോവിൽ, കോഴിക്കോട് |
| 388 | അനിന്റു ജോസ്, സെന്റ് ജോസഫ്സ് എൽ.പി. സ്കൂൾ പുതംപാറ, കോഴിക്കോട് |
| 389 | അദിയ എസ്. ദാസ്, നിർമ്മല യു.പി.എസ്, കാറ്റുള്ളമ്മൽ, കോഴിക്കോട് |
| 390 | ജാൻഫിഷാൻ. എം LPST, സി.എം മെമ്മോറിയൽ സെന്റർ മടവൂർ, കോഴിക്കോട് |
| 391 | അനുപമ. പി, എ.യു.പി സ്കൂൾ, നടുവല്ലൂർ, കോഴിക്കോട് |
| 392 | യുനൈസ്. റ്റി, എം.ബി എ.യു.പി.സ്, കോളിയാഡി, വയനാട് |
| 393 | അലീനദാസ്, സെന്റ് തോമസ് എ.എൽ.പി.എസ് പുത്തൻകുന്ന്,വയനാട് |
| 394 | സുജാത.പി, ഡബ്ലിയു.ഒ.വി.എച്ച്.എസ്.എസ്, മുട്ടി, വയനാട് |
| 395 | വിജില.എൻ.കെ, ആർ.സി.എച്ച്.എസ്, ചുണ്ടൽ, വയനാട് |
| 396 | സുധീഷ് കുമാർ.എം.പി, എസ്.കെ.എം.ജെ.എച്ച്.എസ്, കൽപ്പറ്റ, വയനാട് |
| 397 | വിജിൽ. റ്റി.ബേബി, സർവോദയ എച്ച്.എസ് , Eachome, വയനാട് |
| 398 | റഷീദ്.ഇ Jr Lang (LP) Arabic, Kararath UPS, കണ്ണൂർ |
| 399 | അയിഷാത്തുൽ ജോഹ്റ. സി LPST, ചെലേരിമാപ്പിള എ.എൽ.പി.എസ്, കണ്ണൂർ |
| 400 | ഹരിതമോൾ.പി.പി HST, സെന്റ് മേരീസ് ഗേൾസ് എച്ച്.എസ്, പയ്യന്നൂർ, കണ്ണൂർ |
| 401 | അരുൺ.എ.എം FTM, മേരി ക്യൂൻസ് എച്ച്.എസ്, കടിയാൻമല, കണ്ണൂർ |
| 402 | അഞ്ജു മാത്യു FTM, സെന്റ് ജോസഫ് എച്ച്.എസ്, വയറ്റുപറമ്പ, കണ്ണൂർ |

| | |
|---|---|
| 403 | ഷാൻ ജോസഫ് FTM, ദേവമാതാ എച്ച്.എസ്, Paisakary, കണ്ണൂർ |
| 404 | ഷാരോൺ ക്രിസ്റ്റഫർ FTM, നിർമ്മല എച്ച്.എസ്, ചെമ്പേരി, കണ്ണൂർ |
| 405 | വിപിൻദാസ്.റ്റി.ജെ UPST, മേരി ലാന്റ് എച്ച്.എസ്, മാടമ്പം, കണ്ണൂർ |
| 406 | ആതിര ദാസ് UPST, മിഥൽ പുന്നാട് യു.പി.എസ്, കണ്ണൂർ |
| 407 | ജിന.ഇ UPST, മനത്തണ പേരാവൂർ യു.പി.എസ്, കണ്ണൂർ |
| 408 | സോണിയ. പി.ജെ UPST, മുരിങ്ങേരി യു.പി.എസ് |
| 409 | സവിത. കെ.വി LPST, ദേശസേവ യു.പി സ്കൂൾ, കണ്ണാടിപറമ്പ, കണ്ണൂർ |
| 410 | കൺകോൽ എ.എൽ.പി.എസ്, കണ്ണൂർ |
| 411 | ഹനീഫ അമേരി LG Arabic (LP) Teacher, Tharuvanatheru UPS, കണ്ണൂർ |
| 412 | ഷഹല LPST, DIS ഗേൾസ് എച്ച്.എസ്.എസ്, കണ്ണൂർ |
| 413 | ധന്യ ജോസഫ് UPST, അഞ്ചരക്കണ്ടി എച്ച്.എസ്.എസ്, കണ്ണൂർ |
| 414 | അവിനാഷ് കഞ്ഞികൃഷ്ണൻ UPST, അഞ്ചരക്കണ്ടി എച്ച്.എസ്.എസ്, കണ്ണൂർ |
| 415 | ജോബിൻ വിനോദ് കെ.വി LPST, മറ്റൂൾ എം.ആർ.യു.പി.എസ്, കണ്ണൂർ |
| 416 | സുബൈർ ചെറോത്ത് LG Arabic (UP) എം.എം.യു.പി.എസ്, കമ്പം, കണ്ണൂർ |
| 417 | പ്രസീത. ആർ LpST, പയ്യാവൂർ എസ്.എച്ച്. എ എൽ.പി.എസ്, കണ്ണൂർ |
| 418 | ഋഷിക് ഷാരോൺ.സി LPST, കാൻഫിറോഡ് ശങ്കര വിലാസം യു.പി.എസ്, കണ്ണൂർ |
| 419 | സജന. സി HST (Social Science), പരശ്ശിനിക്കടവ് ഹയർ സെക്കന്ററി സ്കൂൾ, കണ്ണൂർ |
| 420 | ഷിജി മുകന്ദൻ Needle work teacher, മട്ടന്നൂർ എച്ച്.എസ്.എസ്, കണ്ണൂർ |
| 421 | മുഹമ്മദ് നവാഫ് .കെ.എം HST Hindi, പി.കെ.എം.എച്ച്.എസ്.എസ്, കടവത്തൂർ, കണ്ണൂർ |
| 422 | സുജിത.എം HST Hindi, എസ്.എൻ.ട്രസ്റ്റ് എച്ച്.എസ്.എസ്, കണ്ണൂർ |
| 423 | സുരേഷ് മുണ്ടയാടൻ FTM, കുടാളി എച്ച്.എസ്.എസ്, കണ്ണൂർ |
| 424 | നവീൻ.പി, സെന്റ് മേരിസ് എ.യു.പി.എസ്, മാലക്കല്ല്, കാസർഗോഡ് |
| 425 | തേജസി.എം.ആർ, പി.പി.ടി.എ.എൽ.പി.എസ്, കാഞ്ഞങ്ങാട് കടപ്പുറം, കാസർഗോഡ് |
| 426 | ഉമ്മുകൽസു.പി.കെ, ആർ.എ.എൽ.പി.എസ്, മൗവ്വൽ, കാസർഗോഡ് |
| 427 | ശശീന്ദ്രൻ. എം, ടി.ഐ.എച്ച്.എസ്.എസ്, നായ്മാർമൂല, കാസർഗോഡ് |
| 428 | മിനു.കെ, സി.എച്ച്.എസ്.എസ്, ചട്ടഞ്ചാൽ, കാസർഗോഡ് |
| 429 | ഹനാൻ, സി.ജെ.എച്ച്.എസ്.എസ്, ചെമ്മനാട്, കാസർഗോഡ് |

| | |
|---|---|
| 430 | അശ്വതി.കെ, ഇക്ബാൽ ഹയർ സെക്കന്ററി സ്കൂൾ അജാനൂർ, കാസർഗോഡ് |
| 431 | അൻസാർ.എ, ദുർഗ്ഗ ഹയർ സെക്കന്ററി സ്കൂൾ കാഞ്ഞങ്ങാട്, കാസർഗോഡ് |

മീനാംബിക എം.ഐ.
പെൻ:101012
അഡീഷണൽ സെക്രട്ടറി
പൊതു വിദ്യാഭ്യാസ വകുപ്പ്
ഗവ: സെക്രട്ടേറിയറ്റ്, തിരുവനന്തപുരം

## അനുബന്ധം-6

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

പൊതുവിദ്യാഭ്യാസം - ബഹു.സുപ്രീംകോടതിയുടെ എസ്.എൽ.പി (സി) നം. 9566/2023 നമ്പർ ഹർജിയിലെയും ബന്ധപ്പെട്ട കേസുകളിലെയും 30.10.2023, 27.01.2025 തീയതികളിലെ ഉത്തരവുകൾ പ്രകാരം സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷി വിഭാഗത്തിലുള്ള യോഗ്യതയുള്ള ഉദ്യോഗാർത്ഥികളെ തിരഞ്ഞെടുത്തു കൊണ്ട് നിയമനത്തിന് ശുപാർശ ചെയ്യുന്നതിനായി സമിതികൾ രൂപീകരിച്ചും ചുമതലകൾ നിശ്ചയിച്ചും - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതു വിദ്യാഭ്യാസ (ജെ ആർ) വകുപ്പ്

G.O.(Ms) No.45/2025/GEDN തീയതി,തിരുവനന്തപുരം, 24-03-2025

---

പരാമർശം:-

1. സാമൂഹ്യ നീതി വകുപ്പിന്റെ 18/11/2018 ലെ സ.ഉ.(പി) 18/2018/എസ്.ജെ.ഡി സർക്കാർ ഉത്തരവ്.
2. 08/11/2021 ലെ സ.ഉ.(പി)നം.19/2021/പൊ.വി.വ. സർക്കാർ ഉത്തരവ്
3. 25/06/2022 ലെ സ.ഉ.(കൈ)നം.111/2022/പൊ.വി.വ. സർക്കാർ ഉത്തരവ്
4. ഡബ്ല്യു.പി (സി) 19808/2021 ഉൾപ്പെടെയുള്ള കേസുകളിൽ 10/08/2022 ൽ ബഹു.ഹൈകോടതി പുറപ്പെടുവിച്ച വിധിന്യായം.
5. റിട്ട് അപ്പീൽ 1445/2022 തുടങ്ങിയ കേസുകളിൽ 13/03/2023ൽ ബഹു ഹൈകോടതി പുറപ്പെടുവിച്ച വിധിന്യായം.
6. 24/03/2023 ലെ സ.ഉ.(കൈ)നം.29/23/പൊ.വി.വ.സർക്കാർ ഉത്തരവ്
7. ബഹു സുപ്രീംകോടതിയുടെ എസ്.എൽ.പി(സി)നം. 9566/2023 നമ്പർ ഹർജിയിലെയും ബന്ധപ്പെട്ട കേസുകളിലെയും

**30.10.2023, 27.01.2025 തീയതികളിലെ ഉത്തരവുകൾ**

**ഉത്തരവ്**

പരാമർശം (1) സർക്കാർ ഉത്തരവിൽ സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിലും, എയ്ഡഡ് കോളേജുകളിലും ഭിന്നശേഷി വിഭാഗത്തിന് അനുയോജ്യമെന്ന് സർക്കാർ കണ്ടെത്തിയിട്ടുള്ള തസ്തികകളിൽ 07/02/1996 മുതൽ കേഡർ സ്ട്രെങ്ത്തിൻ്റെ ആകെയുള്ള ഒഴിവുകളിൽ 3% ഒഴിവുകൾ ഭിന്ന ശേഷി വിഭാഗക്കാർക്ക് മാറ്റി വെക്കാനും, 07/02/1996 മുതൽ 18/07/2017 വരെ മേൽ പ്രകാരം ബാക്ക് ലോഗ് കണ്ടെത്തി നിയമനം നൽകുവാനും തുടർന്ന് 19/04/2017 മുതൽ കേഡർ സ്ട്രെങ്ത്തിൻ്റെ ആകെയുള്ള ഒഴിവുകളിൽ 4% ഭിന്നശേഷി നിയമനത്തിനായി നീക്കിവെക്കാനും നിർദ്ദേശിച്ചിരുന്നു.

2. സംസ്ഥാനത്തെ എയ്ഡഡ് സ്കൂൾ നിയമനത്തിൽ ഭിന്നശേഷിക്കാർക്ക് സംവരണം നൽകുന്നതിനായി പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും 1995 PwD Act അനുസരിച്ച് 07/02/1996 മുതൽ 18/04/2017 വരെ ഭിന്നശേഷി നിയമനത്തിനായി വിവിധ സർക്കാർ ഉത്തരവുകളിലൂടെ അനുയോജ്യമെന്ന് കണ്ടെത്തിയിട്ടുള്ള തസ്തികകളിലെ ഒഴിവുകളിൽ നടത്തുന്ന നിയമനങ്ങളുടെ 3% ഒഴിവുകളും 19/04/2017 മുതൽ ഉണ്ടായ ഒഴിവുകളിൽ RPwD Act പ്രകാരം 4% ഒഴിവുകളും ബാക്ക് ലോഗായി കണക്കാക്കി ഉടൻ പ്രാബല്യത്തിൽ നിയമിക്കണമെന്നും നിർദ്ദേശിച്ചു.

3. ഇതിനെ തുടർന്ന് പരാമർശം (3) പ്രകാരം എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷി സംവരണം പാലിക്കുന്നതിനായി ബാക്ക് ലോഗ് കണ്ടെത്തുന്നതിനും ആയത് നികത്തുന്നതിനുമായി മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു.

4. പരാമർശം (4), (5) പ്രകാരം ബഹു.ഹൈകോടതി എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷി വിഭാഗത്തിലുള്ളവർക്ക് നിയമനം നൽകുന്നത് സംബന്ധിച്ചും ഭിന്ന ശേഷി നിയമനം നടത്താത്ത മാനേജ്മെന്റുകളിലെ മറ്റു ജീവനക്കാരുടെ നിയന അംഗീകാരം സംബന്ധിച്ചും ഉത്തരവുകൾ പുറപ്പെടുവിച്ചു.മേൽ വിധിന്യായങ്ങളുടെ അടിസ്ഥാനത്തിൽ പരാമർശം (6) പ്രകാരം ഈ വിഷയങ്ങളിൽ വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചു. തുടർന്ന് എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷി വിഭാഗത്തിലുള്ളവർക്ക് നിയമനം നൽകുന്നത് സംബന്ധിച്ചും മാനേജ്മെന്റുകളിലെ മറ്റു ജീവനക്കാരുടെ നിയന അംഗീകാരം സംബന്ധിച്ചും

സർക്കാരും പൊതു വിദ്യാഭ്യാസ ഡയറക്ടറും നിരവധി നിർദേശങ്ങളും പുറപ്പെടുവിച്ചു.

5. പരാമർശം (5) ലെ ബഹു.ഹൈകോടതി വിധിന്യായത്തിനെതിരെ എസ്.എൽ.പി (സി) 9566/2023 തുടങ്ങിയ ഹർജികൾ ബഹു സുപ്രീം കോടതി മുമ്പാകെ ഫയൽ ചെയ്തു. ബഹു.ഹൈകോടതി ഇത് സംബന്ധിച്ച് പുറപ്പെടുവിച്ച ഉത്തരവുകൾ പാലിച്ചു കൊണ്ട് സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ ഭിന്ന ശേഷി വിഭാഗത്തിലുള്ളവരെ നിയമിക്കുന്നതുമായി ബന്ധപ്പെട്ട തിരഞ്ഞെടുപ്പ് നിയമന നടപടികൾ താമസംവിനാ പൂർത്തിയാക്കുന്നതിനും, ഭിന്നശേഷി വിഭാഗത്തിൽ ഉള്ളവരെ നിയമിക്കുന്നതിനായുള്ള ഒഴിവുള്ള പക്ഷം പ്രൊവിഷണലായി നിയമിച്ച മറ്റു ജീവനക്കാരെ വിടുതൽ ചെയ്യരുതെന്നും ബഹു സുപ്രീം കോടതി നിർദേശിച്ചു. നിലവിലുള്ള ചട്ടങ്ങളിൽ എന്ത് തന്നെ വ്യവസ്ഥചെയ്തിരുന്നാലും എയ്ഡഡ് സ്കൂളുകളിൽ നിയമിക്കുവാൻ ഭിന്നശേഷി വിഭാഗത്തിൽ ഉള്ളവരെ തിരഞ്ഞെടുക്കുന്നതിനായി ഒരു സംസ്ഥാനതല സമിതി രൂപീകരിക്കുന്നതിനും, സമിതി ശുപാർശ ചെയ്യുന്ന ഉദ്യോഗാർത്ഥികളെ നിയമിക്കുവാൻ മാനേജർമാർ ബാധ്യസ്ഥരാണെന്നും ഇത് സംബന്ധിച്ച പ്രൊപ്പോസൽ സമർപ്പിക്കുന്നതിനും സർക്കാരിന് നിർദേശം നൽകി. സർക്കാർ പ്രൊപ്പോസൽ സമർപ്പിക്കുകയും, ബഹു സുപ്രീംകോടതി എസ്.എൽ.പി (സി) നം. 9566/2023 നമ്പർ ഹർജിയിലെയും ബന്ധപ്പെട്ട മറ്റ് ഹർജികളിലും 27.01.2025 തീയതി പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം സർക്കാർ സമർപ്പിച്ച പ്രൊപ്പോസൽ അനുസരിച്ചു തുടർ നടപടികൾ സ്വീകരിക്കുവാൻ അനുമതി നൽകുകയും എന്നാൽ സർക്കാർ ശുപാർശകൾ അന്തിമമാക്കുന്നത് ബഹു.കോടതി അനുമതിയോടെ മാത്രമായിരിക്കും എന്നും ഉത്തരവിട്ടു.

6. പരാമർശം (7) ലെ ബഹു സുപ്രീംകോടതിയുടെ ഉത്തരവുകൾ പ്രകാരം സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ നിയമിക്കുന്നതിനായി ഭിന്നശേഷി വിഭാഗത്തിലുള്ള യോഗ്യതയുള്ള ഉദ്യോഗാർത്ഥികളെ തിരഞ്ഞെടുത്തു കൊണ്ട് നിയമനത്തിന് ശുപാർശ ചെയ്യുന്നതിനായി, ബഹു.കോടതിയുടെ അന്തിമ ഉത്തരവിന് വിധേയമായി, ചുവടെ ചേർക്കും പ്രകാരം സമിതികൾ രൂപീകരിച്ചും ചുമതലകൾ നിശ്ചയിച്ചും ഉത്തരവാകുന്നു:

<u>i) സംസ്ഥാനതല സമിതി</u>

a) പൊതു വിദ്യാഭ്യാസ ഡയറക്ടർ - ചെയർമാൻ

b) പൊതു വിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (ജനറൽ)- കൺവീനർ.

അംഗങ്ങൾ

a) സീനിയർ ലോ ഓഫീസർ, പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റ്.

b) സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റ്.

c) സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റ്. (ഹയർ സെക്കന്ററി വിഭാഗം)

d) അഡിഷണൽ ഡയറക്ടർ /ജോയിന്റ് ഡയറക്ടർ , എംപ്ലോയ്മെന്റ് ഡയറക്ടറേറ്റ്.

e) ജോയിന്റ് ഡയറക്ടർ, ഹയർ സെക്കന്ററി വിഭാഗം.

f) ഡെപ്യൂട്ടി ഡയറക്ടർ, വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗം.

g) ഡെപ്യൂട്ടി ഡയറക്ടർ, സാമൂഹ്യ നീതി വകുപ്പ്.

ചുമതലകളും ഉത്തരവാദിത്തങ്ങളും

- സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിലെ ഭിന്നശേഷി സംവരണ നിയമന നടപടികളുടെ അവലോകനം നടത്തുക.
- നിയമന പുരോഗതി സംബന്ധിച്ച റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുക.
- നയപരമായ തീരുമാനങ്ങൾ കൈക്കൊള്ളേണ്ട വിഷയങ്ങൾ തുടർ നടപടികൾ സ്വീകരിക്കുന്നതിനായി സർക്കാരിന് റിപ്പോർട്ട് ചെയ്യുക.
- ജില്ലാതല സമിതികൾക്ക് ഭിന്നശേഷി വിഭാഗത്തിലുള്ള യോഗ്യതയുള്ള ഉദ്യോഗാർത്ഥികളെ തിരഞ്ഞെടുക്കുന്നതിനായി ആവശ്യമായ മാർഗനിർദേശങ്ങൾ നൽകുക.
- ജില്ലാതല സമിതിയുടെ നടപടികളിന്മേലുള്ള അപ്പീലുകൾ തീർപ്പാക്കുക.

ii) ജില്ലാതല സമിതികൾ

1. പ്രൈമറി, ഹൈസ്കൂൾ വിഭാഗങ്ങൾക്ക്

a) വിദ്യാഭ്യാസ ഉപ ഡയറക്ടർ - കൺവീനർ

b) അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് - അംഗം

c) ബന്ധപ്പെട്ട ജില്ലാ/ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർ - അംഗം

2 . ഹയർ സെക്കന്ററി വിഭാഗം (2 ജില്ലകൾ വീതം)

a) റീജിയണൽ ഡയറക്ടർ, ഹയർ സെക്കന്ററി - കൺവീനർ

b) സർക്കാർ അംഗീകരിച്ച പാനലിൽ നിന്നും ഒരു ഗവണ്മെന്റ് നോമിനി -
അംഗം.

c) അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് - അംഗം.

**3 .വൊക്കേഷണൽ ഹയർ സെക്കന്ററി (2 ജില്ലകൾ വീതം)**

a) അഡീഷണൽ ഡയറക്ടർ, വൊക്കേഷണൽ ഹയർ സെക്കന്ററി - കൺവീനർ

b) സർക്കാർ അംഗീകരിച്ച പാനലിൽ നിന്നും ഒരു ഗവണ്മെന്റ് നോമിനി -
അംഗം.

c) അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് - അംഗം

**ചുമതലകളും ഉത്തരവാദിത്തങ്ങളും**

- സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ ഭിന്ന ശേഷി നിയമനത്തിനായി റിപ്പോർട്ട് ചെയ്യപ്പെടുന്ന ഒഴിവുകളിലേക്ക് ജില്ലാ സ്പെഷ്യൽ എംപ്ളോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും ഉദ്യോഗാർത്ഥികളുടെ പട്ടിക ലഭ്യമാക്കി യോഗ്യരായ ഉദ്യോഗാർത്ഥികളെ തിരഞ്ഞെടുത്തു റാങ്ക് ലിസ്റ്റ് തയാറാക്കി, പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും സമന്വയ പോർട്ടൽ മുഖേന ഉദ്യോഗാർത്ഥികളെ നിയമനത്തിനായി ശിപാർശ ചെയ്യുക.
- ഒഴിവുകൾ നികത്തുന്നതിനായി കൃത്യമായി തെരഞ്ഞെടുപ്പ് നടപടികൾ സ്വീകരിക്കുക.
- നിയമന പുരോഗതി സംസ്ഥാനതല സമിതിയ്ക്ക് യഥാസമയം റിപ്പോർട്ട് ചെയ്യുക.

**III) തിരഞ്ഞെടുപ്പ് പ്രക്രിയ**

- ബഹു.കോടതി ഉത്തരവുകളുടെയും സർക്കാർ മാർഗനിർദേശങ്ങളുടെയും അടിസ്ഥാനത്തിൽ, സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷിക്കാരുടെ നിയമനത്തിനായി, മാനേജർമാർ തസ്തികകൾ മാറ്റി വെച്ചുകൊണ്ട് റോസ്റ്റർ തയ്യാറാക്കി സമർപ്പിക്കേണ്ടതും, ഇപ്രകാരം നീക്കി വെച്ചിട്ടുള്ള ഒഴിവുകൾ സമയ ബന്ധിതമായി സമന്വയ പോർട്ടലിൽ അപ്‌ലോഡ് ചെയ്യേണ്ടതുമാണ്.

- ഭിന്നശേഷി നിയമനത്തിനായി വിവിധ എയ്ഡഡ് സ്കൂൾ മാനേജ്മെന്റുകൾ അതാത് വിഭാഗങ്ങൾക്കായി നീക്കിവച്ചിരിക്കുന്ന ഒഴിവുകൾ ജില്ലാടിസ്ഥാനത്തിൽ ഒരു യൂണിറ്റായി പരിഗണിക്കേണ്ടതാണ്.

- എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷി നിയമനത്തിനായി മാനേജർമാർ മാറ്റി വെച്ചിട്ടുള്ള ഒഴിവുകൾ വ്യവസ്ഥാപിതമാണോ എന്ന് ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.
- അതാത് വിഭാഗങ്ങളിൽ ഓരോ ജില്ലയിലും റിപ്പോർട്ട് ചെയ്യപ്പെടുന്ന ഒഴിവുകൾ ഒറ്റ യൂണിറ്റായി കണക്കാക്കിക്കൊണ്ട് ഒഴിവുകളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ഡെപ്യൂട്ടി ഡയറക്ടർ/റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർ/അഡീഷണൽ ഡയറക്ടർമാർ സ്പെഷ്യൽ എംപ്ലോയ്മെന്റ് എക്സ്ചേയ്ഞ്ചുകളിൽ നിന്നും കാറ്റഗറി അടിസ്ഥാനത്തിൽ (പ്രൈമറി,സെക്കന്ററി,നോൺ ടീച്ചിംഗ്,ഹയർ സെക്കണ്ടറി സീനിയർ,ഹയർ സെക്കണ്ടറി ജൂനിയർ, വൊക്കേഷണൽ ഹയർ സെക്കണ്ടറി സീനിയർ, വൊക്കേഷണൽ ഹയർ സെക്കണ്ടറി ജൂനിയർ) യോഗ്യരായ ഭിന്നശേഷി വിഭാഗത്തിലുള്ള ഉദ്യോഗാർത്ഥികളുടെ പട്ടിക ലഭ്യമാക്കി തിരഞ്ഞെടുപ്പ് നടപടികൾ നടത്തേണ്ടതാണ്.
- സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ നിയമിക്കുന്നതിനായി ഭിന്നശേഷി വിഭാഗത്തിലുള്ള യോഗ്യതയുള്ള ഉദ്യോഗാർത്ഥികളെ തിരഞ്ഞെടുക്കേണ്ടതും ഈ ഒഴിവുകളിലേക്ക് നിയമനത്തിന് അർഹതയുള്ള ഉദ്യോഗാർത്ഥികളുടെ ജില്ല തിരിച്ചുള്ളതും വിഭാഗം തിരിച്ചുള്ളതുമായ റാങ്ക് പട്ടിക തയാറാക്കേണ്ടതുമാണ്.
- റാങ്ക് ലിസ്റ്റിൽ നിന്നുള്ള ഉദ്യോഗാർത്ഥികളെ കഴിയുന്നത്ര സൗകര്യപ്രദമായി, ഏറ്റവും അടുത്തുള്ള സ്കൂളുകളിൽ നിയമനം നടത്തുന്നതിനായി, ജില്ലാതല സമിതികൾ സമന്വയ പോർട്ടൽ മുഖേന നിയമനത്തിനായി ശുപാർശ ചെയ്യേണ്ടതാണ്.
- ജില്ലാതല സമിതികൾ ശുപാർശ ചെയ്യുന്ന ഉദ്യോഗാർത്ഥികളെ നിയമിക്കേണ്ടത് എയ്ഡഡ് സ്കൂൾ മാനേജർമാരുടെ നിയമപരമായ ബാധ്യതയാണ്. ശുപാർശ ചെയുന്ന ഉദ്യോഗാർത്ഥി ജോലിയിൽ പ്രവേശിക്കാത്ത പക്ഷം, റാങ്ക് പട്ടികയിൽ നിന്നും അതേ വിഭാഗത്തിലെ അടുത്ത ഉദ്യോഗാർത്ഥിയെ ശുപാർശ ചെയ്യേണ്ടതാണ്.
- ഇപ്രകാരം നിയമനങ്ങൾ നടത്തുമ്പോൾ, 2016 ലെ ആർ.പി.ഡബ്ല്യു.ഡി ആക്ടിൽ നിർദ്ദേശിച്ചിരിക്കുന്നതുപോലെ, ഭിന്നശേഷി വിഭാഗങ്ങൾക്ക് റൊട്ടേഷൻ അടിസ്ഥാനത്തിൽ നാല് ശതമാനം (4%) സംവരണം ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തണം. ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക്, നിയമന പ്രക്രിയ പുനരാരംഭിച്ചുകൊണ്ടു അവശേഷിക്കുന്ന നിയമനങ്ങൾ നടത്തി റോട്ടേഷൻ ക്രമം പൂർത്തീകരിക്കേണ്ടതാണ്. ബാക്ക്‌ലോഗ് നിയമനം പൂർത്തിയായിക്കഴിഞ്ഞാൽ, പിന്നീട് റിപ്പോർട്ട് ചെയ്യപ്പെടുന്ന ഒഴിവുകൾ പ്രതിമാസ അടിസ്ഥാനത്തിൽ വിലയിരുത്തുകയും അതനുസരിച്ച് നിയമന പ്രക്രിയ

ആരംഭിക്കുകയും വേണം.

- മേൽപ്പറഞ്ഞ പ്രക്രിയ സുഗമമാക്കുന്നതിന് സമന്വയ പോർട്ടലിൽ അനുയോജ്യമായ ഒരു മൊഡ്യൂൾ തയ്യാറാക്കാൻ കൈറ്റിനെ (കേരള ഇൻഫ്രാസ്ട്രക്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ) ചുമതലപ്പെടുത്തുന്നു.
- സമിതികളുടെ പ്രവർത്തനത്തിന് കൂടുതൽ വിശദമായ മാർഗ്ഗ നിർദേശങ്ങൾ സർക്കാർ ഉടൻ പുറപ്പെടുവിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
RANI GEORGE
PRINCIPAL SECRETARY

അഡ്വക്കേറ്റ് ജനറൽ, എറണാകുളം(ആമുഖകത്ത് സഹിതം)

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം(ഹയർ സെക്കന്ററി വിഭാഗം)

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.(വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗം).

എല്ലാ എയ്ഡഡ് സ്കൂൾ മാനേജർമാർക്കും (പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)

സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.

എംപ്ളോയ്മെന്റ് ഡയറക്ടർ , തിരുവനന്തപുരം

പ്രിൻസിപ്പൽ

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

എല്ലാ റീജിണൽ ഡെപ്യൂട്ടി ഡയറക്ടർമാർക്കും അസിസ്റ്റന്റ് ഡയറക്ടർമാർക്കും വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർക്കും, ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും .(പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ് , തിരുവനന്തപുരം (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

പൊതുവിദ്യാഭ്യാസ

സാമൂഹ്യനീതി വകുപ്പ് .

വകുപ്പിലെ എല്ലാ ഓഫീസർമാർക്കും സെക്ഷനുകൾക്കും.

ഡയറക്ടർ (വെബ് & ന്യൂ മീഡിയ)/പ്രസ്സ് റിലീസ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by

N K Sheena

Date: 25-03-2025 14:53:59

പകർപ്പ്: ബഹു പൊതു വിദ്യാഭ്യാസ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്കു

പൊതു വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ യ്ക്ക്

പൊതു വിദ്യാഭ്യാസ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ യ്ക്ക്

അനുബന്ധം-7

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതു വിദ്യാഭ്യാസം-ഭിന്നശേഷി സംവരണം - ബഹു. സുപ്രീംകോടതിയുടെ എസ്.എൽ.പി (സി) നം. 9566/2023 നമ്പർ ഹർജിയിലെയും ബന്ധപ്പെട്ട കേസുകളിലെയും 30.10.2023, 27.01.2025 തീയതികളിലെ ഉത്തരവുകൾ പ്രകാരം സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷി വിഭാഗത്തിലുള്ള യോഗ്യതയുള്ള ഉദ്യോഗാർത്ഥികളെ തിരഞ്ഞെടുത്ത് നിയമനത്തിന് ശുപാർശ ചെയ്യുന്നതിനായി രൂപീകരിച്ച സമിതികളുടെ പ്രവർത്തന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതു വിദ്യാഭ്യാസ (ജെ.ആർ) വകുപ്പ്**

സ.ഉ.(കൈ) നം.123/2025/GEDN തീയതി,തിരുവനന്തപുരം, 28-06-2025

---

പരാമർശം:-

1. 18/11/2018-ലെ സ.ഉ.(പി) 18/2018/എസ്.ജെ.ഡി നമ്പർ സർക്കാർ ഉത്തരവ്.
2. 08/11/2021-ലെ സ.ഉ.(പി) നം.19/2021/പൊ.വി.വ. നമ്പർ സർക്കാർ ഉത്തരവ്.
3. 25/06/2022 ലെ സ.ഉ.(കൈ) നം.111/2022/പൊ.വി.വ. നമ്പർ സർക്കാർ ഉത്തരവ്
4. ഡബ്ല്യൂ.പി (സി) നം.19808/2021 ഉൾപ്പെടെയുള്ള കേസുകളിൽ 10/08/2022 ൽ ബഹു.ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായം.
5. റിട്ട് അപ്പീൽ 1445/2022 തുടങ്ങിയ കേസുകളിൽ 13/03/2023ൽ ബഹു ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായം.
6. 24/03/2023 സ.ഉ.(കൈ) നം.29/23/പൊ.വി.വ. നമ്പർ സർക്കാർ ഉത്തരവ്.
7. ബഹു സുപ്രീംകോടതി എസ്.എൽ.പി(സി) നം. 9566/2023 & അനുബന്ധ ഹർജികളിൽ 30.10.2023, 27.01.2025 തീയതികളിൽ പുറപ്പെടുവിച്ച ഉത്തരവുകൾ .
8. 24/03/2025 ലെ സ.ഉ.(കൈ) നം.45/2025/പൊ.വി.വ. സർക്കാർ ഉത്തരവ്.

9. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 5.5.2025-ലെ ഡി.ജി.ഇ/15133/2023-എച്ച് 2-Part (1) നം. കത്ത്.

**ഉത്തരവ്**

ബഹു.സുപ്രീംകോടതിയുടെ എസ്.എൽ.പി (സി) നം. 9566/2023 നമ്പർ ഹർജിയിലെയും ബന്ധപ്പെട്ട കേസുകളിലെയും 30.10.2023, 27.01.2025 തീയതികളിലെ ഉത്തരവുകൾ പ്രകാരം സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷി വിഭാഗത്തിലുള്ള യോഗ്യതയുള്ള ഉദ്യോഗാർത്ഥികളെ തിരഞ്ഞെടുത്തു കൊണ്ട് നിയമനത്തിന് ശുപാർശ ചെയ്യുന്നതിനായി സംസ്ഥാനതല , ജില്ലാതല സമിതികൾ രൂപീകരിച്ചുകൊണ്ടും , പ്രസ്തുത സമിതികളുടെ ചുമതലകൾ നിശ്ചയിച്ചുകൊണ്ടും പരാമർശം (8) പ്രകാരം ഉത്തരവായി.

2. ഈ ഉത്തരവ് തീയതി മുതൽ, ചുവടെ ചേർക്കുന്ന നിർദേശങ്ങൾക്കനുസൃതമായി, സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിലേക്ക് യോഗ്യതയുള്ള ഭിന്നശേഷി വിഭാഗത്തിലുള്ള ഉദ്യോഗാർത്ഥികളെ തിരഞ്ഞെടുത്തു ശുപാർശ ചെയ്യുന്നത് പരാമർശം (8) സർക്കാർ ഉത്തരവ് പ്രകാരം രൂപീകരിച്ച ജില്ലാ തല സമിതികളായിരിക്കും. ഈ ഉത്തരവ് തീയതിയ്ക്ക് മുൻപ് എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് വഴി ഭിന്നശേഷി ഉദ്യോഗാർത്ഥികളെ മാനേജർമാർ നിയമിച്ച് നിയമനാംഗീകാരത്തിനായി സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലുകളിൽ ചട്ടപ്രകാരം നിയമനാംഗീകാരം നൽകുന്നതിനുള്ള നടപടികൾ വിദ്യാഭ്യാസ ഓഫീസർമാർ സ്വീകരിക്കേണ്ടതാണ്.

a) ബഹു സുപ്രീംകോടതിയുടെ നിർദേശ പ്രകാരം സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിലെ നിയമനത്തിനായി, യോഗ്യതയുള്ള ഭിന്നശേഷി ഉദ്യോഗാർത്ഥികളെ തിരഞ്ഞെടുത്തു ശുപാർശ ചെയ്യുന്നതിനായി സർക്കാർ രൂപീകരിച്ച സമിതികളുടെ പ്രവർത്തനത്തിനായി സമന്വയയിൽ പ്രത്യേക മൊഡ്യൂൾ തയ്യാറാക്കുവാൻ പരാമർശം (8) പ്രകാരം കൈറ്റിനെ (കേരള ഇൻഫ്രാസ്ട്രക്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ) ചുമതലപ്പെടുത്തിയിരുന്നു. പ്രസ്തുത മൊഡ്യൂളുകൾ **ജൂലൈ ഒന്നാം** തീയതിക്കുള്ളിൽ പൂർണ്ണമായും പ്രവർത്തന സജ്ജമാകുമെന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ ഉറപ്പ് വരുത്തേണ്ടതാണ്. എയ്ഡഡ് സ്കൂളുകളിലെ ഭിന്നശേഷി നിയമനവുമായി ബന്ധപ്പെട്ട മേൽ സമിതികളുടെ പ്രവർത്തനങ്ങൾ സമന്വയ മുഖേനയാണ് നടപ്പാക്കേണ്ടത്.

b) സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ ജോലി നേടുന്നതിന് മതിയായ യോഗ്യതയുള്ള ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾ, ബന്ധപ്പെട്ട സ്പെഷ്യൽ എംപ്ലോയ്മെൻറ്

എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്തിട്ടില്ലെങ്കിൽ എത്രയും പെട്ടെന്ന് രജിസ്റ്റർ ചെയ്യണമെന്ന് അറിയിപ്പ് നൽകികൊണ്ട് പത്രപ്പരസ്യം നൽകുവാൻ എംപ്ലോയ്മെൻ്റ് ഡയറക്ടർക്ക് നിർദേശം നൽകുന്നു.

c) പരാമർശം (8) പ്രകാരം രൂപീകരിച്ച ജില്ലാ തല സമിതികളുടെ പ്രവർത്തനങ്ങൾ ജൂലൈ 21ന് മുൻപ് തന്നെ ആരംഭിക്കേണ്ടതും, ഇതിലേക്കാവശ്യമായ എല്ലാ തുടർനടപടികളും സംസ്ഥാന തല സമിതി സ്വീകരിക്കേണ്ടതുമാണ്.

d) ഭിന്നശേഷി സംവരണ നിയമവുമായി ബന്ധപ്പെട്ട ബഹു.കോടതി ഉത്തരവുകളുടെയും സർക്കാർ മാർഗനിർദേശങ്ങളുടെയും അടിസ്ഥാനത്തിൽ, സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷിക്കാരുടെ നിയമനത്തിനായി, മാനേജർമാർ വ്യവസ്ഥാപിതമായ ഒഴിവുകൾ മാറ്റി വെച്ചുകൊണ്ട് ഇതിനോടകം തയ്യാറാക്കിയിട്ടുള്ള റോസ്റ്റർ പ്രകാരവും നാളിതുവരെ റോസ്റ്റർ തയ്യാറാക്കിയിട്ടില്ലാത്ത മാനേജർമാർ റോസ്റ്റർ തയ്യാറാക്കി അതുപ്രകാരവും, നീക്കിവച്ചിട്ടുള്ള ഒഴിവുകൾ സമർപ്പിക്കേണ്ടതും, ഇപ്രകാരം നീക്കി വെച്ചിട്ടുള്ള ഒഴിവുകൾ ജൂലൈ ആദ്യവാരം (ഏഴാം തീയതിയ്ക്കു മുൻപായി) സമന്വയയിൽ മാനേജർമാരുടെ ലോഗിനിൽ ലഭ്യമായ പ്രൊഫോർമയിൽ അപ്ലോഡ് ചെയ്യേണ്ടതുമാണ്.

e) നിലവിൽ സ്പെഷ്യൽ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളിലേക്ക് റിക്വിസിഷൻ സമർപ്പിക്കപ്പെട്ട് ഉദ്യോഗാർത്ഥികളെ ലഭ്യമാകാത്ത കേസുകളിലും, മാനേജർ മേൽ വ്യവസ്ഥകൾക്കനുസൃതമായി ജില്ലാതല സമിതിയ്ക്ക് സമന്വയ മുഖേന ഒഴിവ് റിപ്പോർട്ട് ചെയ്യേണ്ടതും ബന്ധപ്പെട്ട രേഖകൾ അപ്ലോഡ് ചെയ്യേണ്ടതുമാണ്. മുമ്പ് സ്പെഷ്യൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ റിപ്പോർട്ട് ചെയ്ത ഒഴിവുകളുടെ വിവരവും ആയതിൽ നടത്തിയ നിയമനങ്ങൾ സംബന്ധിച്ച വിവരവും, മാനേജർമാർ സമന്വയയിൽ ഉൾപ്പെടുത്തിയിട്ടുള്ള റോസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്.

f) ബഹു.സുപ്രീംകോടതിയിൽ ഫയൽ ചെയ്യപ്പെട്ടിട്ടുള്ള എസ്.എൽ.പി കളിൽ , ഭിന്നശേഷി ഉദ്യോഗാർത്ഥികളെ നിയമിക്കുന്നതിന് ആവശ്യമായ ഒഴിവുകൾ ലഭ്യമായപക്ഷം അവരെ നിലനിർത്തേണ്ടതാണെന്ന് ഇടക്കാല ഉത്തരവുകൾ ലഭിച്ചിട്ടുള്ള കേസുകളിലെ ഹർജിക്കാരെ നിയമിച്ചിട്ടുള്ള ഒഴിവുകൾ, ബഹു.കോടതിയുടെ അന്തിമ വിധിക്കനുസൃതമായി മാത്രം പരിഗണിച്ചാൽ മതിയാകും. എന്നാൽ ഭിന്നശേഷി ഉദ്യോഗാർത്ഥികളെ നിയമിക്കാൻ ആവശ്യമായ മറ്റു ഒഴിവുകൾ

ലഭ്യമുള്ള പക്ഷം പ്രസ്തുത ഒഴിവുകളിലേക്ക് യോഗ്യരായ ഭിന്നശേഷി ഉദ്യോഗാർത്ഥികളെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതും നിയമനാംഗീകാരത്തോടെ തുടരുന്ന അധ്യാപകരെ നിലനിർത്താവുന്നതുമാണ്.

g) ഭിന്നശേഷി നിയമനത്തിനായി സമന്വയ വഴി മാനേജർമാർ റിപ്പോർട്ട് ചെയ്തിട്ടുള്ള ഒഴിവുകൾ വ്യവസ്ഥാപിതവും ചട്ടപ്രകാരവും ഉള്ളതാണെന്ന്, ഒഴിവുകൾ സംബന്ധിച്ച റിപ്പോർട്ട് ലഭിച്ച് 15 ദിവസത്തിനുള്ളിൽ, ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ ഉറപ്പ് വരുത്തി ജില്ലാതല സമിതിയ്ക്ക് സമന്വയ മുഖേന പ്രപ്പോസൽ സമർപ്പിക്കേണ്ടതാണ്. ഭിന്നശേഷി ഉദ്യോഗാർത്ഥികളെ നിയമിക്കുന്നതിന് വ്യവസ്ഥാപിതമല്ലാത്ത ഒഴിവ് നീക്കിവച്ച് മാനേജർ അപേക്ഷ സമർപ്പിക്കുന്ന സാഹചര്യത്തിൽ, അത്തരം അപേക്ഷ തിരികെ നൽകേണ്ടതും, ഒഴിവ് വ്യവസ്ഥാപിതമാകുന്ന മുറയ്ക്കോ അല്ലെങ്കിൽ മറ്റ് ഒഴിവ് ലഭ്യമാകുന്ന മുറയ്ക്കോ മേൽ അപേക്ഷ മാനേജർക്ക് പുനഃസമർപ്പിക്കുന്നതിന് നിർദ്ദേശം നൽകേണ്ടതുമാണ്.

h) ഭിന്നശേഷി നിയമനത്തിനായി വിവിധ എയ്ഡഡ് സ്കൂൾ മാനേജ്മെന്റുകൾ അതാത് വിഭാഗങ്ങൾക്കായി നീക്കിവച്ചിരിക്കുന്ന ഒഴിവുകൾ ജില്ലാടിസ്ഥാനത്തിൽ ഒരു യൂണിറ്റായി പരിഗണിക്കേണ്ടതാണ്. അതാത് വിഭാഗങ്ങളിൽ ഓരോ ജില്ലയിലും റിപ്പോർട്ട് ചെയ്യപ്പെടുന്ന ഒഴിവുകൾ, ജില്ലാടിസ്ഥാനത്തിൽ ഒറ്റ യൂണിറ്റായി കണക്കാക്കിക്കൊണ്ട്, ഒഴിവുകളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ, ബന്ധപ്പെട്ട ജില്ലാ സമിതികൾ യോഗ്യരായ ഭിന്നശേഷി വിഭാഗത്തിലുള്ള ഉദ്യോഗാർഥികളുടെ കാറ്റഗറി അടിസ്ഥാനത്തിൽ സീനിയോറിറ്റി തിരിച്ചുള്ള പട്ടിക സമന്വയ മുഖേന ലഭ്യമാക്കി തിരഞ്ഞെടുപ്പ് നടപടികൾ നടത്തേണ്ടതാണ്. പൊതു വിദ്യാഭ്യാസ വകുപ്പ് നിഷ്കർഷിക്കുന്ന വിശദാംശങ്ങൾ സഹിതം അതത് ജില്ലയിൽ രജിസ്റ്റർ ചെയ്ത ഉദ്യോഗാർത്ഥികളുടെ ലിസ്റ്റാണ്, ബന്ധപ്പെട്ട സ്പെഷ്യൽ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽ നിന്നും ജില്ലാതല സമിതികളിലേക്ക് സമന്വയ മുഖേന ലഭ്യമാക്കേണ്ടത്.

i) ജില്ലാതല സമിതി സ്പെഷ്യൽ എംപ്ലോയ്മെൻ്റ് എക്സ്ചേഞ്ചിലേക്ക് ഉദ്യോഗാർത്ഥികളെ ആവശ്യപ്പെടുന്ന വർഷം ജനുവരി ഒന്നാം തീയതി കണക്കാക്കി ഉദ്യോഗാർഥികളുടെ പ്രായപരിധി നിശ്ചയിക്കേണ്ടതാണ്.

j) സ്പെഷ്യൽ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽ നിന്നും ലഭ്യമാക്കുന്ന ലിസ്റ്റിലുൾപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് ഇ-മെയിൽ, എസ്.എം.എസ്, സമന്വയ പെഴ്സണൽ ലോഗിൻ എന്നിവ

മുഖാന്തിരം, ആവശ്യപ്പെടുന്ന രേഖകൾ സഹിതം, സെലക്ഷൻ കമ്മിറ്റി മുൻപാകെ ഹാജരാകുവാൻ നിർദ്ദേശം നൽകേണ്ടതാണ്. പൊതു വിദ്യാഭ്യാസ ഡയറക്ടർ നിഷ്കർഷിക്കുന്നത് പ്രകാരമുള്ള എല്ലാ രേഖകളും വിശദാംശങ്ങളും സമന്വയയിൽ അപ്പ് ലോഡ് ചെയ്യേണ്ടതാണ്. ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന രേഖകളും വിശദാംശങ്ങളും ക്രമപ്രകാരമാണെന്ന തിരഞ്ഞെടുപ്പ് സമിതി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്. ഇപ്രകാരം ബന്ധപ്പെട്ട സ്പെഷ്യൽ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽ നിന്നും ലഭ്യമാകുന്ന പട്ടികയിൽ നിന്നും, സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ നിയമിക്കുന്നതിനായി, ഭിന്നശേഷി വിഭാഗത്തിലുള്ള യോഗ്യതയുള്ള ഉദ്യോഗാർത്ഥികളെ തിരഞ്ഞെടുക്കേണ്ടതും, നിയമനത്തിന് അർഹതയുള്ള ഉദ്യോഗാർത്ഥികളുടെ ജില്ല തിരിച്ചുള്ളതും കാറ്റഗറി തിരിച്ചുള്ളതുമായ റാങ്ക് പട്ടിക തയ്യാറാക്കി സമന്വയ മുഖേന ബന്ധപ്പെട്ട ജില്ലാ സമിതികൾ പ്രസിദ്ധീകരിക്കേണ്ടതുമാണ്. ഇത്തരത്തിലെ റാങ്ക് ലിസ്റ്റിന് അത് പ്രസിദ്ധീകരിക്കുന്ന അക്കാദമിക വർഷം ഡിസംബർ 31 വരെ മാത്രം കാലാവധി ഉണ്ടായിരിക്കും. ഓരോ അക്കാദമിക വർഷത്തിന്റെയും ആരംഭത്തിൽ തന്നെ (June 1 ന മുൻപ്) പ്രസ്തുത വർഷത്തേയ്ക്കുള്ള ലിസ്റ്റ് പ്രസിദ്ധീകരിക്കുവാൻ ജില്ലാതല സമിതി നടപടി സ്വീകരിക്കേണ്ടതാണ്.

k) ജില്ലാതല സെലക്ഷൻ സമിതിക്കു മുൻപാകെ റിപ്പോർട്ട് ചെയ്ത ഒഴിവുകളിൽ, സ്പെഷ്യൽ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽ നിന്നും ലഭ്യമാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നും ഉദ്യോഗാർത്ഥികളുടെ സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളെ തിരഞ്ഞെടുക്കേണ്ടതും , ഉദ്യോഗാർത്ഥിയുടെ പ്രിഫറൻസ് (താല്പര്യമുള്ള സ്കൂൾ/പ്രദേശം തെരഞ്ഞെടുക്കുന്നതിനുള്ള മുൻഗണന) അനുസരിച്ച് കഴിയുന്നിടത്തോളം സൗകര്യപ്രദമായി നിയമന ശിപാർശ നൽകേണ്ടതുമാണ്. ഇപ്രകാരമുള്ള മുൻഗണന പരിഗണിക്കുമ്പോൾ, ഒന്നിലധികം ഭിന്നശേഷി ഉദ്യോഗാർത്ഥികൾ ഒരേ ഒഴിവ് തന്നെ ആവശ്യപ്പെടുന്ന സാഹചര്യം ഉണ്ടായാൽ, അവരുടെ ഭിന്നശേഷി നിയമപ്രകാരമുള്ള റൊട്ടേഷൻ വ്യവസ്ഥകൾക്കനുസൃതമായി എംപ്ലോയ്മെൻറ് രജിസ്ട്രേഷൻ സീനിയോറിറ്റിയാണ് മാനദണ്ഡമാക്കേണ്ടത്. മുൻഗണന ഒഴിവുകൾ പ്രത്യേകിച്ച് പരാമർശിച്ചിട്ടില്ലാത്ത ഉദ്യോഗാർത്ഥികൾക്ക് റിപ്പോർട്ട് ചെയ്യുന്നതിലെ സീനിയോറിറ്റിയാണ് പരിഗണിക്കുന്നത്.

l) ജില്ലാതല സെലക്ഷൻ കമ്മിറ്റി ശുപാർശ ചെയ്യുന്ന ഉദ്യോഗാർത്ഥികളെ ബന്ധപ്പെട്ട മാനേജ്മെൻ്റ് നിയമിക്കേണ്ടതാണ്. അപ്രകാരം ശുപാർശ ചെയ്യപ്പെട്ട ഉദ്യോഗാർത്ഥി സ്കൂളിൽ

ജോലിയിൽ പ്രവേശിക്കാത്ത പക്ഷം റാങ്ക് ലിസ്റ്റിൽ നിന്നും അതേ കാറ്റഗറിയിലെ അടുത്ത ഉദ്യോഗാർത്ഥിയെത്തന്നെ, കഴിയുന്നതും അവരുടെ പ്രിഫറൻസ് (താല്പര്യമുള്ള സ്കൂൾ/പ്രദേശം തെരഞ്ഞെടുക്കുന്നതിനുള്ള മുൻഗണന) അനുസരിച്ച്, ജില്ലാ സമിതികൾ നിയമനത്തിനായി ശുപാർശ ചെയ്യേണ്ടതാണ്. ഇപ്രകാരം നിയമനങ്ങൾ നടത്തുമ്പോൾ, 1996 ലെയും 2016 ലെയും ആർ.പി.ഡബ്ല്യു.ഡി ആക്റ്റിൽ നിർദ്ദേശിച്ചിരിക്കുന്നതുപോലെ, ഭിന്നശേഷി വിഭാഗങ്ങൾക്ക് റൊട്ടേഷൻ അടിസ്ഥാനത്തിൽ മൂന്ന് ശതമാനവും നാല് ശതമാനവും സംവരണം ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തണം. ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക്, നിയമന പ്രക്രിയ പുനരാരംഭിച്ചുകൊണ്ട് അവശേഷിക്കുന്ന നിയമനങ്ങൾ നടത്തി റോട്ടേഷൻ ക്രമം പൂർത്തീകരിക്കേണ്ടതാണ്. ബാക്ക് ലോഗ് നിയമനങ്ങൾക്കും തുടർന്നുള്ള നിയമനങ്ങൾക്കും ജില്ലാ തലത്തിലാണ് റൊട്ടേഷൻ കണക്കാക്കേണ്ടത്. നിയമ പ്രകാരമുള്ള ടേൺ പാലിച്ച് മാത്രമെ ജില്ലാ തല സമിതി നിയമന നിർദ്ദേശം നൽകുവാൻ പാടുള്ളൂ. ബാക്ക് ലോഗ് നിയമനം പൂർത്തിയാകുമ്പോൾ തുടർന്ന് റിപ്പോർട്ട് ചെയ്യപ്പെടുന്ന ഒഴിവുകൾ വിശകലനം ചെയ്ത് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

m) മേൽ പ്രസ്താവിച്ച നിബന്ധനകൾക്ക് അനുസൃതമായി ജില്ലാതല സെലക്ഷൻ സമിതി ഭിന്നശേഷി വിഭാഗത്തിലുള്ള ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുത്ത്, നിയമന ശിപാർശ സമന്വയ മുഖേന മാനേജരുടെയും, ഉദ്യോഗാർത്ഥിയുടെയും പ്രഥമാദ്ധ്യാപകന്റെയും ലോഗിനിൽ ലഭ്യമാക്കേണ്ടതാണ്.

n) ഇപ്രകാരം നിയമന ശിപാർശ ലഭിച്ച് 15 ദിവസത്തിനകം ഭിന്നശേഷി ഉദ്യോഗാർത്ഥിക്ക് മാനേജർ നിയമന ഉത്തരവ് സമന്വയ മുഖേന നൽകേണ്ടതാണ്. നിയമനാംഗീകാരത്തിനുള്ള പ്രപ്പോസൽ സമന്വയ മുഖേന സമയബന്ധിതമായി വിദ്യാഭ്യാസ ഓഫീസർക്ക് സമർപ്പിക്കേണ്ടതും ഇപ്രകാരമുള്ള നിയമനാംഗീകാര പ്രപ്പോസലുകളിൽ കെ.ഇ.ആർ പ്രകാരമുള്ള സമയപരിധി പാലിച്ച് തന്നെ നിയമനാംഗീകാരം നൽകേണ്ടതുമാണ്.

o) സ്പെഷ്യൽ എംപ്ലോയ്മെൻ്റ് എക്സ്ചേഞ്ചിൽ നിന്നും ലഭ്യമാകുന്ന പട്ടികയിൽ ഉൾപ്പെട്ടിട്ടും തിരഞ്ഞെടുപ്പ് പ്രക്രിയയിൽ പങ്കെടുക്കാത്തവരുടെയും എയ്ഡഡ് സ്കൂളുകളിൽ നിയമനത്തിന് ശുപാർശ ചെയ്തിട്ടും ജോലിയിൽ പ്രവേശിക്കാത്തവരുടെയും വിശദാംശങ്ങൾ സമിതി അധികാരികൾ ലഭ്യമാക്കി ആവശ്യമായ തുടർനടപടികൾക്കായി എംപ്ലോയ്മെന്റ് ഡയറക്ടർ, സാമൂഹ്യ നീതി വകുപ്പ് ഡയറക്ടർ എന്നിവരെ അറിയിക്കേണ്ടതുമാണ്.

p) പ്രൈമറി/ഹൈസ്കൂൾ വിഭാഗങ്ങളിലേക്ക് ഭിന്നശേഷി ഉദ്യോഗാർത്ഥികളെ തിരഞ്ഞെടുക്കുന്നതിന് പരാമർശം (8) പ്രകാരം നിശ്ചയിച്ചിട്ടുള്ള ജില്ലാതല സമിതികൾ തന്നെ അനധ്യാപക വിഭാഗത്തിലേക്കുള്ള തിരഞ്ഞെടുപ്പ് നടപടികളും സ്വീകരിക്കേണ്ടതാണ്.

q) പരാമർശം (8) പ്രകാരം സംസ്ഥാന/ജില്ലാ സമിതികൾക്ക് നിശ്ചയിച്ചിട്ടുള്ള ചുമതലകൾ വീഴ്ച്ചകൂടാതെ കൃത്യവും സമയബന്ധിതവുമായി നിർവ്വഹിക്കേണ്ടതാണ്.

3. മേൽ തെരഞ്ഞെടുപ്പ് നടപടികൾ സുഗമമായി നടത്തുന്നതിന് എംപ്ളോയ്മെന്റ് ഡയറക്ടർക്കും, വിദ്യാഭ്യാസ ഓഫീസർമാർക്കും, കൈറ്റിനും, മാനേജർമാർക്കും വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പൊതുവിദ്യാഭ്യാസ ഡയറക്ടർ പുറപ്പെടുവിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ വാസുകി കെ ഐ എ എസ്
സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖകത്ത് സഹിതം)

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം (ഹയർ സെക്കന്ററി വിഭാഗം)

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം. (വൊക്കേഷണൽ ഹയർ സെക്കൻ്ററി വിഭാഗം.

എല്ലാ എയ്ഡഡ് സ്കൂൾ മാനേജർമാർക്കും (പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന).

സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.

എംപ്ളോയ്മെന്റ് ഡയറക്ടർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

എല്ലാ റീജിണൽ ഡെപ്യൂട്ടി ഡയറക്ടർമാർക്കും അസിസ്റ്റന്റ് ഡയറക്ടർമാർക്കും വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർക്കും, ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും .

(പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്, തിരുവനന്തപുരം (വെബ് സൈറ്റിൽ

പ്രസിദ്ധീകരിക്കുന്നതിനായി)

സാമൂഹ്യനീതി വകുപ്പ് .

പൊതുവിദ്യാഭ്യാസ വകുപ്പിലെ എല്ലാ ഓഫീസർമാർക്കും സെക്ഷനുകൾക്കും.

ഡയറക്ടർ (വെബ് & ന്യൂ മീഡിയ)/പ്രസ്സ് റിലീസ് (വെബ് സൈറ്റിൽ

പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Gireesh Parambath
Date: 28-06-2025 16:20:54

സെക്ഷൻ ഓഫീസർ